വോള്യം – 8 ലക്കം – 151 ജൂൺ 2026 മലയാളം – ഇംഗ്ലീഷ്

www.filca.in
8089036090
filcakerala@gmail.com
News portal: www. keralapedia.com

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

DIGITAL FILM MAGAZINE PUBLISHED BY FILCA FILM SOCIETY TRIVANDRUM

FILCA FILM SOCIETY IN ASSOCIATION WITH JOINT COUNCIL, YUVAKALA SAHITHY, CHALACHITHRA ACADEMY, BEAM FILM SOCIETY, AFSO, KERALA PEDIA NEWS, KERALA VISUAL ENCYCLOPAEDIA AND OTHER ORGANISATIONS

## കവികൾ ലോക സിനിമയിൽ

## ചലച്ചിത്രമേള

28 Sunday June, 2026

Joint Council Hall, Near Press club,Trivandrum




**THE COLOUR OF POMEGRANATES**
Poet - Sayath Nova
Director - Sergei Parajnov




**THE POSTMAN**
Poet - Pablo Neruda
Director - Michael Radford




**ORPHEUS**
Poet - Orpheus
Director - Jean Cocteau




**BRIGHT STAR**
Poet - John Keats
Director - Jane Campion









FREE ENTRY TO ALL

4.00 PM

## കവിയരങ്ങ്

# ചലച്ചിത്രമേള

# കവികൾ ലോക സിനിമയിൽ

**ഫിൽക്ക ഫിലിം സൊസൈറ്റി, ജോയിന്റ് കൗൺസിൽ, യുവകലാസാഹിതി,**
**ബീം ഫിലിം സൊസൈറ്റി, കേരള ചലച്ചിത്ര അക്കാദമി,**
**കേരള വിഷ്വൽ എൻസൈക്ലോപീഡിയ, കേരള മീഡിയ ന്യൂസ് ചാനൽ**

**28 ജൂൺ 2026 | ഞായർ**

**ജോയിന്റ് കൗൺസിൽ ഹാൾ, പ്രസ് ക്ലബിന് സമീപം**

**പ്രവേശനം സൗജന്യം**

**10:00 AM**




Poet: Sayath Nova
**The Colour of Pomegranates**
Sergei Parajanov

**11:30 AM**




Poet : Pablo Neruda
**The Postman**
Michael Radford

**2:18 PM**




Poet: Orpheus in Greek Mythology
**Orpheus**
Jean Cocteau

**5:10 PM**




Poet: John Keats
**Bright Star**
Jane Campion

**4:00 PM**
**കവിയരങ്ങ്**
**പ്രവേശനം സൗജന്യം**

filcakerala@gmail.com 80 890 360 90 Film magazine @ www.filca.in

**FILM VISION**
**Digital Film Magazine**
Website : www.filca.in
E-mail: filcakerala@gmail.com

**JUNE 2026**

## INDEX

WHATS INSIDE


| | | |
|---|---|---|
| ചലച്ചിത്ര അക്കാദമി എന്ന സങ്കല്പം<br>*ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്, ഫിൽക്ക ഫിലിം സൊസൈറ്റി )* |  | 8 |
| കാവ്യാത്മകത, ഘടന, സ്വാഭാവികത - സിനിമയിൽ<br>*സാബു ശങ്കർ ( നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ, സംവിധായകൻ, & ചീഫ് ന്യൂസ് എഡിറ്റർ )* |  | 11 |
| വാർത്ത : ലണ്ടൻ മലയാളി കൗൺസിൽ നോവൽ അവാർഡ് | | 14 |
| മാതളത്തിന്റെ നിറം<br>*വിനോദ് കുമാർ . പി . (ഫിൽക്ക)* |  | 15 |
| സെർജി പരാജനോവ് : ദി കളർ ഓഫ് പോംഗ്രെനെറ്റ്സ്<br>*ഡോ. പ്രൊഫ. ബേബി പോൾ ( ഫിൽക്ക )* |  | 17 |
| ദി പോസ്റ്റ്മാൻ : ലോകസിനിമയിൽ നെരൂദ<br>*ജോൺ തോമസ് ( ഫിൽക്ക)* |  | 21 |
| മൈക്കിൾ റാഡ്ഫോർഡ് : ശ്രദ്ധേയ സംവിധായകൻ<br>*ഗിരിജാ സുരേന്ദ്രൻ ( ഫിൽക്ക )* |  | 27 |
| കവിത പോലെ അനുഭവമുള്ള സിനിമ : ഓർഫ്യൂസ്<br>*പി. എസ്. ജ്യോതിഷ് കുമാർ ( ഫിൽക്ക )* |  | 29 |

| | | |
|---|---|---|
| ഓർഫ്യൂസിന്റെ കിന്നര താരയൂഥം ( കവിത )<br>*രാജാംബിക (വൈസ് പ്രസിഡന്റ്, ഫിൽക്ക)* |  | 33 |
| വെള്ളിനക്ഷത്രത്തെ മോഹിച്ച രാപ്പാടി<br>*ഡോ. പി. അജികുമാർ (ഫിൽക്ക)* |  | 35 |
| ബ്രൈറ്റ് സ്റ്റാറിന്റെ സംവിധായിക: ജെയിൻ ക്യാംപിയൻ<br>*ലീലാമ്മ തോമസ് (ഫിൽക്ക)* |  | 40 |

## കവിയരങ്ങ്

| | | |
|---|---|---|
| പാബ്ലോ നെരൂദയ്ക്ക് ഒരു കത്ത്<br>*അജി . എസ്* |  | 44 |
| പ്രണയ ശിരസ്സ്<br>*എം. ടി. ഗിരിജാ കുമാരി* |  | 46 |
| പറന്നകന്ന രാപ്പാടി<br>*ജയചന്ദ്രൻ നായർ* |  | 48 |
| പ്രിയ നെരൂദ<br>*സുലേഖ കുറുപ്പ്* |  | 49 |
| പാബ്ലോ നെരൂദ<br>*ഡോ. അനിൽകുമാർ എസ്. ഡി* |  | 51 |
| ശാശ്വത ശാന്തത<br>*ഡോ. അരുൺ ബാബു* |  | 52 |

| | | |
|---|---|---|
| ഹുറൂത്യൻ സായാഖ്യൻ<br>***സജി അജീഷ്*** |  | 53 |
| മറക്കുമോ കവേ , ഭാവുകൻ<br>***കരുമം. എം.നീലകണ്ഠൻ*** |  | 56 |
| കാവ്യഹൃദയം<br>***വിശ്വംഭരൻ രാജസൂയം*** |  | 57 |
| നെരൂദയുടെ ഓർമ്മയിൽ ഒരു കവിത ജനിക്കുന്നു<br>***തിരുമല ശിവൻകുട്ടി*** |  | 58 |
| സമരമുഖത്തെ മഹാകവി<br>***എൻ. ആർ. സി. നായർ*** |  | 60 |
| ജലത്തിൽ എഴുതിയ സുവർണ്ണാക്ഷരങ്ങൾ<br>***ഹരിചന്ദ്രബാബു കാട്ടാക്കട*** |  | 61 |
| ഓർഫ്യൂസ്<br>***പ്രൊഫ. ടി . ഗിരിജ*** |  | 62 |
| മൗന നൊമ്പരം<br>***പുഷ്പ അനിൽ*** |  | 64 |
| സ്വപ്നയാത്ര<br>***അനീഷ് . ആർ . കെ*** |  | 66 |


Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age Infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services



KFC Kerala Financial Corporation
we finance your dream

# FUNDING YOUR DREAMS

Kerala Financial Corporation Offers a diverse range of loan schemes, including **CMEDP (Chief Minister's Entrepreneurship Development Programme), KFC Startup Kerala, Term loans, Working capital loans**, and specialized schemes for sectors like Tourism, Agriculture, and Manufacturing.

- **Attractive interest rates starting from 5% facilitated by government subsidies and KFC rebates.**
- **Offers collateral-free loans of up to 2 crores for eligible startups**

## Kerala Financial Corporation

### Partnering with Kerala for Progress

**APPLY NOW**

**Your business journey starts here**

0471 2737500
www.kfc.org

keralafinancialcorporation | krlfincorp | kerlafincorp | KeralaFinancialCorporation | www.kfc.org

# ചലച്ചിത്ര അക്കാദമി എന്ന സങ്കല്പം

ഡോ. ബി. രാധാകൃഷ്ണൻ
(പ്രസിഡന്റ്, ഫിൽക്ക ഫിലിം സൊസൈറ്റി)



**ചലച്ചിത്ര അക്കാദമിയുടെ പ്രഥമ അധ്യക്ഷൻ ഷാജി. എൻ. കരുൺ മികച്ച കാഴ്ചപ്പാടുള്ള , പ്രതിജ്ഞാബദ്ധനായ ചലച്ചിത്രകാരനായിരുന്നു. ചലച്ചിത്ര അക്കാദമി പ്രവർത്തനങ്ങളിലൂടെ, ഒരു ഫിലിം കൾച്ചറൽ പ്ലാറ്റ്ഫോം സൃഷ്ടിച്ചെടുക്കുക എന്നതായിരുന്നു അന്താരാഷ്ട്ര മേളകളിൽ പങ്കെടുത്ത് പരിചയമുള്ള ഷാജി. എൻ. കരുണിന്റെ ലക്ഷ്യം.**

**കേ**രളത്തിലെ കലാസാംസ്കാരിക പ്രസ്ഥാനങ്ങളുടെ പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ പ്രസിദ്ധീകരണ രംഗത്തും ശാസ്ത്രസാഹിത്യ രംഗത്തും കഥയിലും കവിതയിലും നാടകത്തിലും ഒക്കെ ആധുനികതയുടെ സമാന്തര പ്രസ്ഥാനങ്ങൾ ഉണ്ടായി . ഇങ്ങനെ ഭേദപ്പെട്ട ഒരു സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നാണ് 1970കളിൽ മലയാള നവതരംഗ സിനിമയും പിറവികൊള്ളുന്നത്.

ഇന്ത്യയിലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങളും ഫിലിം സൊസൈറ്റികളിലൂടെ ലോക ക്ലാസിക് സിനിമകളും വഴിയൊരുക്കിയ ആധുനിക സർഗാത്മക തലങ്ങൾ ചെറിയൊരു ശതമാനം സർഗ്ഗ ചിന്തകരിൽ പുനഃസൃഷ്ടിക്കപ്പെട്ടു. തുടർന്നങ്ങോട്ട് 20 വർഷക്കാലം ഇന്ത്യൻ സിനിമയിൽ ബംഗാളിനൊപ്പം കേരളത്തിനും നിലയുറപ്പിക്കാൻ സാധിച്ചു .

കേരളത്തിലെ ഫിലിം സൊസൈറ്റികൾ ചെറുതും വലുതുമായ അന്താരാഷ്ട്ര ചലച്ചിത്രമേളകൾ സംഘടിപ്പിച്ചു. കോളേജ് ക്യാമ്പസുകളിലും അധ്യാപകർ വഴി നവസിനിമയുടെ നേർത്ത അലകളിളകി . ശ്രദ്ധേയമായ ചലച്ചിത്ര ഗ്രന്ഥങ്ങളും മലയാളത്തിൽ പുറത്തിറങ്ങി. ചലച്ചിത്ര നിരൂപണവും പ്രബലമായി. ചലച്ചിത്രകലയുടെ സാക്ഷരതയ്ക്കും വളർച്ചയ്ക്കും വേണ്ടി ഒരു സാംസ്കാരിക ഭൂമിക തെളിഞ്ഞുവന്നു. അങ്ങനെ 1998 ൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി രൂപംകൊണ്ടു.

ചലച്ചിത്ര അക്കാദമിയുടെ പ്രഥമ അധ്യക്ഷൻ ഷാജി. എൻ. കരുൺ മികച്ച കാഴ്ചപ്പാടുള്ള ,

പ്രതിജ്ഞാബദ്ധനായ ചലച്ചിത്രകാരനായിരുന്നു. ചലച്ചിത്ര അക്കാദമി പ്രവർത്തനങ്ങളിലൂടെ, ഒരു ഫിലിം കൾച്ചറൽ പ്ലാറ്റ്ഫോം സൃഷ്ടിച്ചെടുക്കുക എന്നതായിരുന്നു അന്താരാഷ്ട്ര മേളകളിൽ പങ്കെടുത്ത് പരിചയമുള്ള ഷാജി. എൻ. കരുണിന്റെ ലക്ഷ്യം.



ഷാജി. എൻ. കരുൺ

ഐ.എഫ്. എഫ് . കെ. യെ ( ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള ) ചലച്ചിത്രകലാ സൃഷ്ടികളുടെ സംഗമ സ്ഥാനവും അവതരണവേദിയും മറ്റ് ഫിലിം ഫെസ്റ്റിവലുകളിലേക്കുള്ള പ്രവേശനകവാടവും ആക്കുക എന്ന ഉദാത്ത ദർശനം അദ്ദേഹത്തിനുണ്ടായിരുന്നു. മാത്രമല്ല , ആസ്വദനശേഷിയുള്ള പ്രേക്ഷകവൃന്ദത്തെ ഒരുക്കിയെടുക്കാനുള്ള അവസരമാക്കാനും ഉദ്ദേശിച്ചു.

ചലച്ചിത്ര സാക്ഷരതയിലൂടെ മലയാള സിനിമയുടെ ഉള്ളടക്കത്തിലും , രൂപത്തിലും ,

ഭാഷയിലും പുതിയ കണ്ടെത്തലുകൾ സംഭവിക്കണം എന്നും പ്രതീക്ഷിച്ചു.

ചലച്ചിത്രസങ്കൽപ്പങ്ങൾ സൗന്ദര്യശാസ്ത്രപരമായി പരിപോഷിപ്പിക്കപ്പെടുമ്പോൾ ഭാവിയിൽ ലോകസിനിമയ്ക്ക് ഒപ്പം എത്താൻ കേരള സിനിമയ്ക്ക് കഴിയുമെന്നും പ്രത്യാശിച്ചു.

സാക്ഷരത എന്നാൽ അക്ഷരം കൂട്ടി വായിക്കുക എന്നതല്ല ; മറിച്ച് അറിവും ഗ്രഹണക്ഷമതയും കൈവരിക്കുക എന്നതാണ് . അതുപോലെ ചലച്ചിത്ര സാക്ഷരത ശക്തിപ്പെടുത്താനും ചലച്ചിത്രമേള ഉപകരിക്കുമെന്നും വിശ്വസിച്ചു. എന്നാൽ പൊതുസമൂഹത്തിൽ അതിന്റെ പ്രതിഫലനമൊന്നും പ്രകടമല്ല.

മാത്രമല്ല , ഒരു പരിധിവരെ മലയാള വാണിജ്യ സിനിമയിൽ ഗുണപരമായ മാറ്റങ്ങൾക്ക് കാരണമാകുമെന്നും സ്വപ്നം കണ്ടു.

പക്ഷേ, ആദ്യഘട്ടത്തിൽ ചലച്ചിത്ര അക്കാദമിക്ക് ഉണ്ടായിരുന്ന എല്ലാ നല്ല ലക്ഷ്യങ്ങളെയും തകർത്തുകൊണ്ടാണ് പിൽക്കാല ഭരണസമിതികൾ പ്രവർത്തിച്ചത്. ആൾക്കൂട്ടത്തെ സൃഷ്ടിച്ചാൽ സാംസ്കാരിക മുന്നേറ്റമായി എന്ന് പല വികല നേതൃത്വങ്ങളും കരുതി.

പിൽക്കാലത്ത് മറ്റുള്ളവർ ചലച്ചിത്രമേളയെ ഒരു കാർണിവൽ പോലെ അവതരിപ്പിച്ചത് തീർത്തും വൈരുദ്ധ്യമായി. ഫിലിം സൊസൈറ്റികളും സ്വതന്ത്ര സംവിധായകരും കെട്ടിപ്പടുത്ത കേരളീയ ചലച്ചിത്ര സാംസ്കാരിക ധാരയെ പൂർണ്ണമായും അവഗണിച്ചു.

ചലച്ചിത്ര അക്കാദമിയ്ക്കും ഐ. എഫ്. എഫ്. കെ യ്ക്കും കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. കേരള സമൂഹത്തിൽ ഗുണപരമായ അനുഭവങ്ങൾ

യാഥാർഥ്യമാക്കാൻ വ്യക്തമായ ചലച്ചിത്ര ദർശനം ഉണ്ടാവേണ്ടതുണ്ട്. കർമ്മശൈലികളും മാർഗങ്ങളും സത്യസന്ധമായൊരു ഇടപെടൽ കൂടിയാവണം.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ കാര്യാലയം വഴുതക്കാട് ടാഗോർ തിയേറ്റർ പരിസരത്ത് തന്നെ സ്ഥാപിക്കുന്നതാണ് സൗകര്യം. ഫിലിം ഫെസ്റ്റിവൽ നടത്തുന്നതിൽ ആഡംബര ചെലവുകൾ കടന്നുകൂടിയിട്ടുണ്ട്. പ്രയോജനമില്ലാത്ത പലതും ഒഴിവാക്കിയാൽ ആ തുക മികച്ച സിനിമകളുടെ പ്രിന്റുകൾ ലഭ്യമാക്കുന്നതിനും മേള സുതാര്യമാക്കുന്നതിനും ഉപകരിക്കും. പല ചെലവുകളും സൂക്ഷ്മ പരിശോധന നടത്തിയാൽ പല രഹസ്യങ്ങളും പുറത്തുവരും.

ഓരോ മാസവും ലോക സിനിമാ മേളകൾ ചെറിയ രീതിയിൽ സംഘടിപ്പിക്കുന്ന ഫിലിം സൊസൈറ്റി പ്രവർത്തകർക്ക് എക്സിക്യൂട്ടീവ് കമ്മറ്റിയിൽ പ്രാമുഖ്യം നൽകണം. ഡെലിഗേറ്റ് പാസുകൾ വിതരണം നടത്തുന്നതിൽ മാനദണ്ഡം ഉണ്ടാവണം. അനാവശ്യമായ തിരക്ക് ഒഴിവാക്കണം. ഫിലിം ലേണിംഗ് എന്നത് സംഭവിക്കണം. അതിന് കാഴ്ചയുടെ കാവ്യശാസ്ത്രത്തിൽ പരിശീലന പശ്ചാത്തലം അനിവാര്യമാണ് എന്നത് പരിഗണിച്ചാൽ ഡെലിഗേറ്റ് പാസ് വിതരണക്കാര്യത്തിൽ ക്രമീകരണം ഉണ്ടാക്കാം.

സിനിമാ തിയേറ്ററിൽ ഹൗസ് ഫുൾ ആക്കുക , ബോക്സ് ഓഫീസ് ഹിറ്റ് ആക്കുക എന്നീ സങ്കൽപ്പങ്ങൾ, ലോക ക്ലാസിക് സിനിമാ ധാരയിലുള്ള , പ്രതിഭാധന്യമായ ചലച്ചിത്ര സൃഷ്ടികൾ പ്രദർശിപ്പിക്കുന്ന ഐ . എഫ്. എഫ്. കെ. യ്ക്ക് യോജ്യമല്ല.

ഇവിടെ ക്വാളിറ്റി ആണ് പ്രധാനം ; ക്വാണ്ടിറ്റി അല്ല. അങ്ങനെയെങ്കിൽ മാത്രമേ ലോക ചലച്ചിത്രമേളയുടെ ഭൂപടത്തിൽ കേരള ഫിലിം ഫെസ്റ്റിവലിനും സ്ഥാനമുണ്ടാകൂ.

അങ്ങനെ സ്ഥാനം നേടിയാൽ , വിദേശ നിരൂപകരും വിദേശ ഫിലിം ഫെസ്റ്റിവൽ ഒഫീഷ്യലുകളും ഇവിടെയെത്തും. വിവിധ ദേശങ്ങളിൽ നിന്ന് പുതിയ സിനിമകൾ ആദ്യ പ്രദർശനത്തിനായി ഇവിടെ വരും . ഫിലിം മാർക്കറ്റിംഗ് സജീവമാകും. ഫിലിം ആർക്കൈവിന്റെ പ്രവർത്തനവും സേവനവും ആവശ്യക്കാർക്ക് ഉപകരിക്കുന്ന രീതിയിൽ സുതാര്യമാക്കണം. ഇതൊക്കെ വിദൂരത്താവരുത്.

സീനിയർ സിറ്റിസൺസ് വിഭാഗത്തെയും ഫിലിം സൊസൈറ്റി പ്രവർത്തകരെയും ഫിലിം ആക്ടിവിസ്റ്റുകളെയും നിരൂപകരെയും മേളയിൽ സ്വീകരിക്കാൻ വോളണ്ടിയർമാർക്ക് പരിശീലനമില്ല. പ്രത്യേക ക്രമീകരണമില്ല.




ചലച്ചിത്രമേളയുടെ പ്രതിഫലനം കൂടി വിലയിരുത്തേണ്ടതുണ്ട്. വൈജ്ഞാനിക വിതരണം നടത്തുന്ന മാധ്യമ പ്രവർത്തകർ വളരെ കുറവാണ്. ലോക ക്ലാസിക് സിനിമാ പഠനം ഇല്ലാത്തവർ പ്രയോജനമില്ലാത്ത വാർത്താ ബഹളം മാത്രമാണ് സൃഷ്ടിക്കുന്നത്. അക്കൂട്ടത്തിൽ ചലച്ചിത്ര നിരൂപകർ പോലും പുറന്തള്ളപ്പെടുന്നു. പുതിയ നിരൂപകർക്കും ഇടമില്ലാത്ത ദുരവസ്ഥ. ഒരു ദിവസത്തെ ബഹളം മാത്രം ലക്ഷ്യമാക്കിയുള്ള പ്രചാരണ ശൈലിയ്ക്ക് മാറ്റം വരണം. നിലനിൽക്കുന്ന നിരൂപണമാണ് സമൂഹത്തിന് ഉപകരിക്കുക.

അജ്ഞതയുടെ താഴ്വരയിൽ, ആൾക്കൂട്ട മനഃശാസ്ത്രത്തിനൊപ്പം അലിഞ്ഞുചേർന്ന അബദ്ധവിചാരങ്ങൾ തുടച്ചുമാറ്റണം . കലയുടെ, സൗന്ദര്യശാസ്ത്രത്തിന്റെ , സാംസ്കാരിക നിലവാരത്തിന്റെ മാനദണ്ഡങ്ങളും ദിശാദീപ്തിയും ചലച്ചിത്ര അക്കാദമിയിൽ പുനഃസൃഷ്ടിക്കണം.

# കാവ്യാത്മകത, ഘടന, സ്വാഭാവികത - സിനിമയിൽ



സാബു ശങ്കർ
(നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ, സംവിധായകൻ, & ചീഫ് ന്യൂസ് എഡിറ്റർ)

**പരാജനോവിന്റെ ദി കളർ ഓഫ് പോംഗ്രനേറ്റ്സ് എന്ന സിനിമ സാധാരണ കഥപറച്ചിൽ രീതിയല്ല . പതിനെട്ടാം നൂറ്റാണ്ടിലെ അർമീനിയൻ കവി സയത്ത് നോവയെ കുറിച്ചുള്ളതാണെങ്കിലും ആവിഷ്കാരം ചിത്രഭാഷയിലൂടെയാണ് . നാടകമോ കഥാപ്രസംഗമോ അല്ല സിനിമ . സിനിമയുടെ ഭാഷയുടെ ബന്ധം ചിത്രകലയുമായിട്ടാണ് .**

സിനിമയുടെ സൗന്ദര്യശാസ്ത്ര വിഷയങ്ങളാണ് കാവ്യാത്മകത , ഘടന, സ്വാഭാവികത , ശൈലി , ധ്വനി , സാധർമ്മ്യം , രൂപകം തുടങ്ങിയവ .

ഒരു തിര പോലെയാണ് സിനിമയുടെ കാവ്യാത്മക അനുഭവം . ആദിമധ്യാന്തങ്ങൾ വേണമെന്നില്ല . ഓരോ നിമിഷവും കഥ പറയുന്നതിന് പകരം കഥ വെളുപ്പെടുത്തി അനുഭവിപ്പിച്ചുകൊണ്ടിരിക്കുന്നു , ഒരു വിചാര വേലിയേറ്റം പോലെ .

ദൃശ്യങ്ങൾ പ്രതീകങ്ങളോ ധ്വനിരൂപങ്ങളോ ആയിമാറാം . ഇതിവൃത്ത രഹസ്യം പൂർത്തിയാക്കുന്നുമില്ല . ദൃശ്യ ശൈലിയിലൂടെ അനുഭവം സൃഷ്ടിക്കുന്നു . പലപ്പോഴും കഥാഗതി രേഖീയമല്ല . തിരിഞ്ഞും മറിഞ്ഞും ഇടകലർന്നും ചാക്രികമായും ഘടന കാണപ്പെടുന്നു . സിനിമയുടെ കാവ്യാത്മക ഘടനയിലൂടെ സിനിമയിലെ കാലം ഒഴുകുകയാണ് , നമ്മെ കൂട്ടിക്കൊണ്ടുപോകുകയാണ് .

സിനിമയ്ക്കുള്ളിലെ ലോകത്തിന്റെ ഇക്കോ സിസ്റ്റവും എൻവിറോൺമെന്റും പറയാതെ പറയുന്നത് പല അടരുകളിലായിട്ടാണ് . അതൊരു അപൂർവ്വ അനുഭവ ഭംഗിയാണ് .

പ്രകൃതിയുടെ ദൃശ്യ സ്വഭാവം ഒരു കഥാപാത്രത്തെ പോലെയാവാം . നിശബ്ദമായും വ്യംഗ്യമായും സംസാരിക്കുന്ന ഒരാൾ . ആകൃതിയും നിറവും ചലനവും , എന്തിന് നിശ്ചലത പോലും പ്രേക്ഷക മനസ്സിൽ പ്രത്യേകമായൊരു പ്രതീതി സൃഷ്ടിക്കുന്നു . നിശ്ചിത നിമിഷങ്ങളിൽ വെളിപ്പെടുത്തുന്ന വികാരവും പ്രമേയത്തിന്റെ ഓർമ്മപ്പെടുത്തലും

തിര പോലെ വന്നുപോകുന്നു . കഥാപാത്രങ്ങളുടെയും വസ്തുക്കളുടെയും ജീവികളുടെയും സാന്നിധ്യം അർത്ഥ ബിംബങ്ങളായി മാറുന്നു . കവിതയിലെ വരികൾ പോലെ ഉയർന്നുതാഴുന്നു . ആശയപരമായി എവിടേക്കോ എത്തിപ്പെടാനുള്ള ധൃതിയും അനുഭവപ്പെടാം .





ഉദാഹരണങ്ങൾ പറയാൻ ലോകസിനിമയിൽ ഒട്ടേറെയുണ്ട് . റഷ്യൻ മൊണ്ടാഷിനു കാവ്യാത്മകതയുണ്ട് . ബുനുവലിന്റെ സർറിയലിസത്തിനും ഇറ്റാലിയൻ നിയോ റിയലിസത്തിനും കാവ്യാത്മകതയുണ്ട് . ന്യൂ വേവ് - അവാന്ത് ഗാർഡ് പ്രസ്ഥാനങ്ങൾക്കും കാവ്യാത്മകതയുണ്ട് . കുറസാവ , ബെർഗ്മാൻ , ഫെല്ലിനി , ഓഷിമ , ഗ്ലോബർ റോഷ, ഗൊദാർദ് , മിക്ളോസ് യാങ്ചോ , ഫാസ്ബിന്ദർ , ഹെർസോഗ് , തോമസ് ഏലിയ , ഹംബെർട്ടോ സോളാസ് , താർക്കോവ്സ്കി , ആഞ്ചലോ പൗലോസ് , ജോഡോറോവ്സ്കി - അങ്ങനെ എത്രയെത്ര വിശ്വ സംവിധായകരുടെ സിനിമകളിൽ കാവ്യാത്മകതയുടെ അത്ഭുതങ്ങൾ കാണാൻ കഴിയും ! ഇന്ത്യൻ സിനിമയിൽ സത്യജിത് റായി , മൃണാൾ സെൻ , ഘട്ടക്ക് തുടങ്ങി ഒട്ടേറെ പേരുടെ ചിത്രങ്ങളിലും മലയാള സിനിമയിൽ ജി . അരവിന്ദൻ , അടൂർ ഗോപാലകൃഷ്ണൻ തുടങ്ങിയവരുടെ സിനിമകളിലും കാവ്യാത്മക ഘടനകൾ അനുഭവവേദ്യമാണ് . ഇന്ത്യൻ സിനിമയിൽ ഏറ്റവും മികച്ച കാവ്യാത്മക ഘടനയ്ക്ക് ഉദാഹരണങ്ങളാണ് അനന്തരം , എലിപ്പത്തായം , മതിലുകൾ , കാഞ്ചന സീത , കുമ്മാട്ടി , തമ്പ് , എസ്തപ്പാൻ തുടങ്ങിയ സിനിമകൾ . ഒരു പ്രമേയം ജേർണലിസ്റ്റ് കാഴ്ചപ്പാടോടെ അവതരിപ്പിക്കുന്നതല്ല യഥാർത്ഥ സിനിമ . കലാപരമായി , സൗന്ദര്യശാസ്ത്രപരമായി പുതിയ കണ്ടെത്തലുകൾ ഉൾക്കൊള്ളുന്നവയാണ് മികച്ച സിനിമകൾ .

ഇറ്റാലിയൻ നിയോ റിയലിസത്തിന്റെ തുടക്കക്കാരനായ ലുചിനോ വിസ്കോണ്ടിയുടെ " ഭൂമി കുലുങ്ങുന്നു " എന്ന സിനിമയിൽ യഥാർത്ഥ മത്സ്യത്തൊഴിലാളികളിലൂടെ ജീവിത ദൃശ്യങ്ങളും കടൽത്തീര പ്രകൃതിയും അവയുടെ സ്വാഭാവികതയും അതിനൊപ്പം കഥാപാത്രങ്ങളെ കൂടി ഇടകലർത്തി സാധ്യമാക്കുന്ന ദൃശ്യശൈലി കാണാനാവും . അവിടെ ഭിത്തിയിൽ കാണുന്ന വിള്ളൽ , ഒരു കുടുംബത്തിന്റെ വിള്ളൽ മാത്രമല്ല , സമൂഹത്തിന്റെയും രാഷ്ട്രീയ സാമ്പത്തിക അവസ്ഥയുടെയും വിള്ളൽ കൂടിയാണ് . ഒരു ദൃശ്യത്തിൽ അർത്ഥങ്ങൾ മാറിമാറി വരുന്നു . പത്തുവരി കവിതയിലൂടെ അനുഭവിപ്പിക്കുന്നത്, പത്ത് നിമിഷങ്ങൾ കൊണ്ട് സാധിക്കുന്നു . മൊത്തത്തിൽ കാവ്യാത്മകത അനുഭവപ്പെടുന്നു .





പരാജനോവിന്റെ ദി കളർ ഓഫ് പോംഗ്രെനേറ്റ്സ് എന്ന സിനിമ സാധാരണ കഥപറച്ചിൽ രീതിയല്ല . പതിനെട്ടാം നൂറ്റാണ്ടിലെ അർമീനിയൻ കവി സയ്യത്ത് നോവയെ കുറിച്ചുള്ളതാണെങ്കിലും ആവിഷ്കാരം ചിത്രഭാഷയിലൂടെയാണ് . നാടകമോ കഥാപ്രസംഗമോ അല്ല സിനിമ . സിനിമയുടെ ഭാഷയുടെ ബന്ധം ചിത്രകലയുമായിട്ടാണ് . ചിത്രകലയിൽ പ്രബന്ധവും കവിതയും ഒക്കെ അടക്കം ചെയ്യപ്പെട്ടിട്ടുണ്ടാവാം . അതിൽ ചിന്തയുടെ കാതുകൾക്ക് കേൾക്കാവുന്ന സംഗീതവും ഉണ്ടാവാം . വർണ്ണങ്ങളുടെ താളലയം കാണാം . ഉൾത്തളങ്ങളിലേക്ക് പോകുന്തോറും കണ്ണിന്റെ കാവ്യശാസ്ത്രം അനുഭവിക്കാം . ദാർശനികതയും ബോധ്യപ്പെടും .




ഓർമ്മകളുടെ പുനർജന്മങ്ങൾ . കലയുടെ ബോധമണ്ഡലത്തിലെ രൂപാന്തരങ്ങൾ . ദ്വിമാന - ത്രിമാന വെളിപ്പെടുത്തലുകൾ . ചിത്രകലയിൽ നിന്ന് കൈനീട്ടിയാൽ ചലച്ചിത്രകലയിലെത്താം . ചലച്ചിത്രകലയിലും കാവ്യാത്മകത അനുഭവിക്കാം . ആവിഷ്കാരത്തിന്റെ സൗന്ദര്യ സങ്കേതങ്ങൾ അനന്തമാണ് .

സ്വാഭാവികത എന്ന ഘടകത്തിന് ഒരു പരിശുദ്ധിയുണ്ട് . കഥ വിടർന്നുവരുന്നതിൽ , പരിപാലിക്കുന്നതിൽ സ്വാഭാവികതയുണ്ട് . കഥനം ഇല്ലാത്ത സിനിമയിലും സ്വാഭാവികത ഒരു വിസ്മയമാണ് . സർഗാത്മകത എപ്പോഴും പരീക്ഷണമാണ് . പരീക്ഷണ സിനിമകളിൽ സ്വാഭാവികമായി സംഭവിക്കുന്ന ദൃശ്യങ്ങളുടെ പ്രത്യേകത കണക്കിലെടുത്ത് , കഥാപാത്രങ്ങളെ അതിൽ ലയിപ്പിച്ചു ചിത്രീകരിക്കുന്ന സിനിമ അപൂർവ്വങ്ങളാണ് .



കാവ്യാത്മകത കവിതയിൽ മാത്രമല്ല , ചിത്രകലയിലും ശില്പകലയിലും സിനിമയിലും സൗന്ദര്യശാസ്ത്രപരമായി ലയിച്ചുകിടക്കുന്ന അനുഭൂതിയാണ് . സിനിമയുടെ വ്യാകരണം അനുദിനം മാറിക്കൊണ്ടിരിക്കുന്നു . അറിവും ഗ്രഹണക്ഷമതയും കലയുടെ ആത്മാവാണ് . ഭാരതീയ കാവ്യമീമാംസയിൽ അറുപതിനാലാമത്തെ കല പഠിക്കാതെ ഒരു കലയും പഠിക്കാൻ സാധിക്കില്ലെന്ന് ഗുരുക്കന്മാർ പറയും . അന്വേഷകൻ അത് സ്വയം കണ്ടെത്തിക്കൊള്ളണം . കാരണം അറുപതിനാലാമത്തെ കലയാണ് ഗ്രഹണകല . ഗ്രഹണകല പഠിച്ചാൽ ആസ്വാദനം മാത്രമല്ല , കാവ്യ വ്യക്തിത്വവും ശോഭിക്കും . കലയുടെ സൗന്ദര്യശാസ്ത്ര ശാഖ എവിടെയൊക്കെ വികസിച്ചിട്ടുണ്ടോ അവിടെയൊക്കെ ഉന്നത കലാസൃഷ്ടികളും പിറക്കും . കാവ്യാത്മകതയും ഘടനയും സ്വാഭാവികതയും ഒക്കെ താനേ സൃഷ്ടിയിൽ സംഭവിക്കും .



## ലണ്ടൻ മലയാളി കൗൺസിൽ നോവൽ അവാർഡ് ഷെവലിയർ ഹൗസിലെ കൊറോണ രാത്രി എന്ന നോവലിന്

തിരുവനന്തപുരം : നേർകാഴ്ച വാരിക പരമ്പരയായി പ്രസിദ്ധീകരിച്ചതും ലണ്ടൻ മലയാളി കൗൺസിൽ നോവൽ അവാർഡ് നേടിയതുമായ, ഷെവലിയർ ഹൗസിലെ കൊറോണ രാത്രി എന്ന നോവലിന്റെ രചയിതാവ് സാബു ശങ്കറിന് ബഹു. മന്ത്രി ശ്രീ. സി .പി. ജോൺ പുരസ്കാര ഫലകം സമ്മാനിക്കുന്നു. ഫിൽക്ക ഫിലിം സൊസൈറ്റി വൈസ് പ്രസിഡന്റ് രാജാംബിക, ലണ്ടൻ മലയാളി കൗൺസിൽ പ്രതിനിധി കരൂർ സോമൻ, ഫിൽക്ക ഫിലിം സൊസൈറ്റി പ്രസിഡന്റ് ഡോ. ബി. രാധാകൃഷ്ണൻ, പന്ന്യൻ രവീന്ദ്രൻ എക്സ് എം പി, കേരള ഡെമോക്രാറ്റിക് പാർട്ടിയുടെ നാഷണൽ പ്രസിഡന്റ് കെ. ജെ. ജോസ്മോൻ എന്നിവർ വേദിയിൽ. ' ഓർമ്മകളുടെ ഓളങ്ങൾ ലോകസിനിമയിൽ ' എന്ന പ്രമേയം ആസ്പദമാക്കിയുള്ള ഫിൽക്ക ഫിലിം സൊസൈറ്റിയുടെ മെയ്മാസ ചലച്ചിത്രമേളയിൽ വൈൽഡ് സ്ട്രോബറീസ് (ഇങ്മർ ബെർഗ്മാൻ - സ്വീഡൻ) , എയ്റ്റ് ആൻഡ് ഹാഫ് (ഫെഡറികോ ഫെല്ലിനി - ഇറ്റലി) , ലാസ്റ്റ് ഇയർ അറ്റ് മരിയാനാബാദ് (അലൻ റെനേ - ഫ്രാൻസ് ) , മിറർ (ആന്ദ്രേ താർക്കോവ്സ്കി - റഷ്യ) എന്നീ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.



# മാതളത്തിന്റെ നിറം



വിനോദ് കുമാർ . പി
(ഫിൽക്ക)

**അടിച്ചമർത്തലിനും പീഡനത്തിനും മുന്നിൽ അർമേനിയൻ സംസ്കാരത്തിന്റെ അതിജീവനത്തെ നോവയുടെ ജീവിതത്തിലൂടെ ചലനാത്മക – രൂപവർണ്ണങ്ങളിലൂടെ നാടകീയമായി തന്നെ സൃഷ്ടിക്കുവാൻ ദി കളർ ഓഫ് പോംഗ്രാനേറ്റ്സിലൂടെ പരജനോവിന് കഴിഞ്ഞു എന്ന് നിസ്സംശയം പറയാം.**

**പ**തിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അർമേനിയൻ കവി സയാത് നോവയുടെ ജീവചരിത്രത്തെ ആസ്പദമാക്കി പ്രശസ്ത റഷ്യൻ ചലച്ചിത്രകാരൻ സെർജി പരജനോവ് സംവിധാനം ചെയ്ത് 1965 ൽ റിലീസായ ചിത്രമാണ് ദി കളർ ഓഫ് പോംഗ്രാനേറ്റ്സ്.

കവിയുടെ ജീവിതം ദൃശ്യപരമായും കാവ്യാത്മകമായും വെളിപ്പെടുത്തുവാൻ വേണ്ടി ചിത്രത്തെ ബാല്യം, യുവത്വം, രാജകുമാരന്റെ കൊട്ടാരം, ആശ്രമം, സ്വപ്നം, വാർദ്ധക്യം, മരണം എന്നീ അധ്യായങ്ങളിൽ ക്രമീകരിച്ചിരിക്കുന്നു. അങ്ങനെ ഓരോ അധ്യായവും ഒരു ടാബ്ലോ രൂപത്തിൽ ചിത്രകലയുടെ സങ്കേതത്തിൽ കല്പനകൾ ഉപയോഗിച്ച് സൂചിപ്പിക്കുന്നു . അതോടൊപ്പം

നോവയുടെ കവിതകളിലൂടെ രൂപപ്പെടുത്തിയ ശബ്ദസംഗീതങ്ങൾ, ഗാനങ്ങൾ എന്നിവ മനോഹരമായി സന്നിവേശിപ്പിച്ചിരിക്കുന്നു. പക്ഷേ സംഭാഷണങ്ങൾ അപൂർവമാണ്.

1712 - ൽ ജോർജിയിലാണ് ഗാനങ്ങളുടെ രാജാവ് എന്നറിയപ്പെടുന്ന സയാത് നോവ ജനിച്ചത്. തന്റെ ജീവിതകാലത്ത് കലകൾക്ക് ഗണ്യമായ സംഭാവനകൾ നൽകിയ സയാത് നോവയുടെ ഇരുന്നൂറിലധികം ഗാനങ്ങൾ ഇപ്പോഴും ആലപിക്കപ്പെടുകയും അർമേനിയൻ സംഗീതത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാന ഭാഗങ്ങളായി കണക്കാക്കപ്പെടുകയും ചെയ്യുന്നു.

സയാത് നോവ ഒരു കവി മാത്രമല്ല ഗായകനും വാദ്യോപകരണ വിദഗ്ധനുമായിരുന്നു. കമാഞ്ചെ, ചോങ്കുരി, തമ്പൂർ തുടങ്ങിയ തന്ത്രിവാദ്യങ്ങളാണ് അദ്ദേഹം പ്രധാനമായും വായിച്ചിരുന്നത്. ജോർജിയയിലെ രാജാവ് എറെക്കിൾ രണ്ടാമന്റെ കൊട്ടാരത്തിൽ സംഗീത പരിപാടികൾ അവതരിപ്പിക്കുകയും തുടർന്ന് പേർഷ്യൻ സാമ്രാജ്യത്തിനെതിരെ ജോർജിയ, അർമേനിയ, ഷിർവാൻ എന്നിവയ്ക്കിടയിൽ ഒരു സഖ്യം കെട്ടിപ്പടുക്കുവാൻ കഴിയുന്ന ഒരു നയതന്ത്രജ്ഞനായി

സേവനമനുഷ്ഠിക്കുവാൻ അവസരം ലഭിക്കുകയും ചെയ്തു. എന്നാൽ രാജാവിന്റെ സഹോദരിയായ അന്ന രാജകുമാരിയുമായി പ്രണയത്തിലായതിനെത്തുടർന്ന് അദ്ദേഹത്തിന് ആ സ്ഥാനം നഷ്ടപ്പെട്ടു.

ജോർജിയൻ, പേർഷ്യൻ, അസർബൈജാനി, അർമേനിയൻ ഭാഷകളിലെ വൈദഗ്ധ്യം അദ്ദേഹത്തിന് വൈവിധ്യമാർന്ന പ്രേക്ഷകരെ നൽകി. അദ്ദേഹത്തിന്റെ ഗാനങ്ങൾ കൂടുതലും മതേതരവും റൊമാന്റിക് എക്സ്പ്രഷനിസം നിറഞ്ഞതുമാണ്.



1759-ൽ സയാത് നോവ അർമേനിയൻ അപ്പസ്തോലിക് സഭയിൽ നിയമിതനായി, ടിബിലിസിയിലും ഹഗ്പത് ആശ്രമത്തിലും പുരോഹിതനായി സേവനമനുഷ്ഠിച്ചു. ആഴത്തിലുള്ള മതപരമായ ഒരു സമൂഹത്തിൽ അദ്ദേഹം തന്റെ ജീവിതകാലം മുഴുവൻ ജീവിച്ചു.

1795 -ൽ ക്രിസ്ത്യൻ വിശ്വാസം ഉപേക്ഷിച്ച് ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യാൻ വിസമ്മതിച്ചതിന് മുഹമ്മദ് ഖാൻ ഖജാറിന്റെ സൈന്യം അദ്ദേഹത്തെ ശിരച്ഛേദം ചെയ്തു. ടിബിലിസിയിലെ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ അദ്ദേഹത്തെ അടക്കം ചെയ്തു.

അടിച്ചമർത്തലിനും പീഡനത്തിനും മുന്നിൽ അർമേനിയൻ സംസ്കാരത്തിന്റെ അതിജീവനത്തെ നോവയുടെ ജീവിതത്തിലൂടെ ചലനാത്മക – രൂപവർണ്ണങ്ങളിലൂടെ നാടകീയമായി തന്നെ സൃഷ്ടിക്കുവാൻ ദി കളർ ഓഫ് പോംഗ്രാനേറ്റ്സിലൂടെ പരജനോവിന് കഴിഞ്ഞു എന്ന് നിസ്സംശയം പറയാം.

മുറിച്ച മാതളത്തിൽ നിന്ന് രക്ത-ചുവപ്പ് നിറത്തിലുള്ള നീര് തുണികളിലേക്ക് ഒഴിച്ച് പുരാതന അർമേനിയ രാജ്യത്തിന്റെ അതിർത്തികളുടെ ആകൃതിയിൽ ഒരു കറ ഉണ്ടാക്കുന്നു. ചായം പൂശുന്നവർ ദേശീയ പതാകയുടെ നിറങ്ങളിലുള്ള വാറ്റുകളിൽ നിന്ന് കമ്പിളി ഹാങ്കുകൾ ഉയർത്തുന്നു. ഇങ്ങനെ ഓരോ ദൃശ്യവും  ചിന്തനീയമാണ്.

ദി കളർ ഓഫ് പോംഗ്രാനേറ്റ്സ് വെറും ഒരു സാധാരണ ജീവചരിത്ര സിനിമയല്ല. ഇത് ഒരു ചലിക്കുന്ന കവിതയാണ് ; അല്ലെങ്കിൽ ഒരു കൂട്ടം ജീവസുറ്റ ചിത്രങ്ങളാണ് ; അതുമല്ലെങ്കിൽ ഒരു സംഗീതമാണ്.

ലോകസിനിമയുടെ ചലച്ചിത്രഭാഷയിൽ അപൂർവ പരീക്ഷണമായി ഈ സിനിമയെ നിരൂപകർ വിലയിരുത്തുന്നു. ഒന്നൊന്നായി നീങ്ങിപ്പോകുന്ന ബിംബങ്ങൾ രൂപപരമായും വർണ്ണപരമായും ഒരു ജനതയുടെ വിശ്വാസത്തെയും പാരമ്പര്യത്തെയും ഓർമ്മിപ്പിക്കുന്നു.

സയാത് നോവ എന്ന കവിയുടെ ജീവിതകഥ കൂടി വ്യാഖ്യാനത്തിൽ ചേർത്തുവെച്ചിരിക്കുന്നത് ശ്രദ്ധിച്ചാൽ സിനിമയുടെ ആശയം മനസിലാവും. അബ്സ്ട്രാക്ട് എക്സ്പ്രഷനലിസം എന്ന് തോന്നിപ്പിക്കുന്ന ദൃശ്യങ്ങൾ കാണുമ്പോൾ നാടകത്തിൽ നിന്നും വ്യത്യസ്തമായി ചിത്രകലയുടെ സാധ്യതയും അനുഭവവും കൊണ്ട് ചലച്ചിത്രകലയിൽ ഏറ്റവും സ്വതന്ത്രമായ നിലപാട് സംവിധായകൻ  സ്ഥാപിച്ചെടുക്കുന്നു.

പ്രമേയം , ഘടന , ദൃശ്യശൈലി എന്നിവയെ കുറിച്ചുള്ള മുൻധാരണകൾ മാറ്റിവെച്ചുവേണം ഒരാൾ ഈ സിനിമയെ സമീപിക്കാൻ. എങ്കിൽ മാത്രമേ ആസ്വാദനം പുതിയൊരു അനുഭവമാകൂ.




**1973-ൽ രാഷ്ട്രീയ പ്രേരിതമെന്ന് കരുതപ്പെടുന്ന കുറ്റങ്ങൾ ചുമത്തി പരാദ്ജനോവിനെ അറസ്റ്റ് ചെയ്ത് അഞ്ച് വർഷത്തെ കഠിനാധ്വാന തടവിന് ശിക്ഷിച്ചു. ഈ സമയത്ത് ആന്ദ്രേ താർക്കോവ്സ്കി, ഫെഡറിക്കോ ഫെല്ലിനി, ജീൻ-ലൂക് ഗോദാർദ് , ഫ്രാൻസിസ് ഫോർഡ് കപ്പോള, മാർട്ടിൻ സ്കോർസെസി തുടങ്ങിയ ലോകപ്രശസ്ത കലാകാരന്മാർ അദ്ദേഹത്തിന്റെ മോചനത്തിനായി ശബ്ദമുയർത്തി.**

**ലോ**ക ചലച്ചിത്ര ചരിത്രത്തിൽ കവിതയും ചിത്രകലയും സംഗീതവും ജനകീയ പാരമ്പര്യവും ആത്മീയതയും ഒരൊറ്റ ദൃശ്യഭാഷയിൽ സമന്വയിപ്പിച്ച സംവിധായകരിൽ ഏറ്റവും ശ്രദ്ധേയനായ വ്യക്തിയാണ് സെർജി പരാദ്ജനോവ്. ( 1924 - 1990).

രേഖീയമല്ലാത്ത ആഖ്യാനരീതി, ശക്തമായ പ്രതീകാത്മകത, ചിത്രകാരന്റെ കാഴ്ചപ്പാടോടെ ഒരുക്കിയ ദൃശ്യസംവിധാനം എന്നിവയാണ് അദ്ദേഹത്തിന്റെ സിനിമകളുടെ മുഖമുദ്ര. അതുകൊണ്ടുതന്നെ ലോകസിനിമയിൽ അദ്ദേഹം "സിനിമയുടെ ദൃശ്യകവി", "ചലച്ചിത്രലോകത്തിന്റെമാന്ത്രികൻ", "ദൃശ്യകാവ്യത്തിന്റെ ആചാര്യൻ" എന്നീ വിശേഷണങ്ങളാൽ ആദരിക്കപ്പെടുന്നു.

സോവിയറ്റ് രാഷ്ട്രീയം, കലാസ്വാതന്ത്ര്യം സെർജി പരാദ്ജനോവിന്റെ ജീവിതവും കലയും മനസ്സിലാക്കാൻ അന്നത്തെ സോവിയറ്റ് യൂണിയന്റെ രാഷ്ട്രീയ പശ്ചാത്തലം അറിയേണ്ടതുണ്ട്. സോവിയറ്റ് ഭരണകൂടം കലയും സാഹിത്യവും സിനിമയും ഭരണകൂടത്തിന്റെ ഔദ്യോഗിക ആശയധാരയായ സോഷ്യലിസ്റ്റ് റിയലിസം പിന്തുടരണമെന്ന നിലപാടിലായിരുന്നു. സിനിമകൾ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുകയും സമൂഹത്തെ ഭരണകൂടത്തിന്റെ കാഴ്ചപ്പാടിൽ അവതരിപ്പിക്കുകയും വേണമെന്നായിരുന്നു അവരുടെ ആവശ്യം.

എന്നാൽ പരാദ്ജനോവിന്റെ സിനിമകൾ ഇതിൽ നിന്ന് പൂർണ്ണമായും വ്യത്യസ്തമായിരുന്നു. കഥയെക്കാൾ ദൃശ്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന, കവിതാത്മകവും പ്രതീകാത്മകവുമായ ഒരു പുതിയ ചലച്ചിത്രഭാഷയാണ് അദ്ദേഹം വികസിപ്പിച്ചത്. കൂടാതെ, യുക്രേനിയൻ, അർമേനിയൻ, ജോർജിയൻ ജനതകളുടെ സംസ്കാരങ്ങളോടും ദേശീയ സ്വത്വത്തോടും അദ്ദേഹം പ്രകടിപ്പിച്ച ആദരവ് സോവിയറ്റ് അധികാരികളുടെ സംശയത്തിന് കാരണമായി.

1960-കളിൽ യുക്രേനിയൻ ബുദ്ധിജീവികൾക്കെതിരെ നടന്ന അടിച്ചമർത്തലുകൾക്കെതിരെ അദ്ദേഹം പ്രതിഷേധിക്കുകയും, യുക്രേനിയൻ ജനകീയസംസ്കാരത്തെ ആഘോഷിക്കുന്ന സിനിമകൾ നിർമ്മിക്കുകയും ചെയ്തു. അതിന്റെ ഫലമായി കെ.ജി.ബി.യുടെ നിരന്തര നിരീക്ഷണത്തിനും രാഷ്ട്രീയ പീഡനങ്ങൾക്കും അദ്ദേഹം വിധേയനായി. പിന്നീട് സ്വവർഗരതി, അശ്ലീല പ്രചാരണം തുടങ്ങിയ കുറ്റങ്ങൾ ചുമത്തി അറസ്റ്റ് ചെയ്യപ്പെട്ടെങ്കിലും, ലോകമെമ്പാടുമുള്ള കലാകാരന്മാർ അതിനെ രാഷ്ട്രീയ പ്രതികാരമായാണ് വിലയിരുത്തിയത്.

1980-കളിൽ മിഖായിൽ ഗോർബചോവിന്റെ ഗ്ലാസ്നോസ്റ്റ് , പെരെസ്ട്രോയ്ക എന്നീ നയങ്ങൾ സോവിയറ്റ് സമൂഹത്തിൽ കൂടുതൽ സ്വാതന്ത്ര്യത്തിന് വഴിയൊരുക്കി. ഈ രാഷ്ട്രീയ ശൈഥില്യമാണ് പരാദ്ജനോവിന് വീണ്ടും സിനിമയിലേക്ക് മടങ്ങിവരാനുള്ള അവസരം നൽകിയത്. സോവിയറ്റ് യൂണിയൻ ഔദ്യോഗികമായി പിരിഞ്ഞത് 1991-ലാണെങ്കിലും, അതിന് ഒരു വർഷം മുമ്പ് പരാദ്ജനോവ് അന്തരിച്ചു. എന്നിരുന്നാലും, അദ്ദേഹത്തിന്റെ ജീവിതം സോവിയറ്റ് വ്യവസ്ഥയുടെ ആഭ്യന്തര വൈരുദ്ധ്യങ്ങളുടെയും സാംസ്കാരിക നിയന്ത്രണങ്ങളുടെയും ജീവനുള്ള രേഖയായി നിലകൊള്ളുന്നു.

## ബാല്യവും വിദ്യാഭ്യാസവും

പരാദ്ജനോവ് 1924 ജനുവരി 9-ന് അന്നത്തെ സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്ന ജോർജിയയിലെ ട്ബിലിസിൽ അർമേനിയൻ മാതാപിതാക്കളായ ഇസിഫ് പരാദ് ജനോവിനും സിറാനുഷ് ബെജാനോവയ്ക്കും ജനിച്ചു. പുരാവസ്തുക്കളുടെയും ആഭരണങ്ങളുടെയും വ്യാപാരിയായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. സോവിയറ്റ് ഭരണകൂടത്തിന്റെ കടുത്ത സാമ്പത്തിക നിയന്ത്രണങ്ങൾ കാരണം കുടുംബം നിരന്തരമായ അധികാരപീഡനങ്ങൾ നേരിട്ടു. ബാല്യത്തിൽ തന്നെ ഇത്തരം അനുഭവങ്ങൾ പരാദ്ജനോവിൽ ഒരു വിമതസ്വഭാവവും സ്വതന്ത്രമായ കലാബോധവും വളർത്തി.



ആദ്യം ട്ബിലിസി സ്റ്റേറ്റ് കോൺസർവേറ്ററിയിൽ സംഗീതപഠനം നടത്തിയ അദ്ദേഹം പിന്നീട്

മോസ്കോ കോൺസർവേറ്ററിയിലേക്ക് മാറി. എന്നാൽ സംഗീതത്തേക്കാൾ സിനിമയോടായിരുന്നു അദ്ദേഹത്തിന് കൂടുതൽ താൽപര്യം. അതിനാൽ മോസ്കോയിലെ പ്രശസ്തമായ ഓൾ-യൂണിയൻ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിനിമാറ്റോഗ്രഫി (VGIK) യിൽ ചേർന്ന് പ്രശസ്ത സംവിധായകരായ ഇഗോർ സവ്ചെങ്കോയുടെയും അലക്സാണ്ടർ ദോവ്ഷെങ്കോയുടെയും കീഴിൽ ചലച്ചിത്രവിദ്യ അഭ്യസിച്ചു.

### സിനിമയിലെ ഉയർച്ച

1954-ൽ സിനിമാരംഗത്തേക്ക് കടന്നുവന്ന പരാദ്ജനോവ് ആദ്യകാലത്ത് സോഷ്യലിസ്റ്റ് റിയലിസത്തിന്റെ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിച്ചെങ്കിലും, പിന്നീട് സ്വന്തം വ്യത്യസ്തമായ ദൃശ്യഭാഷ വികസിപ്പിച്ചു. റഷ്യൻ, യുക്രേനിയൻ ഭാഷകളിൽ നിരവധി ഡോക്യുമെന്ററികളും കഥാചിത്രങ്ങളും അദ്ദേഹം സംവിധാനം ചെയ്തു.

1962-ൽ പുറത്തിറങ്ങിയ ആന്ദ്രേ താർക്കോവ്സ്കിയുടെ Ivan's Childhood അദ്ദേഹത്തിന്റെ കലാജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തി. പിന്നീട് താർക്കോവ്സ്കിയും പരാദ്ജനോവും അടുത്ത സുഹൃത്തുക്കളായി. ഇറ്റാലിയൻ സംവിധായകനായ  പസോളിനിയുടെയും കലാശൈലി അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചു.

1965-ൽ പുറത്തിറങ്ങിയ Shadows of Forgotten Ancestors ആയിരുന്നു അദ്ദേഹത്തിന്റെ കലാജീവിതത്തിലെ നിർണായക വഴിത്തിരിവ്. യുക്രേനിയൻ ജനകീയസംസ്കാരവും ദൃശ്യകാവ്യവും സമന്വയിപ്പിച്ച ഈ ചിത്രം ലോകമെമ്പാടും പ്രശംസിക്കപ്പെട്ടു. തുടർന്ന്




1969-ൽ അർമേനിയൻ കവിയായ സയാത്ത്-നോവയുടെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച The Colour of Pomegranates ലോകസിനിമയിലെ ഏറ്റവും മഹത്തായ കലാസൃഷ്ടികളിലൊന്നായി മാറി.

### തടവും കലാപരമായ അതിജീവനവും

1973-ൽ രാഷ്ട്രീയ പ്രേരിതമെന്ന് കരുതപ്പെടുന്ന കുറ്റങ്ങൾ ചുമത്തി പരാദ്ജനോവിനെ അറസ്റ്റ് ചെയ്ത് അഞ്ച് വർഷത്തെ കഠിനാധ്വാന തടവിന് ശിക്ഷിച്ചു. ഈ സമയത്ത് ആന്ദ്രേ താർക്കോവ്സ്കി, ഫെഡറിക്കോ ഫെല്ലിനി, ജീൻ-ലൂക്  ഗോദാർദ് , ഫ്രാൻസിസ് ഫോർഡ് കപ്പോള, മാർട്ടിൻ സ്കോർസെസി തുടങ്ങിയ ലോകപ്രശസ്ത കലാകാരന്മാർ അദ്ദേഹത്തിന്റെ മോചനത്തിനായി ശബ്ദമുയർത്തി. ഒടുവിൽ 1977-ൽ അദ്ദേഹം മോചിതനായി.

തടവറയിൽ കഴിയുമ്പോഴും അദ്ദേഹം നൂറുകണക്കിന് രേഖാചിത്രങ്ങളും കൊളാഷുകളും ചെറു ശിൽപ്പങ്ങളും നിർമ്മിച്ചു. ഇന്ന് അവയിൽ പലതും അർമേനിയയിലെ യെരേവാനിലുള്ള സെർജി പരാദ്ജനോവ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. തടവറയ്ക്ക് പോലും അദ്ദേഹത്തിന്റെ കലാസ്വാതന്ത്ര്യത്തെ തകർക്കാൻ കഴിഞ്ഞില്ല എന്നതിന്റെ തെളിവുകളാണ് ഈ സൃഷ്ടികൾ.

## സിനിമയിലേക്കുള്ള തിരിച്ചുവരവും അന്തിമകാലവും

1982-ൽ വീണ്ടും അറസ്റ്റിലായെങ്കിലും ഒരു വർഷത്തിനുള്ളിൽ അദ്ദേഹം മോചിതനായി. 1985-ൽ The Legend of Suram Fortress എന്ന ചിത്രത്തിലൂടെ പതിനഞ്ച് വർഷത്തെ ഇടവേളയ്ക്കുശേഷം അദ്ദേഹം സിനിമയിലേക്ക് തിരിച്ചുവന്നു. തുടർന്ന് 1988-ൽ Ashik Kerib സംവിധാനം ചെയ്തു. ഈ ചിത്രം തന്റെ സുഹൃത്തായ താർക്കോവ്സ്കിക്കും ലോകത്തിലെ എല്ലാ കുട്ടികൾക്കും സമർപ്പിച്ചിരിക്കുകയാണ്.

1990 ജൂലൈ 20-ന് അർമേനിയയുടെ തലസ്ഥാനമായ യെരേവാനിൽ ശ്വാസകോശാർബുദം ബാധിച്ച് അദ്ദേഹം അന്തരിച്ചു. മരണത്തിന് മുമ്പ് ആരംഭിച്ച The Confession പൂർത്തിയാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.
പരാദ്ജനോവിന്റെ മരണവാർത്ത സിനിമാ സ്നേഹികളെയാകെ ആഴത്തിൽ ദുഃഖത്തിലാഴ്ത്തി. ഫെഡറിക്കോ ഫെല്ലിനി, ബെർണാർഡോ ബെർത്തൊലൂച്ചി, മൈക്കലാഞ്ചലോ അന്റോണിയോണി തുടങ്ങി നിരവധി മഹാന്മാർ അദ്ദേഹത്തെ അനുസ്മരിച്ചു.

അവർ അയച്ച സന്ദേശത്തിൽ പറഞ്ഞത്: "ലോകസിനിമയ്ക്ക് ഒരു മാന്ത്രികനെ നഷ്ടമായി; പരാദ്ജനോവിന്റെ സാങ്കൽപ്പിക ലോകം എന്നും മനുഷ്യരെ വിസ്മയിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യും."



ഇന്ന് സെർജി പരാദ്ജനോവ് ഒരു സംവിധായകൻ മാത്രമല്ല; ദൃശ്യകവിതയുടെ മഹാനായ സ്രഷ്ടാവും കലാസ്വാതന്ത്ര്യത്തിന്റെ പ്രതീകവും രാഷ്ട്രീയ അടിച്ചമർത്തലുകളെ അതിജീവിച്ച ധീരകലാകാരനുമാണ്. അദ്ദേഹത്തിന്റെ ജീവിതം സോവിയറ്റ് യൂണിയന്റെ സാംസ്കാരിക നിയന്ത്രണങ്ങളുടെയും അതിന്റെ വിഘടനത്തിലേക്ക് നയിച്ച ആഭ്യന്തര വൈരുദ്ധ്യങ്ങളുടെയും ജീവിച്ചിരിക്കുന്ന കലാസാക്ഷ്യമായി ചരിത്രത്തിൽ നിലനിൽക്കുന്നു.

ഫിലിം വിഷൻ
filca FILM LOVERS CULTURAL ASSOCIATION
June Film Fest 26







# ദി പോസ്റ്റ്മാൻ : ലോകസിനിമയിൽ നെരൂദ

ജോൺ തോമസ്
(ഫിൽക്ക)



**ഉചിതമായ രൂപകം കണ്ടെത്താൻ ചിലപ്പോൾ ബുദ്ധിമുട്ടുന്ന നെരൂദയ്ക്ക് മാരിയോ ആശ്രയമാകുന്നതായും കാണാം. 'വലക്കണ്ണികൾ' എന്ന വാക്കിന് ഉചിതമായ രൂപകം കിട്ടാതെ വന്നപ്പോൾ മീൻപിടുത്തക്കാരനായ തൻ്റെ അച്ഛൻ്റെ ജീവിതാനുഭവത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് 'ദുഃഖിത'മെന്ന വാക്ക് സമ്മാനിച്ച് നെരൂദയുടെ പ്രശംസയ്ക്ക് മാരിയോ പാത്രമാകുന്നു.**

നെരൂദയുടെ കവിതകൾ സഫലമാക്കിയ പ്രണയവും ചിലിയൻ സമരപഥത്തിൽ എത്തിച്ച രാഷ്ട്രീയ നിലപാടുകളും ആവിഷ്കരിക്കുന്ന സിനിമയാണ് ദി പോസ്റ്റ്മാൻ.

ഇരുപതാം നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ കവി ആരെന്ന ചോദ്യത്തിന്, നക്ഷത്രങ്ങൾ മുതൽ പുൽക്കൊടി വരെയുള്ള പ്രപഞ്ചസൃഷ്ടികളെയെല്ലാം തന്റെ കവിതയ്ക്ക് വിഷയമാക്കിയ ചിലിയൻ കവി, നോബൽ സമ്മാന ജേതാവ്, പാബ്ലോ നെരൂദയുടെ പേരായിരിക്കും കൂടുതൽ പേരും പറയുക.പ്രണയവും പ്രണയ നഷ്ടവും അകൽച്ചയും അധീശ ശക്തികൾക്ക് എതിരെ മനുഷ്യൻ നടത്തുന്ന പോരാട്ടവും എല്ലാം അദ്ദേഹത്തിന്റെ കവിതകൾക്ക് വിഷയമായി. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു പ്രത്യേക ഘട്ടത്തെ അടിസ്ഥാനമാക്കിയുള്ള നോവലിനെ ആധാരമാക്കി മൈക്കിൾ റാഡ് ഫോർഡ് സംവിധാനം ചെയ്ത് 1994 ൽ പ്രേക്ഷക സമക്ഷം എത്തിയ ഇറ്റാലിയൻ സിനിമയാണ് 'ഇൽ പോസ്റ്റിനൊ (ദി പോസ്റ്റുമാൻ)'.

മലകളും പൂമരങ്ങളും കടലും കടൽത്തൊഴിലാളികളും ഒക്കെ ചേർന്ന് ഇറ്റലിയുടെ ഭാഗമായ മനോഹരമായ ഒരു ചെറുദ്വീപിലാണ് സിനിമയുടെ കഥ നടക്കുന്നത്. കുടിവെള്ള ക്ഷാമമുള്ള ഗ്രാമം . അരഷ്ടിച്ചുള്ള ജീവിതം നയിക്കുന്ന മീൻപിടുത്തക്കാരനായ അച്ഛനെയും അച്ഛന്റെ തൊഴിൽ പിന്തുടരാൻ തനിക്ക് താല്പര്യമില്ലെന്ന നിലപാടെടുക്കുന്ന

മകൻ മാരിയോയെയും ആണ് ചിത്രത്തിന്റെ ആരംഭത്തിൽ നാം കാണുന്നത്.

സ്വന്തമായി സൈക്കിൾ ഉള്ള ചെറുപ്പക്കാരെ താൽക്കാലിക പോസ്റ്റ്മാൻ ജോലിക്ക് ക്ഷണിച്ചു കൊണ്ടുള്ള പരസ്യം കണ്ട് പോസ്റ്റ് ഓഫീസിലെത്തുന്നു മാരിയോ.

ആ ദ്വീപിന്റെ സൗന്ദര്യവും ഏകാന്തതയും കടലിന്റെ സാമീപ്യവും മനസ്സിലാക്കി കുന്നിൻപുറത്തുള്ള വീട്ടിൽ ഭാര്യ മെറ്റിൽഡയോടൊപ്പം താമസം ആരംഭിച്ച കവി നെരൂദയ്ക്കുള്ള കത്തുകൾ മാത്രമാണ് ഈ പോസ്റ്റ്മാന് നൽകാനുള്ളത്. ചിലിയിലെ രാഷ്ട്രീയ കാരണങ്ങളാലുള്ള തന്റെ അറസ്റ്റിൽ നിന്നും രക്ഷപ്പെട്ട് അഭയം തേടി റോമിലെത്തുന്ന നെരൂദയ്ക്ക് ലഭിക്കുന്ന വൻപിച്ച വരവേൽപ്പും അയാൾ കമ്മ്യൂണിസ്റ്റുകാരനാണെന്നും കവിയെന്ന നിലയിൽ സ്ത്രീകളുടെ സ്നേഹഭാജനമാണെന്നും മറ്റും സൂചിപ്പിക്കുന്ന ഡോക്യുമെന്ററി ചിത്രവും പോസ്റ്റ് മാസ്റ്റർ ജോർജ്ജിയോ അടക്കമുള്ളവരുടെ സംഭാഷണങ്ങളും മാരിയോ  കാണുകയും കേൾക്കുകയും ചെയ്തിരുന്നു. പോസ്റ്റ്മാൻ തസ്തികയിലേക്ക് നിയുക്തനാക്കപ്പെടുന്ന മാരിയോ തന്റെ ഏക കസ്റ്റമറായ നെരൂദ എന്ന അത്ഭുത മനുഷ്യന്റെ ജീവിതത്തിലേക്ക് താൻ കേട്ടറിഞ്ഞ കാര്യങ്ങൾ വച്ച് ഒളികണ്ണിട്ട് നോക്കുന്നു.

ഭാര്യ മെറ്റിൽഡയോടുള്ള സ്നേഹം സംഗീതത്തിന്റെ പശ്ചാത്തലത്തിൽ നൃത്തച്ചുവടുകൾ വച്ച് പ്രകടിപ്പിക്കുന്ന നെരൂദ അവരെ അമർ (സ്നേഹം) എന്നാണ് വിളിക്കുന്നതെന്നും അദ്ദേഹത്തിന് വരുന്ന കത്തുകളിൽ ഏറിയപങ്കും  സ്ത്രീകളായ ആരാധകരുടേതാണെന്നും മാരിയോ കണ്ടെത്തുകയും പോസ്റ്റ് മാസ്റ്ററായ ജോർജിയയോട് പറയുകയും ചെയ്യുന്നു. ക്രമേണ നെരൂദയും മാരിയോയും തമ്മിൽ അടുക്കുന്നു.

നെരൂദയുടെ ഒരു കവിതാ സമാഹാരം അയാൾ എഴുത്തുകാരനെ കൊണ്ട് ഒപ്പിടീച്ച് വാങ്ങുന്നുണ്ട്. ഇതിലൂടെ നേപ്പിൾസിലെ പെൺകുട്ടികളോട് തനിക്കു നെരൂദയെ പരിചയമുണ്ടെന്ന് പറഞ്ഞ് അവരുടെ സ്നേഹം സമ്പാദിക്കാം എന്ന ഗൂഢമായ ഉദ്ദേശ്യമാണ് അയാൾക്കപ്പോഴുണ്ടായിരുന്നത്.




എടുത്തുപറയത്തക്ക സവിശേഷതകൾ  ഒന്നും ഇല്ലാത്ത  ജീവിതം നയിച്ച സാധാരണക്കാരനായ മാരിയോ   നെരൂദ എന്ന വ്യക്തിയേയും അദ്ദേഹത്തിന്റെ കവിതകളെയും അടുത്തറിഞ്ഞതോടെ

കാവ്യരചന വശമാക്കാൻ ശ്രമിക്കുന്നു. മെറ്റഫർ (രൂപകം) വാക്കുകളെ കവിതയാക്കുന്ന ഘടകം ആണെന്ന് തിരിച്ചറിയുന്ന മാരിയോ ഇതിനെക്കുറിച്ച് നെരൂദയോട് സംശയ നിവൃത്തി വരുത്തുന്നു. 'ആകാശത്തിന്റെ കരച്ചിൽ' മഴയാണെന്നും 'കടൽ പോലെ ഉയരുകയും താഴുകയും ചെയ്യുന്ന വാക്കുകൾ' എന്നതൊക്കെ രൂപകത്തിന് ഉദാഹരണങ്ങളാണെന്നും ഇരുവരും ചേർന്ന് ബീച്ചിലൂടെ നടത്തുന്ന സഞ്ചാരത്തിനിടയിൽ നെരൂദയിൽ നിന്നയാൾ മനസ്സിലാക്കുന്നു.

മനുഷ്യൻ എന്ന അവസ്ഥ എന്നെ ക്ഷീണിതനാക്കുന്നു' നെരൂദക്കവിതയിലെ ഈ പ്രയോഗത്തെക്കുറിച്ച് തന്റെ വ്യക്തിജീവിതത്തിൽ പലപ്പോഴും തനിക്ക് അനുഭവപ്പെട്ടിട്ടുള്ള അവസ്ഥയാണിതെന്ന് സൂചിപ്പിച്ചുകൊണ്ട് മാരിയോ കൂടുതൽ ആരായുമ്പോൾ 'ചില പ്രയോഗങ്ങളുടെ അർത്ഥം വാക്കുകൾ കൊണ്ട് വ്യക്തമാക്കാൻ ശ്രമിക്കുമ്പോൾ അവയുടെ സൗന്ദര്യം നഷ്ടപ്പെടും' എന്ന് നെരൂദ അയാളോട് പറയുന്നു.

'കാന്റോ ജനറൽ' എന്ന തന്റെ രാഷ്ട്രീയ കവിതാ സമാഹാരം രചിക്കാനിടയായ സാഹചര്യത്തെക്കുറിച്ചൊക്കെ നെരൂദ മാരിയോയ്ക്ക് വിശദീകരിച്ചു കൊടുക്കുന്നു. നോബൽ സമ്മാനാർഹനാകട്ടെ തന്റെ സുഹൃത്തെന്ന് മാരിയോയെ ആശംസിക്കുന്നു.

ആ ദ്വീപിൽ മദ്യശാല നടത്തുന്ന മധ്യവയസ്കയുടെ സുന്ദരിയായ അനന്തിരവൾ ബിയാട്രീസുമായി മാരിയോ പ്രണയത്തിലാകുന്നു. അവളോട് സംസാരിക്കാൻ വാക്കുകൾ ലഭിക്കാതെ ബുദ്ധിമുട്ടുന്ന തന്നെ അവൾക്കു നല്കാൻ ഒരു കവിത രചിച്ചു തന്ന് സഹായിക്കണമെന്ന് അയാൾ നെരൂദയോട് അഭ്യർത്ഥിക്കുന്നു.

ഇറ്റാലിയൻ മഹാകവി ഡാന്റെ അലിഘിരിയുടെ പ്രേമ ഭാജനത്തിന്റെ പേരും ബിയാട്രീസ് എന്നായിരുന്നുവെന്ന് നെരൂദ പറഞ്ഞുകൊടുക്കുന്നു. പ്രണയ സൂചനയായി എന്തെങ്കിലും അടയാളം അവളിൽ നിന്നും ലഭിച്ചത് അയാളുടെ കയ്യിൽ ഉണ്ടോ എന്ന് നെരൂദ ആരായുന്നു. ബാറിലെ ബില്ല്യാഡ്സ് ബോർഡിലെ വെള്ളക്കരുക്കളിലൊന്ന് അവളുടെ ചുണ്ടുകളുടെ സ്പർശനമേറ്റത് അയാൾ സൂക്ഷിച്ചു വച്ചിരുന്നു. അത് നെരൂദയ്ക്കയാൾ കാട്ടിക്കൊടുക്കുന്നു. മാരിയോയുടെ കൂടെ ബാർ സന്ദർശിക്കാൻ സന്നദ്ധനായ നെരൂദ ബാറിൽ എത്തി സുന്ദരിയായ ബിയാട്രീസിനെ കണ്ട മാത്രയിൽ 'നീ നിന്റെ കവിത കണ്ടെത്തിയിരിക്കുന്നു' എന്ന് ഒരു ബുക്കിൽ എഴുതി അയാൾക്ക് സമ്മാനിക്കുന്നു.



നെരൂദക്കവിതകളുടെ പാരായണത്തിലൂടെ ലഭിച്ച രൂപകങ്ങളെ അടിസ്ഥാനപ്പെടുത്തി ബിയാട്രീസിനയച്ച കവിതകളിലൂടെ മാരിയോയും ബിയാട്രീസുമായുള്ള പ്രേമം ദൃഢമാവുന്നു. 'പുഞ്ചിരിക്കുന്ന നിന്റെ മുഖം ഒരു ചിത്രശലഭത്തിന്റെ ചിറകു പോലെ

മനോഹരമാണെന്നും' ഒക്കെ വിവരിക്കുവാൻ നെരൂദക്കവിതകൾ അയാളെ സഹായിക്കുന്നു. മെറ്റഫറുകൾ തെരഞ്ഞെടുത്ത് എഴുതാൻ വേണ്ടി ഒരു ബുക്ക് തന്നെ നെരൂദ മാരിയോയ്ക്ക് സമ്മാനിക്കുന്നുണ്ട്.

ഉചിതമായ രൂപകം കണ്ടെത്താൻ ചിലപ്പോൾ ബുദ്ധിമുട്ടുന്ന നെരൂദയ്ക്ക് മാരിയോ ആശ്രയമാകുന്നതായും കാണാം. 'വലക്കണ്ണികൾ' എന്ന വാക്കിന് ഉചിതമായ രൂപകം കിട്ടാതെ വന്നപ്പോൾ മീൻപിടുത്തക്കാരനായ തന്റെ അച്ഛന്റെ ജീവിതാനുഭവത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് 'ദുഃഖിത'മെന്ന വാക്ക് സമ്മാനിച്ച് നെരൂദയുടെ പ്രശംസയ്ക്ക് മാരിയോ പാത്രമാകുന്നു. ബിയാട്രീസിന്റെ മുടിയഴകിനെ 'നക്ഷത്ര ഖചിതമായ ആകാശത്തോടു' പമിക്കുന്ന വരികൾ അടക്കം അവളുടെ ശരീരത്തേയും മനസ്സിനെയും കുറിച്ചുള്ള വർണ്ണനകൾ അടങ്ങുന്ന കത്തുകളാണ് മാരിയോ അവൾക്കയച്ചത്. അവളുടെ ബ്രേസിയറിനുള്ളിൽ ഒളിപ്പിച്ചു വച്ചിരുന്ന ഒരു കത്ത് അമ്മാവി കണ്ടെടുക്കുകയും അതുമായി പുരോഹിതന്റെ അടുത്ത് വരെ പരാതിയുമായി പോകുകയും ആ കത്തിലെ 'നഗ്നത' എന്ന പദപ്രയോഗം വിനാശകരമാണെന്ന അഭിപ്രായത്തിൽ എത്തുകയും ചെയ്യുന്നു. ഇത്തരമൊരു രചനയ്ക്ക് പ്രചോദനമായ നെരൂദയെ തന്നെ അവർ കണ്ട് പരാതിപ്പെടുന്നു.

എന്നാൽ 'നഗ്നത' എന്നത് ഒരു മെറ്റഫർ ആയിട്ടാണ് ഈ കവിതയിൽ ഉപയോഗിച്ചിരിക്കുന്നതെന്നും അതിരു വിട്ട ശാരീരിക സ്പർശത്തിന് ശുദ്ധ ഹൃദയനായ മാരിയോ തുനിഞ്ഞിട്ടില്ലെന്നും താൻ ആരെയെങ്കിലും വിവാഹം കഴിക്കുമെങ്കിൽ അത് അയാളെ മാത്രമായിരിക്കുമെന്നും അവൾ അറിയിക്കുന്നു.



താൻ മെറ്റിൽഡയ്ക്ക് എഴുതിയ കവിതയിലെ വാക്കുകൾ നീ അടിച്ചുമാറ്റി ബിയാട്രീസിന് നൽകിയതല്ലേ എന്ന നെരൂദയുടെ പരിഭവത്തിലുള്ള ചോദ്യത്തിന് , എഴുതിക്കഴിഞ്ഞ വാക്കുകൾ പൊതുസമൂഹത്തിന്റേതാണെന്നും ആർക്കും എടുത്ത് ഉപയോഗിക്കാമെന്നും മാരിയോ മറുപടി പറയുന്നത് ശ്രദ്ധേയമാണ്.

നെരൂദ കമ്മ്യൂണിസ്റ്റുകാരൻ ആണെന്നും വർജ്ജിക്കപ്പെടേണ്ടവനാണെന്നും ഒക്കെ പുരോഹിതൻ പറയുന്നുണ്ടെങ്കിലും തങ്ങളുടെ വിവാഹത്തിന് സാക്ഷിയാകാൻ വിവാഹത്തിന് കാരണക്കാരനും കത്തോലിക്കനുമായ നെരൂദ തന്നെ വേണമെന്ന അവരുടെ നിർബന്ധത്തിന് പുരോഹിതൻ വഴങ്ങുന്നു.

വിവാഹത്തെ തുടർന്ന് നടക്കുന്ന സൽക്കാരത്തിൽ ഉപചാരപ്രസംഗങ്ങളുടെയും നൃത്തത്തിന്റെയും മധ്യത്തിൽ നെരൂദയുടെയും ഭാര്യയുടെയും പേരിലുള്ള അറസ്റ്റ് വാറന്റ് നീക്കി കൊണ്ടുള്ള ചിലിയൻ സർക്കാരിന്റെ

കത്ത് പോസ്റ്റ് മാസ്റ്റർ ജോർജ്ജിയോ നെരൂദയ്ക്ക് നൽകുന്നു.

തന്റെ നാടിന്റെ ഭരണാധികാരികൾ അഭിപ്രായ സ്ഥിരതയില്ലാത്തവരാണെന്നും അതുകൊണ്ട് അത്യാവശ്യം സാധനങ്ങൾ മാത്രമേ തിരികെ കൊണ്ടുപോകുന്നുള്ളു എന്ന് പറഞ്ഞുകൊണ്ട് നെരൂദ ദ്വീപിനോട് വിട വാങ്ങുന്നു. തങ്ങൾ താമസിച്ച വീട് ഇടയ്ക്കിടെ സന്ദർശിക്കാനും ബാക്കിയുള്ളവയിൽ താൻ ആവശ്യപ്പെടുന്ന സാധനങ്ങൾ ചിലിയിലേക്ക് അയക്കാനും അയാൾ മാരിയോയെ ചുമതലപ്പെടുത്തുന്നു.

ഇറ്റലിയിൽ നടന്ന തെരഞ്ഞെടുപ്പിൽ താൻ പിന്തുണച്ച പാർട്ടിയുടെ സർക്കാർ നിലവിൽ വരാത്തത് മാരിയോയെ ദുഃഖിപ്പിച്ചു. കവിത ശ്വസിക്കാൻ കഴിയുന്ന ഒരു നാട്ടിലേക്ക് പോകാം എന്നയാൾ നിരാശനായി ഗർഭിണിയായ ഭാര്യയോട് പറയുന്നുണ്ട്.

നെരൂദയിൽ നിന്നും നേരിട്ടുള്ള കത്തുകൾ ഒന്നും മാരിയോയ്ക്ക് ലഭിക്കുന്നില്ല. നെരൂദയ്ക്ക് വിവിധ ലോകവേദികളിൽ ലഭിക്കുന്ന അംഗീകാരങ്ങളും സ്വീകരണങ്ങളും പത്രദ്വാരാ അയാൾ അറിയുന്നുണ്ടായിരുന്നു. "ലോകോത്തരനായ കവി വിലയില്ലാത്തവനായ തന്നെ സഹോദരനും സുഹൃത്തുമായി കരുതിയിരുന്നു; അത് മാത്രം മതി" എന്നയാൾ ഭാര്യയോട് പറയുന്നു. താൻ വിലയില്ലാത്തവൻ ആണെന്നുള്ള മാരിയോയുടെ ധാരണ ശരിയല്ലെന്ന് ഭാര്യ കുറ്റപ്പെടുത്തുന്നു. തങ്ങളുടെ പിറക്കാൻ പോകുന്ന മകന് പാബ്ലോ നെരൂദയുടെ സ്മരണാർത്ഥ പാബ്ളിറ്റൊ എന്നായിരിക്കും പേര് എന്നയാൾ പറയുന്നു.

ചില കാര്യങ്ങൾ അയച്ചുതരണമെന്ന നെരൂദയുടെ സെക്രട്ടറിയുടെ കത്ത് ലഭിച്ചതിനെ - മാരിയോയ്ക്ക് ലഭിക്കുന്ന ആദ്യത്തെ വിദേശ കത്ത് - തുടർന്ന് അടച്ചിട്ടിരുന്ന വീട്ടിൽ കടന്നു ചെല്ലുന്ന മാരിയോയെ ഗൃഹാതുരത്വമാർന്ന ഓർമ്മകൾ പിന്തുടരുന്നു. ഭാര്യയുമൊത്ത് നെരൂദ നൃത്തം ചെയ്യുവാൻ ഉപയോഗിച്ച പ്രണയഗാനത്തിന്റെ റെക്കോർഡ് ആയിരുന്നു അതിലൊന്ന്. തുടർന്ന് അവിടെ ഉണ്ടായിരുന്ന ഒരു ഫോണോഗ്രാഫ് (സ്വനഗ്രാഹിയന്ത്രം) പ്രവർത്തിപ്പിച്ചപ്പോൾ അതിൽ നെരൂദ ചോദിക്കുന്നു , "ഈ ദ്വീപിലെ ഒരു അത്ഭുതം പറയൂ?" അതിന് മാരിയോ അന്ന് തന്റെ പ്രേമ ഭാജനവും തുടർന്ന് ഭാര്യയും ആയവളുടെ പേര്, 'ബിയാട്രീസ് റൂസ്സോ' എന്ന് മറുപടി പറയുന്നു.

ഈ യന്ത്രം മെക്കാനിക്ക് കൂടിയായ സുഹൃത്ത് ജോർജ്ജിയോയുടെ സഹായത്തോടെ പുറത്തെത്തിച്ച് ആ ദ്വീപിനെ ഓർമ്മയിൽ നിലനിർത്തുന്ന പല കാര്യങ്ങളും ഒന്നൊന്നായി പറഞ്ഞ് ആലേഖനം ചെയ്യുന്നു. തിരമാലകൾ കല്ലിലടിച്ച് ചിതറുന്ന ശബ്ദം, കടൽക്കാറ്റ്, കരയിലെ മരങ്ങൾ കാറ്റത്ത് ആടുമ്പോഴുള്ള ശബ്ദം, അച്ഛന്റെ ദുഃഖഭരിതമായ വലക്കണ്ണികൾ, പള്ളിമണിയും പുരോഹിതനും, ദ്വീപിൽ നിന്നുള്ള രാത്രിയിലെ നക്ഷത്രക്കാഴ്ച, ഭാര്യയുടെ വയറ്റിൽ ഉരുവായ മകന്റെ ഹൃദയമിടിപ്പ് അങ്ങനെ പലതും തന്റെ ദൃഷ്ടിയിൽ ദ്വീപിന്റെ പ്രത്യേകതകളായി അക്കമിട്ട് പറഞ്ഞുകൊണ്ട് അയാൾ റെക്കോർഡ് ചെയ്യുന്നു. നെരൂദ പകർന്നു നൽകിയ കവിത്വ ശക്തിയുടെ

പിൻബലത്തിലാണ് അയാൾക്കിപ്പോൾ ഇവയെല്ലാം തിരിച്ചറിയാൻ കഴിയുന്നത്.

നേപ്പിൾസിൽ നടക്കുന്ന ജനകീയ കൂട്ടായ്മയിൽ അപ്പോഴേക്കും കവിതകൾ എഴുതിത്തുടങ്ങിയിരുന്ന മാരിയോയെ കവിത അവതരിപ്പിക്കാൻ ഭാരവാഹികൾ ക്ഷണിക്കുന്നു. നെരൂദയോടുള്ള തന്റെ കടപ്പാട് വ്യക്തമാക്കുന്ന കവിത താൻ തയ്യാറാക്കി കൊണ്ടുവന്നത് വായിക്കാൻ അയാൾ ഒരുമ്പെട്ടപ്പോൾ അവിടെയുണ്ടായ പോലീസ് വേട്ടയിലും തിക്കിലും തിരക്കിലും പെട്ട് മാരിയോ മരണപ്പെടുകയാണുണ്ടായത്.

അഞ്ചുവർഷം കഴിഞ്ഞ് കൂടുതൽ പ്രശസ്തനായ നെരൂദ ഭാര്യാസമേതനായി ആ ദ്വീപും മാരിയോയുടെ വീടും സന്ദർശിക്കുന്നു. മാരിയോയുടെ പ്രണയ ജീവിതത്തിന്റെ ആദ്യ അടയാളം ബില്ല്യാർഡ്സ് ബോർഡിലെ അതേ വെളുത്ത കരു ഉപയോഗിച്ച് കളിക്കുന്ന പാബ്ലിറ്റൊ എന്ന ബാലനെയാണ് മരിയോയുടെ വീട്ടിലെത്തിയ നെരൂദ ആദ്യം കാണുന്നത്.

ഈ രംഗം കണ്ട് ചിന്താധീനനായ നെരൂദയോട് മകൻ ഗർഭാവസ്ഥയിലായിരിക്കുമ്പോഴുണ്ടായ ഭർത്താവിന്റെ മരണവും തുടർന്നുള്ള ബുദ്ധിമുട്ടുകളും ബിയാട്രീസ് വിവരിക്കുന്നു. എന്നാൽ എല്ലാം താൻ അതിജീവിച്ചു വെന്ന് പറയുന്ന അവൾ ആ സ്വനഗ്രാഹിയന്ത്രം നെരൂദയ്ക്ക് പ്രവർത്തിപ്പിച്ചു കേൾപ്പിക്കുന്നു. ഭർത്താവ് ആലേഖനം ചെയ്ത പ്രിയപ്പെട്ട ശബ്ദങ്ങൾക്കൊപ്പം തന്റെ നാടിന്റെ എല്ലാം നെരൂദ കൊണ്ടുപോകുമെന്ന് കരുതിയെങ്കിലും അദ്ദേഹം തനിക്ക് പകർന്നു നൽകിയ കവിതയിലൂടെ ഇവയൊക്കെ തിരിച്ചറിഞ്ഞ് അടയാളപ്പെടുത്താൻ തനിക്ക് കഴിഞ്ഞുവെന്നും ഈ കവി ഇല്ലായിരുന്നുവെങ്കിൽ താനും ഇല്ലാതാകുമായിരുന്നു എന്നുമുള്ള വാക്കുകൾ നെരൂദ കേൾക്കുന്നു.

നേപ്പിൾസിൽ നടന്ന ജനകീയ കൂട്ടായ്മയിൽ വായിക്കാൻ വേണ്ടി മാരിയോ തയ്യാറാക്കിയ കവിത തന്നെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു കവിതയായിരുന്നു എന്ന് സ്വനഗ്രാഹിയന്ത്രത്തിൽ നിന്നും നെരൂദ മനസ്സിലാക്കുന്നു.ഈ വാക്കുകൾക്ക് മുമ്പിൽ ചിന്താധീനനും വികാരവിക്ഷുബ്ധനും ആയിരിക്കുന്ന നെരൂദയെ കാണിച്ചുകൊണ്ടാണ് സിനിമ അവസാനിക്കുന്നത്.



പ്രകൃതിയുടെയും പ്രണയത്തിന്റെയും അടിച്ചമർത്തലിനെതിരെയുള്ള പോരാട്ടത്തിന്റെയും കവിയായ നെരൂദയുടെ ജീവിതത്തിലെ ഒരു ഏട്, ദ്വീപിന്റെ പ്രകൃതിഭംഗി ഒപ്പിയെടുത്ത ഫോട്ടോഗ്രാഫിയുടെയും വശ്യസുന്ദരമായ സംഗീതത്തിന്റെയും പശ്ചാത്തലത്തിൽ ചിത്രീകരിച്ച ഈ സിനിമയിലെ ഏറ്റവും വലിയ വിസ്മയം മാരിയോയെ അവതരിപ്പിച്ച മസീമ ട്രോയ്സി എന്ന നടനാണ്. സിനിമയ്ക്ക് വേണ്ടി ഹൃദ്രോഗ ചികിത്സ മാറ്റിവെച്ച അയാൾ അവസാന രംഗം ചിത്രീകരിച്ച് അധികം നാൾ കഴിയുന്നതിനു മുൻപ് മരണപ്പെട്ടു.



# മൈക്കൽ റാഡ്ഫോർഡ്: ശ്രദ്ധേയ സംവിധായകൻ

DIRECTOR OF THE POSTMAN

ഗിരിജ സുരേന്ദ്രൻ
(ഫിൽക്ക)



**അന്റോണിയോ സ്കാർമെറ്റയുടെ ആർഡിയന്റ് പാസിൻസിയ എന്ന നോവൽ ആണ് റാഡ്ഫോർഡിന് പ്രചോദനം ആയത് . അന്താരാഷ്ട്ര തലത്തിൽ വൻ വിജയം നേടി. . അതുവരെ നിർമ്മിച്ചതിൽ വച്ച് ഏറ്റവും കൂടുതൽ കളക്ഷൻ നേടിയത് ഈ ഇംഗ്ലീഷ് ഇതര ഭാഷാ ചിത്രമായിരുന്നു.**

**മൈ**ക്കൽ റാഡ്ഫോർഡ് ഒരു പ്രശസ്ത ഇംഗ്ലീഷ് ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമാണ്. ജോർജ്ജ് ഓർവെല്ലിന്റെ നയൻറ്റീൻ എയ്റ്റി-ഫോറിന്റെ 1984-ലെ ചലച്ചിത്രാവിഷ്കാരവും 1994-ലെ ഇറ്റാലിയൻ ഭാഷാ ക്ലാസിക് ചിത്രമായ ഇൽ പോസ്റ്റിനോ (ദി പോസ്റ്റ്മാൻ) സംവിധാനം ചെയ്തതിലൂടെയുമാണ് അദ്ദേഹം കൂടുതൽ അറിയപ്പെടുന്നത്. ഈ ചിത്രത്തിന് മികച്ച സംവിധായകനും മികച്ച അഡാപ്റ്റഡ് തിരക്കഥയ്ക്കുമുള്ള അക്കാദമി അവാർഡ് നോമിനേഷനുകൾ ലഭിച്ചു. ദി മർച്ചന്റ് ഓഫ് വെനീസ് (2004), വൈറ്റ് മിസ്ചീഫ് (1987) എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റ് ശ്രദ്ധേയമായ കൃതികൾ.

1946 ഫെബ്രുവരി 24 ന് ഇന്ത്യയിലെ ന്യൂഡൽഹിയിൽ ഒരു ബ്രിട്ടീഷ് പിതാവിന്റെയും ഓസ്ട്രിയൻ ജൂത മാതാവിന്റെയും മകനായി റാഡ്ഫോർഡ് ജനിച്ചു. ഓക്സ്ഫോർഡിലെ വോർസെസ്റ്റർ കോളേജിൽ ചേരുന്നതിന് മുമ്പ് ബെഡ്ഫോർഡ് സ്കൂളിൽ നിന്നാണ് അദ്ദേഹം വിദ്യാഭ്യാസം നേടിയത്. കുറച്ച് വർഷങ്ങൾ

പഠിപ്പിച്ചതിനുശേഷം, അദ്ദേഹം നാഷണൽ ഫിലിം ആൻഡ് ടെലിവിഷൻ സ്കൂളിൽ പോയി. ആദ്യ വർഷത്തിൽ തന്നെ അവിടെ വിദ്യാർത്ഥിയായി.

1976 നും 1982 നും ഇടയിൽ, റാഡ്ഫോർഡ് ഒരു ഡോക്യുമെന്ററി ഫിലിം നിർമ്മാതാവായി ജോലി ചെയ്തു, പ്രധാനമായും ബിബിസിയുടെ പ്രോജക്ടുകളിൽ. ഐൽ ഓഫ് ലൂയിസിലെ സ്കോട്ടിഷ് ദ്വീപുവാസികൾ പോലുള്ള വിഷയങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു ഡോക്യുമെന്ററികൾ.

1980-കളിൽ ഫീച്ചർ സിനിമകളിലേക്ക് തിരിഞ്ഞു. ജോർജ്ജ് ഓർവെല്ലിന്റെ 1984 ലെ നോവലിന്റെ ചലച്ചിത്രാവിഷ്കാരമായ “നയൻറ്റീൻ എയ്റ്റി-ഫോർ ”എന്ന ചിത്രത്തിലൂടെയാണ് റാഡ്ഫോർഡ് അന്താരാഷ്ട്ര ശ്രദ്ധ നേടിയത്.

ജോൺ ഹർട്ട് വിൻസ്റ്റൺ സ്മിത്ത് ആയി അഭിനയിച്ച ഈ സിനിമയിലാണ്, റിച്ചാർഡ് ബർട്ടൺ തന്റെ അവസാന ചലച്ചിത്ര പ്രകടനം നടത്തിയത്. ഈ ചിത്രം നിർമ്മിച്ചത് , നോവലിന്റെ പശ്ചാത്തലവും സമയവും (ലണ്ടൻ, ഏപ്രിൽ-ജൂൺ 1984) പോലെ തന്നെയായിരുന്നു .

1987 ൽ പുറത്തിറങ്ങിയ റാഡ്ഫോർഡിന്റെ അടുത്ത ചിത്രം 1940 കളിലെ കെനിയയിൽ നടക്കുന്ന ഒരു പീരിയഡ് ഡ്രാമയായ വൈറ്റ് മിസ്ചീഫ് ആയിരുന്നു. ജെയിംസ് ഫോക്സിന്റെ വൈറ്റ് മിസ്ചീഫ് എന്നും അറിയപ്പെടുന്ന നോവലിന്റെ ചലച്ചിത്രാവിഷ്കാരമാണിത്.

1994 ൽ പുറത്തിറങ്ങിയ “ഇൽ പോസ്റ്റിനോ: ദി പോസ്റ്റ്മാൻ ”എന്ന ചിത്രത്തിന്റെ എഴുത്തുകാരനും സംവിധായകനുമാണ് മൈക്കൽ റാഡ്ഫോർഡ്. അന്റോണിയോ സ്കാർമെറ്റയുടെ ആർഡിയന്റ് പാസിൻസിയ എന്ന നോവൽ ആണ് റാഡ്ഫോർഡിന് പ്രചോദനം ആയത് . അന്താരാഷ്ട്ര തലത്തിൽ വൻ വിജയം നേടി. . അതുവരെ നിർമ്മിച്ചതിൽ വച്ച് ഏറ്റവും കൂടുതൽ കളക്ഷൻ നേടിയത് ഈ ഇംഗ്ലീഷ് ഇതര ഭാഷാ ചിത്രമായിരുന്നു. റാഡ്ഫോർഡിനും ചിത്രത്തിലെ താരമായ മാസിമോ ട്രോയിസിക്കും അന്താരാഷ്ട്ര പ്രശംസ നേടിക്കൊടുത്തു. സിനിമയുടെ പ്രധാന നടനും സഹതിരക്കഥാകൃത്തുമായ മാസിമോ ട്രോയിസി സിനിമ പൂർത്തിയാക്കാൻ ഹൃദയ ശസ്ത്രക്രിയ മാറ്റിവച്ചു, ചിത്രീകരണം പൂർത്തിയായതിന്റെ പിറ്റേന്ന് , ശസ്ത്രക്രിയയെ തുടർന്ന് , 41 വയസ്സുള്ളപ്പോൾ ട്രോയിസി മരിച്ചു.

മികച്ച സംവിധായകനും അഡാപ്റ്റഡ് സ്ക്രീൻപ്ലേ അക്കാദമി അവാർഡുകൾക്കും നാമനിർദ്ദേശം ചെയ്യപ്പെട്ട റാഡ്ഫോർഡിന്, 'ഇംഗ്ലീഷ് ഭാഷയിലല്ലാത്ത മികച്ച ചിത്രം' എന്നതിന് ബാഫ്റ്റ ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര ചലച്ചിത്ര അവാർഡുകൾ ലഭിച്ചു.






# കവിത പോലെ അനുഭവമുള്ള സിനിമ : ഓർഫ്യൂസ്

പി. എസ്. ജ്യോതിഷ് കുമാർ
(ഫിൽക്ക)

**സ്വപ്നങ്ങളെയും യാഥാർത്ഥ്യങ്ങളെയും തമ്മിൽ വേർതിരിക്കാൻ കഴിയാത്ത വിധം കൂട്ടിക്കലർത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി. കണ്ണാടികൾ, മിഥ്യാഭ്രമങ്ങൾ, മന്ദഗതിയിലുള്ള ദൃശ്യങ്ങൾ , റിവേഴ്സ് ഷോട്ടുകൾ എന്നിവ അദ്ദേഹം തന്റെ സൃഷ്ടികളിൽ ആവർത്തിച്ച് ഉപയോഗിച്ചു.**

ഫ്രഞ്ച് കലാചരിത്രത്തിലെ ഏറ്റവും പ്രഗത്ഭരായ ബഹുമുഖ പ്രതിഭകളിൽ ഒരാളായിരുന്നു ഴാങ് കോക്തോ (Jean Cocteau: 1889 – 1963). കവി, നോവലിസ്റ്റ്, നാടകകൃത്ത്, ചിത്രകാരൻ, ചലച്ചിത്ര സംവിധായകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം ലോകപ്രശസ്തി നേടി.

ഇരുപതാം നൂറ്റാണ്ടിലെ അവാങ്-ഗാർഡ് (Avant-garde) പ്രസ്ഥാനത്തിന്റെയും സറിയലിസത്തിന്റെയും (Surrealism) മുൻനിര വക്താവായിരുന്നു അദ്ദേഹം.
ഒരു കവിയായാണ് കോക്തോ കരിയർ ആരംഭിച്ചതെങ്കിലും, സിനിമയിലൂടെയാണ് അദ്ദേഹം ലോകമെമ്പാടുമുള്ള ആസ്വാദകരുടെ ഹൃദയം കീഴടക്കിയത്. സിനിമയെ വെറുമൊരു വിനോദോപാധിയായല്ല, മറിച്ച് 'കണ്ണുകളിലൂടെ അനുഭവിക്കുന്ന കവിത' (Poetry of the Cinema) ആയാണ് അദ്ദേഹം കണ്ടത്.

ഗ്രീക്ക് പുരാണങ്ങളിലെ കഥകളെ ആധുനിക മനുഷ്യന്റെ അനുഭവങ്ങളുമായി ബന്ധിപ്പിക്കാനുള്ള കഴിവാണ് കോക്തോയുടെ സൃഷ്ടികളുടെ പ്രത്യേകത. അദ്ദേഹത്തിന്റെ പ്രശസ്ത നാടകമായ Orphée , ഓർഫ്യൂസിന്റെ മിത്തോളജിയെ പുതിയ രീതിയിൽ അവതരിപ്പിച്ചു. പിന്നീട് ഇതേ ആശയം വികസിപ്പിച്ചുകൊണ്ടാണ് അദ്ദേഹം സിനിമകളുടെ ഒരു പരമ്പര സൃഷ്ടിച്ചത്.

അദ്ദേഹത്തിന്റെ ഏറ്റവും മികച്ച മൂന്ന് ചിത്രങ്ങൾ 'ഓർഫിക് ട്രിലജി ' (Orphic Trilogy) എന്നറിയപ്പെടുന്നു:

1. The Blood of a Poet (1930): ഒരു കലാകാരന്റെ ആത്മസംഘർഷങ്ങളെ സ്വപ്നതുല്യമായ ദൃശ്യങ്ങളിലൂടെ ആവിഷ്കരിച്ച ആദ്യ ചിത്രമാണ്.
2. Orpheus (1950): ഗ്രീക്ക് പുരാണത്തെ യുദ്ധാനന്തര പാരീസിന്റെ പശ്ചാത്തലത്തിൽ പുനരാവിഷ്കരിച്ച ലോകസിനിമയിലെ എക്കാലത്തെയും മികച്ച ക്ലാസിക്.
3. estament of Orpheus (1960): മരണത്തിന് തൊട്ടുമുമ്പ് അദ്ദേഹം സംവിധാനം ചെയ്ത സ്വന്തം ആത്മകഥാംശമുള്ള ചിത്രം.

ഇവ കൂടാതെ 1946-ൽ അദ്ദേഹം സംവിധാനം ചെയ്ത 'ബ്യൂട്ടി ആൻഡ് ദി ബീസ്റ്റ്' (Beauty and the Beast / La Belle et la Bête) എന്ന ഫാന്റസി ചിത്രം ദൃശ്യമികവിന്റെയും പ്രായോഗിക ഇഫക്റ്റുകളുടെയും മികച്ച ഉദാഹരണമായി ഇന്നും വാഴ്ത്തപ്പെടുന്നു.

സ്വപ്നങ്ങളെയും യാഥാർത്ഥ്യങ്ങളെയും തമ്മിൽ വേർതിരിക്കാൻ കഴിയാത്ത വിധം കൂട്ടിക്കലർത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി. കണ്ണാടികൾ, മിഥ്യാഭ്രമങ്ങൾ, മന്ദഗതിയിലുള്ള ദൃശ്യങ്ങൾ , റിവേഴ്സ് ഷോട്ടുകൾ എന്നിവ അദ്ദേഹം തന്റെ സൃഷ്ടികളിൽ ആവർത്തിച്ച് ഉപയോഗിച്ചു.

മരണം, അമരത്വം, കവിയുടെ ആത്മബലി എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പ്രമേയങ്ങൾ. അദ്ദേഹത്തിന് കല എന്നത് യാഥാർഥ്യത്തിന്റെ പകർപ്പല്ല; മറിച്ച് അദൃശ്യമായ ലോകങ്ങളെ ദൃശ്യമാക്കാനുള്ള മാർഗമായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ സിനിമകൾ ഇന്നും അത്ഭുതവും രഹസ്യവും നിറഞ്ഞ അനുഭവമായി തോന്നുന്നത്.

1963 ഒക്ടോബർ 11-ന് കോക്തോ അന്തരിച്ചെങ്കിലും അദ്ദേഹത്തിന്റെ സ്വാധീനം ഇന്നും കലാലോകത്ത് നിലനിൽക്കുന്നു. സാഹിത്യത്തിന്റെയും സിനിമയുടെയും അതിരുകൾ ഇല്ലാതാക്കി, "ദൃശ്യകവിത" എന്ന ആശയത്തെ ജനപ്രിയമാക്കിയ കലാകാരനെന്ന നിലയിലാണ് അദ്ദേഹത്തെ കൂടുതലായി ഓർക്കുന്നത്.

കവിതയെ സിനിമയുമായും മറ്റ് കലകളുമായും കൂട്ടിച്ചേർത്ത കോക്തോയുടെ പരീക്ഷണങ്ങൾ ഇന്നും ആധുനിക ചലച്ചിത്ര പ്രവർത്തകർക്ക് വലിയൊരു പ്രചോദനമാണ്.




ഴാങ് കോക്തോ 1950-ൽ പുറത്തിറക്കിയ വിഖ്യാത അവാങ്-ഗാർഡ് (avant-garde) ചലച്ചിത്രമാണ് ' ഓർഫ്യൂസ് ' (Orpheus / Orphée). ഗ്രീക്ക് പുരാണത്തിലെ ഓർഫ്യൂസിന്റെയും യുറിഡൈസിന്റെയും പ്രണയകഥയെ രണ്ടാം ലോകമഹായുദ്ധത്തിനു

ശേഷമുള്ള പാരിസിന്റെ പശ്ചാത്തലത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചാണ് ഈ ചിത്രം ഒരുക്കിയിരിക്കുന്നത്. സിനിമയെ ഒരു ദൃശ്യകവിതയായി മാറ്റിയ കോക്തോയുടെ ഈ സൃഷ്ടി ലോകസിനിമയിലെ എക്കാലത്തെയും മികച്ച ക്ലാസിക്കുകളിൽ ഒന്നായി കണക്കാക്കപ്പെടുന്നു.

സിനിമയിലെ ഓർഫ്യൂസ്  സമകാലിക പാരിസിലെ പ്രശസ്തനായ ഒരു കവിയാണ്. തന്റെ കരിയറിന്റെ ഔന്നത്യത്തിൽ നിൽക്കുമ്പോഴും പുതിയ തലമുറയിലെ എഴുത്തുകാരിൽ നിന്നും വിമർശകരിൽ നിന്നും അദ്ദേഹം വലിയ രീതിയിലുള്ള ഒറ്റപ്പെടൽ നേരിടുന്നുണ്ട്. ഒരു ദിവസം 'കഫേ ഡെ പോയറ്റ്സ്' (Café des Poètes) എന്ന കവികളുടെ താവളത്തിൽ വെച്ചുണ്ടാകുന്ന ഒരു സംഘർഷത്തിൽ യുവകവിയായ സെഗെസ്റ്റെ കൊല്ലപ്പെടുന്നു. ദുരൂഹ സാഹചര്യത്തിൽ അവിടെയെത്തുന്ന ഒരു  രാജകുമാരി സെഗെസ്റ്റെയുടെ മൃതദേഹത്തോടൊപ്പം ഓർഫ്യൂസിനെയും തന്റെ റോൾസ് റോയ്സ് കാറിൽ കൂട്ടിക്കൊണ്ടുപോകുന്നു.



യഥാർത്ഥത്തിൽ ഈ രാജകുമാരി 'മരണത്തിന്റെ'  പ്രതീകമായിരുന്നു. മരണവുമായി പ്രണയത്തിലാകുന്ന ഓർഫ്യൂസ് , കാറിലെ റേഡിയോയിലൂടെ കേൾക്കുന്ന ദുരൂഹമായ കവിതാശകലങ്ങളിൽ (രണ്ടാം ലോകമഹായുദ്ധകാലത്തെ ഫ്രഞ്ച് പ്രതിരോധ സന്ദേശങ്ങളെ അനുസ്മരിപ്പിക്കുന്നവ) ആകൃഷ്ടനാകുന്നു.

തന്റെ കവിതയ്ക്കുള്ള പ്രചോദനത്തിനായി അദ്ദേഹം സ്വന്തം ഭാര്യയായ യുറിഡിസിനെപ്പോലും അവഗണിക്കാൻ തുടങ്ങുന്നു. ഒടുവിൽ മരണം യൂറിഡൈസിനെ തട്ടിയെടുക്കുമ്പോൾ, അവളെ തിരികെ കൊണ്ടുവരാനായി   ഓർഫ്യൂസ് പാതാളത്തിലേക്ക്  യാത്ര തിരിക്കുന്നു.

ഒരു കണ്ണാടിയിലൂടെ കടന്നാണ്   ഓർഫ്യൂസ് മരണലോകത്തിലേക്ക് പ്രവേശിക്കുന്നത്. അവിടെ  വിചിത്രമായ കോടതിയിൽ വിചാരണ നടക്കുന്നു. ഒടുവിൽ യൂറിഡൈസിനെ ജീവലോകത്തിലേക്ക് തിരികെ അയക്കാൻ കോടതി അനുമതി നൽകുന്നു. എന്നാൽ ഒരു നിബന്ധനയുണ്ട്:   ഓർഫ്യൂസ്  ഇനി ഒരിക്കലും യൂറിഡൈസിനെ നോക്കരുത്. അവൻ അവളെ നോക്കുന്ന നിമിഷം അവൾ വീണ്ടും മരണലോകത്തിലേക്ക് മടങ്ങിപ്പോകും.

ജീവിതത്തിലേക്ക് മടങ്ങിയെത്തിയിട്ടും ഓർഫ്യൂസ്  മരണത്തിന്റെ രാജകുമാരിയോടുള്ള ആകർഷണത്തിലും യൂറിഡൈസിനോടുള്ള സ്നേഹത്തിലും പെട്ടുപോകുന്നു. ഒടുവിൽ ഒരു നിമിഷത്തെ അശ്രദ്ധയിൽ അവൻ കണ്ണാടിയിലെ പ്രതിബിംബത്തിലൂടെ യൂറിഡൈസിനെ നോക്കുന്നു. അതോടെ അവൾ വീണ്ടും അപ്രത്യക്ഷയാകുന്നു.

പിന്നീട്  ഏകാന്ത ഗായകനായി പ്രീതിയാർജിച്ച ഓർഫ്യൂസ് കൊല്ലപ്പെടുകയും മരണലോകത്തിൽ എത്തുകയും ചെയ്യുന്നു.

ചിത്രത്തിന്റെ അവസാനത്തിൽ, മരണത്തിന്റെ രാജകുമാരി സ്വന്തം വിധിയെ ത്യജിച്ച് ഓർഫ്യൂസിനും യൂറിഡൈസിനും വീണ്ടും ജീവിക്കാൻ അവസരം നൽകുന്നു. അവർ മുൻ സംഭവങ്ങളുടെ ഓർമ്മകളില്ലാതെ സാധാരണ ജീവിതത്തിലേക്ക് മടങ്ങുന്നു.
ഓർഫ്യൂസ്  തന്റെ കുടുംബജീവിതത്തിലേക്ക് തിരിച്ചെത്തുകയും ഒരു പുതിയ തുടക്കം നേടുകയും ചെയ്യുന്നു.



ഈ കഥ ഒരു പ്രണയകഥ മാത്രമല്ല; കലാകാരന്റെ അമരത്വലാലസ, മരണത്തോടുള്ള ആകർഷണം, സ്നേഹത്തിന്റെയും സൃഷ്ടിയുടെയും വില എന്നിവയെക്കുറിച്ചുള്ള ഒരു ദാർശനിക ഉപമ കൂടിയാണ്.

സാങ്കേതികവിദ്യകൾ വളരെ പരിമിതമായിരുന്ന 1950-കളിൽ അത്ഭുതകരമായ ദൃശ്യവിസ്മയങ്ങളാണ് കോക്തോ ഈ ചിത്രത്തിൽ ഒരുക്കിയത്.
സിനിമയിൽ ജീവനുള്ളവരുടെ ലോകത്തുനിന്ന് മരണത്തിന്റെ ലോകത്തേക്ക് (പാതാളത്തിലേക്ക്) കടക്കാനുള്ള വാതിലായി ഉപയോഗിക്കുന്നത് കണ്ണാടികളെയാണ്. "ഒരു വ്യക്തിക്ക് സ്വന്തം മരണം ദർശിക്കാനുള്ള മാധ്യമമാണ് കണ്ണാടി" എന്ന ദാർശനിക വശം ഇതിലൂടെ സംവിധായകൻ പങ്കുവെക്കുന്നു.

കോക്തോയുടെ  ലോകത്തിൽ കണ്ണാടികൾ വെറും പ്രതിബിംബങ്ങളല്ല; അവ ജീവനും മരണവും തമ്മിലുള്ള കവാടങ്ങളാണ്.

കഥാപാത്രങ്ങൾ കണ്ണാടിയിലൂടെ മരണലോകത്തിലേക്ക് കടന്നുപോകുന്ന രംഗങ്ങൾ സിനിമാചരിത്രത്തിലെ ഏറ്റവും പ്രശസ്തമായ ദൃശ്യങ്ങളിൽ പെടുന്നു. യാഥാർഥ്യവും സ്വപ്നവും തമ്മിലുള്ള അതിർത്തികൾ മായ്ച്ചുകൊണ്ടുള്ള ദൃശ്യഭാഷയാണ് ചിത്രത്തിന്റെ ഏറ്റവും വലിയ ശക്തി.

മരണത്തെ ഒരു സുന്ദരിയായ സ്ത്രീയായി ചിത്രീകരിക്കുകയും മോട്ടോർസൈക്കിളുകളെ മരണത്തിന്റെ ദൂതന്മാരാക്കുകയും ചെയ്ത കോക്തോയുടെ കാഴ്ചപ്പാട് പിന്നീട് അനേകം സിനിമകളെ സ്വാധീനിച്ചു.

ഇന്ന് കാണുമ്പോഴും ഓർഫ്യൂസ് അതിന്റെ മായാജാലം  നിലനിർത്തുന്നു . പ്രണയകഥ, ഫാന്റസി, തത്ത്വചിന്ത, ദൃശ്യകവിത എന്നിവയെ ഒരുമിപ്പിച്ച ഈ ചിത്രം ലോകസിനിമയിലെ ഒരു ക്ലാസിക്കായി തുടരുന്നു.

മരണത്തെക്കുറിച്ചുള്ള ഭയമല്ല, മറിച്ച് അതിന്റെ രഹസ്യസൗന്ദര്യമാണ് കോക്തോ ഇവിടെ അന്വേഷിക്കുന്നത്. അതുകൊണ്ടു തന്നെ ഓർഫ്യൂസ് ഒരു സിനിമ മാത്രമല്ല, ജീവനും മരണവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ഒരു കവിതയുമാണ്.

കവിതയെപ്പോലെ അനുഭവിക്കേണ്ട ഒരു സിനിമയാണ് ഓർഫ്യൂസ് . കഥയുടെ യുക്തിയേക്കാൾ അതിന്റെ സ്വപ്നസദൃശമായ അന്തരീക്ഷത്തെയും പ്രതീകങ്ങളെയും സ്വീകരിക്കാൻ തയ്യാറാകുന്ന പ്രേക്ഷകന് ഇത് മറക്കാനാവാത്ത അനുഭവമായി മാറും.

# ഓർഫ്യൂസിന്റെ കിന്നര താരയൂഥം

(കവിത)



**രാജാംബിക**

( വൈസ് പ്രസിഡന്റ് , ഫിൽക്ക )

ഒളിമ്പസ് മലകളിൽ നിന്ന്
നിശാഗന്ധികൾ ചുംബിച്ചു
നൃത്തമാടിയെത്തും മണിത്തെന്നലേ,
കിന്നര തന്ത്രികൾ താനേ
വിരലുകൾ തഴുകുന്ന നിലാവിൽ
ഞാനൊരു പാട്ടു പാടട്ടെ ,
സ്നേഹമധുസാഗരത്തിൻ
തിരമാല തുളുമ്പുന്ന ഹൃത്തിൽ ,
യവനദൈവങ്ങളെ കനിയൂ , ഗീതാമൃതം...

കേൾക്കുക, സർപ്പ ദംശനമേറ്റു
മൃത്യു പൂകിയെൻ പ്രണയിനി , യൂറിഡയിസ് ,
നിഴലിന്റെ ലോകത്ത് വിലപിച്ചിരിപ്പൂ...

എനിക്ക് പോകണമവളെ കൂട്ടാൻ ,
തിരികെ ഈ മനുഷ്യലോകത്തിലേക്ക്...

കടത്തുകാരാ നന്ദി, സ്റ്റൈക് നദി കടന്നിതാ
ഞാനെത്തുന്നു കിന്നരം മീട്ടി ,
മൃത്യുവിൻ രാജൻ , ഹേ, ഹേഡിയസ് പ്രഭോ,
പെർസിഫോൺ പ്രഭ്വി, കേൾക്കുകെൻ ഗീതം,
തകരുന്നു ഹൃദയതന്ത്രികൾ ...!

സംഗീതധാരയിൽ മയങ്ങി അവർ ,
ഒരു കൽപ്പനയ്ക്ക് വഴങ്ങി ,
രക്ഷിച്ചെൻ യൂറിഡയിസിനെ
പക്ഷേ ,



മരണകവാടത്തിൻ ആമുഖത്തോർക്കാതെ
പിന്തിരിഞ്ഞൊന്നു നോക്കിപ്പോയി ഞാൻ .

ആ നിമിഷത്തിൽ അവൾ മാഞ്ഞുപോയി ,
ഇനിയൊരു മടക്കമില്ല .
വിഷണ്ണനായി, വിരഹം തീർത്ത മരുഭൂവിൽ

തകർന്ന സ്വപ്നങ്ങളുമായി
ഹോ , എൻ ജീവനേ...!

വിഭ്രാന്തിതൻ വനികയിൽ സഖീ
നിന്നോർമ്മയിൽ
കിന്നരം മീട്ടി ഞാൻ  രാപ്പകൽ പാടിയലഞ്ഞു.

അസൂയാലുക്കൾ എതിർ ദേവതകൾ,
കനിവിന്റെയെതിർവാക്ക് തീർത്ത
ചോരച്ചാലുകൾ ,
വനദേവതകൾ എൻെറ ശിരസ്സറുത്തു ,
ഉടലു കീറി, എന്റെ മനസ്സ് നീറി...
കൂലംകുത്തിയൊഴുകുന്ന പുഴയിൽ
പകയോടവർ വലിച്ചെറിഞ്ഞു ,

ശിരസ്സ് അപ്പോഴും കിന്നരത്തോടൊപ്പം
പാട്ടുപാടി നദിയിൽ മറ്റൊരോടമായൊഴുകി ...

സ്ഥാപിക്കപ്പെട്ടയെന്റെ ശിരസ്സിൽ നിന്നും
പ്രവചനങ്ങൾ ദിവ്യ വചനഗീതങ്ങൾ വീണ്ടും
അലയടിച്ചു .

ക്രോധാന്ധത ബാധിച്ച ചുവന്ന നയനങ്ങളാൽ
"വചന ഗീതങ്ങൾ നിർത്തുക" ,
പെരുന്തച്ചൻെറ നിരാകരിക്കാനാകാത്ത
ഉത്തരവ് .

ദേവസിംഹാസങ്ങൾക്ക് പേപിടിച്ചു ,
അവശേഷിപ്പില്ലാതെ എന്നെ കുഴിച്ചുമൂടി .

കിന്നരത്തെ വാഴിച്ചു
ഒരു നക്ഷത്ര സമൂഹമായി
സ്വർഗ്ഗത്തിൽ ചേതോഹരമായി.

ഉയർന്നു വാനിൽ  നിറഞ്ഞു ഗീതികൾ ,
കാലത്തിന്നപ്പുറം
പ്രിയരേവരും ചേർത്തുനിർത്തുമ്പോൾ
വീണ്ടും പാടാതിരിക്കുവതെങ്ങനെ ഞാൻ ...!



# വെള്ളിനക്ഷത്രത്തെ മോഹിച്ച രാപ്പാടി

JOHN KEATS

ഡോ. പി . അജികുമാർ
(ഫിൽക്ക)





**അകാലത്തിൽ പൊലിഞ്ഞ അനശ്വര കവി "ജോൺ കീറ്റ്സി"ൻ്റെ അവസാന മൂന്ന് വർഷത്തെ ജീവിതത്തെയും " ഫാനി ബ്രൗണു"മായുള്ള പ്രണയത്തെയും പ്രമേയമാക്കി "ജെയ്ൻ കാംപിയൻ" തിരക്കഥ എഴുതി സംവിധാനം ചെയ്ത ചിത്രമാണ് " ബ്രൈറ്റ് സ്റ്റാർ).**

'ഭാവന കണ്ടെത്തുന്ന സത്യം
സത്യമല്ലാതാവുക വയ്യ'

എന്നുറക്കെ പ്രഖ്യാപിച്ച ഇംഗ്ലീഷ് റൊമാന്റിക് പ്രസ്ഥാനത്തിന്റെ രണ്ടാം തലമുറയിലെ പ്രശസ്ത കവിയാണ് ജോൺ കീറ്റ്സ് .

ഈ പ്രസ്ഥാനത്തിലെ ബൈറനും ഷെല്ലിക്കുമൊപ്പം നിൽക്കുന്ന കീറ്റ്സിന്റെ കവിതകൾക്ക് അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് വേണ്ടത്ര സ്വീകാര്യത ലഭിച്ചില്ല. കേവലം ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ താൻ ഒരു പരാജയമാണെന്ന് വിശ്വസിച്ച് അദ്ദേഹം മരിച്ചു. മരണാനന്തരം പ്രശസ്തി നേടുകയും പിൽക്കാല കവികളിൽ ഗണ്യമായ സ്വാധീനം ചെലുത്തുകയും ചെയ്തു.

ബിംബ സമൃദ്ധമായ " Odes" അഥവാ അർച്ചനാ കാവ്യങ്ങളാണ് കീറ്റ്സിനെ പ്രശസ്തനാക്കിയത്. സൗന്ദര്യം, പ്രകൃതിവർണ്ണന, പ്രണയവും വിരഹവും നശ്വരതയെക്കുറിച്ചുള്ള ചിന്ത എന്നിവയെല്ലാം " കലയും സൗന്ദര്യവും ശാശ്വത"മാണെന്ന് വിശ്വസിച്ച അദ്ദേഹത്തിന്റെ കവിതകളിൽ കാണാം.

തോമസ് കീറ്റ്സിന്റെയും ഫ്രാൻസിസ് ജെനിങ്സിന്റെയും മൂത്തമകനായി 1795 ഒക്ടോബർ 31 ന് കീറ്റ്സ് ജനിച്ചു. അദ്ദേഹത്തിന് രണ്ട് സഹോദരൻമാരും ഒരു സഹോദരിയുമുണ്ടായിരുന്നു. പിതാവ് ഒരു മദ്യശാലയിലെ വെയിറ്ററായിരുന്നു. വേണ്ടത്ര സാമ്പത്തിക ശേഷി ഇല്ലാത്തതിനാൽ

സാധാരണ സ്കൂളിൽ ചേർന്ന കീറ്റ്സ് പിന്നീട് മുത്തശ്ശന്റെ വീടിനടുത്ത് 'ജോൺ ക്ലാർക്കി' ന്റെ സ്കൂളിൽ താമസിച്ച് പഠിച്ചു.
കീറ്റ്സിന്റെ സുഹൃത്തായി മാറിയ ക്ലാർക്ക് , ' സ്പെൻസർ' തുടങ്ങിയ നവോത്ഥാന നായകൻമാരുടെ രചനകളും' ചാപ്മാന്റെ' ഹോമർ പരിഭാഷകളും അദ്ദേഹത്തെ പരിചയപ്പെടുത്തി. ഒരിക്കൽ സ്കൂളിലെത്തി മകനെ കണ്ട് മടങ്ങിയ കീറ്റ്സിന്റെ പിതാവ് കുതിരപ്പുറത്തുനിന്ന് വീണ് മരണമടഞ്ഞു. അമ്മ വീണ്ടും വിവാഹിതയായി. താമസിയാതെ അതും തകർന്നു. വിൽപ്പത്രം എഴുതാതെ മരിച്ച പിതാവിന്റെ സ്വത്ത് രണ്ടാനച്ഛൻ കൈക്കലാക്കി. അനാഥരായിത്തീർന്ന അവർ മുത്തശ്ശനോടൊപ്പം താമസമായി. പതിനാലാമത്തെ വയസ്സിൽ കീറ്റ്സിന് മാതാവിനെയും നഷ്ടമായി.

കീറ്റ്സിനെ ഡോക്ടർ ' തോമസ് ഹാമോസി' ന്റെ അടുക്കൽ വൈദ്യപരിശീലനത്തിനയച്ചു. തുടർന്ന് വൈദ്യപഠനത്തിനായി രജിസ്റ്റർ ചെയ്തു. ഡ്രസ്സർ പദവിയിൽ നിയമിതനാവുകയും ചെയ്തു. എഴുത്തിനോട് താൽപ്പര്യമുളള കീറ്റ്സിന് ഈ ജോലി ഇഷ്ടമായിരുന്നില്ല. ബൈറനെപ്പോല വലിയ കവിയാകണമെന്ന ആഗ്രഹം ഒരു വശത്ത്, കുടുംബത്തിന്റെ പ്രാരാബ്ധം മറുവശത്ത്. ഇത് കീറ്റ്സിനെ ധർമസങ്കടത്തിലാക്കി. വിഷാദാത്മകനാക്കി.

ആശുപത്രി ജോലിക്കിടയിലും കൂടുതൽ സമയം സാഹിത്യപഠനത്തിന് കണ്ടെത്തി. 1816 ൽ താൻ ഏറെ ബഹുമാനിക്കുന്ന കവി " ലീഹണ്ടി" ന്റെ ' എക്സാമിനർ' മാസികയിൽ " ഓ സോളിറ്റ്യൂഡ്" എന്ന ആദ്യകവിത പ്രസിദ്ധീകരിച്ചു. പിന്നീട് "കവിതകൾ" എന്ന സമാഹാരവും. പല പ്രമുഖകവികളെയും ഇക്കാലത്ത് പരിചയപ്പെടാനായി. അവരിൽ "ജോൺ ഹാമിൽട്ടൺ റെയ്നോൾഡ്സു"മായുള്ള സൗഹൃദം കീറ്റ്സിനെ പ്രസിദ്ധനാക്കി. ഇക്കാലത്ത് പ്രസിദ്ധീകരിച്ച "എൻ ഡിമിയൻ" വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല.



കുടുംബരോഗമെന്ന് പറയുന്ന ക്ഷയം ബാധിച്ച് 1817 ൽ സഹോദരൻ "ടോം കീറ്റ്സ്" അന്തരിച്ചു. സഹോദര പരിചരണത്തിലൂടെ കീറ്റ്സും രോഗബാധിതനായി.
അദ്ദേഹത്തിന്റെ പ്രസിദ്ധമായ "അർച്ചനാ കാവ്യ"ങ്ങൾ പിറന്നത് ഇക്കാലത്താണ്. ഇതിനിടയിൽ കത്തുകളിലൂടെയും കവിതകളുടെ ആദ്യ രൂപങ്ങളിലൂടെയും " ഫാനി" യെന്ന" "ഫ്രാൻസസ് ബ്രാണി" നെ കീറ്റ്സ് പരിചയപ്പെടുന്നു.
കവിത്വമോഹത്തിന്റെ പേരിലുള്ള സമരങ്ങൾക്കും സാമ്പത്തിക ഞെരുക്കങ്ങൾക്കുമിടയിൽ ഫാനിയുമായുള്ള വിവാഹം അസാധ്യമെന്ന തിരിച്ചറിവ് കീറ്റ്സിനെ

വിഷാദവാനാക്കി. കൂട്ടത്തിൽ രോഗ പീഡയും. തനിക്ക് സ്വന്തമാക്കാനാവാത്ത "നക്ഷത്രത്തെ" ഓർത്തുള്ള വേദനയിൽ നിന്നു പിറന്ന കവിതയാണ് " വെള്ളിനക്ഷത്രം" . ക്ഷയരോഗം മൂർച്ഛിച്ച് റോമിലേക്ക് പോകേണ്ടിവന്ന പ്രിയ കവി 1821 ഫെബ്രുവരി 23 ന് ഈ ലോകത്തോട് വിട പറഞ്ഞു.

സുഹൃത്ത് "ജോസഫ് സെവേണി"നൊപ്പം റോമിലേക്കുള്ള കപ്പൽയാത്രയിലാണ് വെള്ളിനക്ഷത്രത്തിന്റെ അവസാന തിരുത്തലുകൾ നടത്തിയത്. കീറ്റ്സ് റോമിൽ കഴിഞ്ഞ വീട് ഇപ്പോൾ " കീറ്റ്സ്- ഷെല്ലി" മ്യൂസിയമാണ്.

ശത്രുക്കളുടെ, ദുഷ്ടശക്തിയോടുള്ള എതിർപ്പായി കീറ്റ്സിന്റെ നിദ്ദേശ പ്രകാരം ചരമ ഫലകത്തിൽ ഈ വാക്കുകൾ കുറിച്ചിട്ടിട്ടുണ്ട്. " ഈ കല്ലറയിൽ യുവാവായ ഒരു ഇംഗ്ലീഷ് കവിയുടെ ഭൗതിക ശരീരമാണ്" .

കീറ്റ്സിന്റെ മരണത്തിൽ പരിതപിച്ചു കൊണ്ട് ഷെല്ലി രചിച്ച വിലാപകാവ്യമാണ് " അഡോണൈ" .

"ഏറ്റവും സുന്ദരവും അവസാനത്തേതുമായ പൂമൊട്ട് വിരിയും മുമ്പേ ദളങ്ങൾ മുറിക്കപ്പെട്ട്

ഫലത്തിന്റെ വാഗ്ദാനം മാത്രം അവശേഷിപ്പിച്ച് യാത്രയായി."..... " ജലത്തിൽ
പേരെഴുതപ്പെട്ടവൻ
ഇവിടെ ശയിക്കുന്നു"( അഡോണൈ). പ്രസാധകരുടെയും നിരൂപകരുടയും നിശിത വിമർശന വിധേയനായ കീറ്റ്സ് വിടപറഞ്ഞ് മുപ്പതു വർഷങ്ങൾക്കു ശേഷമാണ് പ്രശസ്തിയുടെ കൊടുമുടിയേറിയത്.

എല്ലാ കാലത്തും യുഗത്തിലും നിലനിൽക്കുന്ന കാവ്യഭാവന യുടെ അത്ഭുത ശില്പമായി " രാപ്പാടിയുടെ ഗീത" ത്തെ കാണുന്നു. കൂടാതെ ലാമിയ, ഇസബെല്ല, സ്ലീപ് ആൻഡ് പൊയട്രി, ശരത് കാലത്തിനോട്, ആഗ്നസ് പുണ്യവതിയുടെ പൂർവ്വ സന്ധ്യ, "ഓഡ് ഓൺ എ ഗ്രീഷ്യൻ ഏൺ" ഉൾപ്പെടെയുള്ള അഞ്ച് അർച്ചനാ ഗീതങ്ങൾ, ബ്രൈറ്റ് സ്റ്റാർ തുടങ്ങിയ ഉത്കൃഷ്ട കാവ്യ തല്ലജങ്ങൾ അദ്ദേഹം സംഭാവന ചെയ്തു.

"സൗന്ദര്യം സത്യമാണ്, സത്യം സൗന്ദര്യവുമാണ്, അതുമാത്രമാണ് ഭൂമിയിൽ അറിയാവുന്നതും അറിയേണ്ടതും" ....

ഹൃദയാഭിലാഷങ്ങളുടെ വിശുദ്ധിയിലും ഭാവനയുടെ സത്യത്തിലും ഉറച്ചു വിശ്വസിച്ച കീറ്റ്സ് എന്ന വിശ്വകവി ഇന്നും ജനമനസ്സിൽ സൂര്യതേജസ്സായി ജ്വലിച്ചു നിൽക്കുന്നു.

## "വെള്ളിനക്ഷത്രം" (Bright Star)

അകാലത്തിൽ പൊലിഞ്ഞ അനശ്വര കവി "ജോൺ കീറ്റ്സി"ന്റെ അവസാന മൂന്ന് വർഷത്തെ ജീവിതത്തെയും " ഫാനി ബ്രാണു"മായുള്ള പ്രണയത്തെയും പ്രമേയമാക്കി "ജെയ്ൻ കാംപിയൻ" തിരക്കഥ എഴുതി സംവിധാനം ചെയ്ത ചിത്രമാണ് " (ബ്രൈറ്റ് സ്റ്റാർ).

2009 മെയ് മാസം റിലീസായ ഈ ജീവചരിത്ര റൊമാന്റിക് ചിത്രം കീറ്റ്സിന്റെ ജീവചരിത്രത്തിൽ നിന്ന് പ്രചോദനം

ഉൾക്കൊണ്ടതാണ്. " ബ്രൈറ്റ് സ്റ്റാർ , ഞാൻ നിന്നെപ്പോലെ ഉറച്ചുനിൽക്കുമോ" എന്ന കീറ്റ്സിന്റെ കവിതയെ പരാമർശിക്കുന്നതാണ് ചിത്രത്തിന്റെ പേര്.

ഫാനിയുടെ കുടുംബ സുഹൃത്തായ ദിൽക്കസ് കുടുംബത്തിന്റെ ഡബിൾ ഹൗസിൽ ഒരു പകുതി  കീറ്റ്സിന്റെ സുഹൃത്തും എഴുത്തിലെ സഹകാരിയുമായ ചാൾസ് ബ്രൗൺ സ്വന്തമാക്കി. സുന്ദരിയായ " ഫാനി ബ്രാൺ" ഇവിടെ വെച്ചാണ്  കീറ്റ്സിനെ കണ്ടുമുട്ടുന്നത്. വസ്ത്രങ്ങൾ, തൊപ്പികൾ എന്നിവ നിർമ്മിച്ച് സമയം ചെലവഴിക്കുന്ന ഫാഷണബിൾ ആയ ഫാനിയുടെ പ്രണയ വ്യക്തിത്വവുമായി ഒരിക്കലും ഇണങ്ങാത്ത , അകന്നു നിൽക്കുന്ന വ്യക്തിത്വമാണ് കീറ്റ്സിന്റേത്.




അവളുടെ സഹോദരങ്ങളായ സാമുവലിനും ടൂട്സിനും കീറ്റ്സിന്റെ "എൻഡിമിയോൺ " കവിതാ സമാഹാരം ലഭിച്ചതിനു ശേഷം ഫാനി കവിയെ പിന്തുടരാൻ ശ്രമിക്കുന്നു. കവിയുമായി ഇടപഴകാനുള്ള അവളുടെ ശ്രമങ്ങൾ വിഫലമാകുന്നു. സഹോദരൻ ടോമിന്റെ വിയോഗത്തിൽ ഫാനിക്കുള്ള ദുഃഖം മനസ്സിലാക്കുന്ന കീറ്റ്സിന്റെ മനോഭാവം മാറുന്നു.

തന്റെ കവിതാപാഠങ്ങൾ അവൾക്ക് നൽകുന്നു. തന്നെ മനസ്സിലാക്കാൻ ശ്രമിക്കാത്ത കവിയുടെ മനോഭാവത്തിൽ അവൾക്കും വിഷമമുണ്ട്. ബ്രാൺ കുടുംബത്തോടൊപ്പം ക്രിസ്തുമസ് ആഘോഷിക്കുന്നതിനിടയിൽ കീറ്റ്സും ഫാനിയും കൂടുതൽ അടുക്കുന്നു.

കീറ്റ്സിന് ഉപജീവന മാർഗ്ഗമോ വരുമാനമോ ഇല്ലാത്തതിനാൽ ഫാനിയെ  ഇഷ്ടപ്പെടാൻ കഴിയില്ലെന്ന് അവളുടെ അമ്മ അനുമാനിക്കുന്നു.

ഫാനിക്ക് ബ്രൗണിൽ നിന്ന് ഒരു വാലന്റൈൻ കാർഡ് ലഭിച്ചശേഷം , കീറ്റ്സ് അവരോട് വികാരാധീനനായി പെരുമാറുകയും അവർ പ്രണയികളാണോ എന്ന് ചോദിക്കുകയും ചെയ്യുന്നുണ്ട്. ഒരു ശൃംഗാരിയാണ് ഫാനിയെന്നാണ് ബ്രൗണിന്റെ പക്ഷം.  അയാൾ തമാശയ്ക്കാണ് വാലന്റൈൻ അയച്ചത്. ബ്രൗണിന്റെ ആരോപണങ്ങളും കീറ്റ്സിന് തന്നിലുള്ള വിശ്വാസക്കുറവും ഫാനിയെ വേദനിപ്പിക്കുന്നു.

വസന്തകാലത്ത് ദിൽക്കസ് കുടുംബം വെസ്റ്റ്മിൻസ്റ്ററിലേക്ക് താമസം മാറുന്നു. തുടർന്ന് ഫാനിയും കീറ്റ്സും അവരുടെ ആശയ വിനിമയം പുനരാരംഭിക്കുകയും ആഴത്തിൽ പ്രണയത്തിലാവുകയും ചെയ്യുന്നു.

വേനൽക്കാല അവധിക്കാലത്ത് ബ്രൗൺ കീറ്റ്സിനൊപ്പം പോകുമ്പോൾ അവരുടെ ബന്ധം പെട്ടെന്ന് അവസാനിക്കുന്നു. അവിടെ കീറ്റ്സിന് കുറച്ച് പണം സമ്പാദിക്കാനാകും. ഹൃദയം തകർന്നി രിക്കുന്ന ഫാനിക്ക് കവിയുടെ പ്രണയ ലേഖനങ്ങൾ

ആശ്വാസമാകുന്നു. ശരത് കാലത്ത് പുരുഷൻമാർ തിരിച്ചെത്തുമ്പോൾ കവിയോടുള്ള ഫാനിയുടെ അടുപ്പം യോഗ്യനായ ഒരു കാമുകനെ ലഭിക്കാൻ തടസ്സമാകുമെന്ന് അവളുടെ അമ്മ ആശങ്കപ്പെടുന്നു. ഇതിനിടയിൽ ഫാനിയും കീറ്റ്സും രഹസ്യമായി വിവാഹനിശ്ചയം നടത്തുന്നു. അടുത്ത ശൈത്യകാലത്ത് കീറ്റ്സിന് ക്ഷയരോഗം പിടിപെടുന്നു. വസന്തകാലം വരെ ആഴ്ചകളെടുത്ത് സുഖം പ്രാപിക്കുന്നു. അടുത്ത ശൈത്യകാലത്ത് ഇറ്റലിയിൽ കാലാവസ്ഥ ചൂടുള്ളതിനാൽ അവിടെക്കഴിയുന്നതിനായി സുഹൃത്തുക്കൾ ഫണ്ട് ശേഖരിക്കുന്നു. ബ്രൗണിന് കൂടെ പോകാൻ കഴിയാത്ത സാഹചര്യത്തിൽ കവി വേനൽക്കാലത്ത് ലണ്ടനിൽ താമസം കണ്ടെത്തുന്നു. പിന്നീട് ബ്രോൺ കുടുംബം അദ്ദേഹത്തെ താമസിപ്പിക്കുന്നു.

ഇറ്റലിയിൽ നിന്ന് മടങ്ങിയെത്തുമ്പോൾ വിവാഹം കഴിക്കാൻ ഫാനിയുടെ അമ്മ അനുഗ്രഹം നൽകുന്നു. അദ്ദേഹം പോകുന്നതിന്റെ തലേദിവസം രാത്രി ഫാനിയും സ്വകാര്യതയിൽ കണ്ണീരോടെ യാത്ര പറയുന്നു.

രോഗത്തിന്റെ സങ്കീർണ്ണതകൾ കാരണം അടുത്ത ഫെബ്രുവരിയിൽ കീറ്റ്സ് റോമിൽ മരണമടയുന്നു.

സിനിമയുടെ അവസാന നിമിഷങ്ങളിൽ ഫാനി വിലാപത്തിന്റെ ഭാഗമായി മുടി മുറിച്ച് കറുത്ത വസ്ത്രം ധരിച്ച് കീറ്റ്സ് പലതവണ നടന്ന മഞ്ഞു മൂടിയ വഴികളിലൂടെ നടക്കുന്നു... അവിടെ കവി അവൾക്കായെഴുതിയ "ബ്രൈറ്റ് സ്റ്റാർ" എന്ന പ്രണയഗീതം മുഴങ്ങുന്നു...

ഒരു പ്രണയ കവിതപോലെ പ്രേക്ഷകനിലേക്ക് മന്ദമന്ദം തഴുകിയെത്തുന്ന ഈ ചിത്രത്തിൽ ബ്രൈറ്റ് സ്റ്റാർ, ഓഡ്സ് റ്റു എ നൈറ്റിങ്ങ്ഗേൽ, ഇസബെല്ലാ തുടങ്ങിയ നിരവധി കവിതകളിലെ വരികൾ ആലപിക്കുന്നുണ്ട്.

ചിത്രത്തിനായി സംവിധായിക കാംപിയനും നടൻ ബെൻവിഷോവും വിപുലമായ ഗവേഷണം തന്നെ നടത്തി. തിരക്കഥയിലെ പല വരികളും കീറ്റ്സിന്റെ കത്തുകളിൽ നിന്ന് നേരിട്ടെടുത്തവയാണ്.

കീറ്റ്സായി " ബെൻ വിഷോ"യും ഫാനി യായി " ആബി കോൺ ബിഷും" , കൂടാതെ പോൾ ഷ്നൈഡർ, കെറി ഫോക്സ്, തോമസ് സാങ്സ്ററർ, കാംപെൽ ഹ്യൂസ് എന്നിവരും ഇതിൽ അഭിനയിക്കുന്നു.

2009 ലെ കാൻ ഫെസ്റ്റിവലിൽ പ്രധാന മത്സരത്തിൽ ബ്രൈറ്റ് സ്റ്റാർ ഇടം നേടി. ഒട്ടേറെ അവാർഡുകൾക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു. മികച്ച നിരൂപകപ്രശംസ നേടി.

കീറ്റ്സിന്റെ ജീവിതത്തിനും പ്രണയത്തിനും കവിതയ്ക്കും ആത്മാവിനുമായി തീർത്ത കലാസ്മാരകമായി ഈ സിനിമയെ വിലയിരുത്തുന്നു.

2019-ൽ" ദി ഗാർഡിയൻ" ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ മികച്ച നൂറ് ചിത്രങ്ങളുടെ പട്ടികയിൽപ്പെടുത്തി. കൂടാതെ ബി.ബി.സി , സ്ത്രീ സംവിധായകരുടെ മികച്ച നൂറ് ചിത്രങ്ങൾ കണ്ടെത്തുന്നതിനായി നടത്തിയ വോട്ടെടുപ്പിൽ ഇതിന്റെ സ്ഥാനം അൻപത്തിനാലായിരുന്നു.




# ബ്രൈറ്റ് സ്റ്റാറിന്റെ സംവിധായിക ജെയിൻ ക്യാംപിയൻ



ലീലാമ്മ തോമസ്
ബോട്സ്വാന
(ഫിൽക്ക)

**ക്യാംപിയന്റെ സിനിമകൾക്ക് ഒരു പ്രത്യേക താളം ഉണ്ട്, വേഗതയല്ല, മന്ദഗതിയാണ് അവയുടെ ശക്തി. ക്യാമറ പലപ്പോഴും നിരീക്ഷിക്കുന്നില്ല: അത് "കേൾക്കുന്നു" എന്നു തോന്നുന്നു. പ്രകൃതി, വെളിച്ചം, ശരീരഭാഷ, ചെറിയ ചലനങ്ങൾ, ഇവയിലൂടെയാണ് അവൾ വികാരങ്ങൾ നിർമ്മിക്കുന്നത്.**

**ജെ**യിൻ ക്യാംപിയൻ ( Jane Campion . ജനനം: 30 ഏപ്രിൽ 1954) ന്യൂസിലാൻഡിലെ പ്രമുഖ ചലച്ചിത്രസംവിധായികയും തിരക്കഥാകൃത്തുമാണ്.

സാമൂഹികധാരകളിൽ നിന്ന് അകന്നുനിൽക്കുന്ന, വിപ്ലവസ്വഭാവമുള്ള സ്ത്രീകഥാപാത്രങ്ങളെ കേന്ദ്രമാക്കി കഥപറയുന്ന ക്യാംപിയന്റെ സിനിമകൾ സ്ത്രീസിനിമയുടെ ചരിത്രത്തിൽ നിർണായക സ്ഥാനമാണ് കൈവരിച്ചിരിക്കുന്നത്. സ്ത്രീകളുടെ അന്തർലോകവും സ്വാതന്ത്ര്യബോധവും സൂക്ഷ്മവും ശക്തവുമായ ദൃശ്യഭാഷയിലൂടെ ആവിഷ്കരിച്ചുകൊണ്ട്, സമകാലിക ലോകസിനിമയിലെ ഏറ്റവും ശക്തമായ സ്ത്രീശബ്ദങ്ങളിലൊന്നായി കാംപിയൻ അംഗീകരിക്കപ്പെടുന്നു.

Sweetie എന്ന ചിത്രത്തിലൂടെയാണ് അവളുടെ സംവിധായിക ജീവിതത്തിന് തുടക്കം. An Angel at My Table (1990), The Piano (1993), The Portrait of a Lady (1996), Holy Smoke! (1998), Bright Star (2009), The Power of the Dog (2021) തുടങ്ങിയ ചിത്രങ്ങൾ വിമർശകശ്രദ്ധയും അന്താരാഷ്ട്ര അംഗീകാരവും ഒരുപോലെ നേടി.

ടെലിവിഷൻ രംഗത്തും അവൾ ശ്രദ്ധേയയാണ് —Top of the Lake (2013) എന്ന പരമ്പരയും അതിന്റെ തുടർച്ചയായ China Girl (2017)ഉം അവൾ സഹസൃഷ്ടിച്ചവയാണ്.

രണ്ട് അക്കാദമി അവാർഡുകൾ, രണ്ട് ബാഫ്റ്റ, രണ്ട് ഗോൾഡൻ ഗ്ലോബ്, ഫീച്ചറും ഷോർട്ടും ഉൾപ്പെടെ രണ്ട് പാല്മെ ദോർ, സിൽവർ ലയൺ, ഡയറക്ടേഴ്സ് ഗിൽഡ് ഓഫ് അമേരിക്ക അവാർഡ് എന്നിവ ഉൾപ്പെടുന്ന സമ്പന്നമായ ബഹുമതിപ്പട്ടികയാണ് അവളുടേത്. മൂന്ന് പ്രൈംടൈം എമ്മി നാമനിർദ്ദേശങ്ങളും അവൾക്ക് ലഭിച്ചിട്ടുണ്ട്.

സിനിമയ്ക്കുള്ള അതുല്യ സംഭാവനകൾക്ക് അംഗീകാരമായി 2016-ൽ അവൾ Dame Companion of the New Zealand Order of Merit (DNZM) ആയി നിയമിതയായി. കലയും ധൈര്യവും കരുണയും ഒരുമിച്ച് ചേരുന്ന കാംപിയന്റെ സിനിമകൾ ലോകസിനിമയെ ഇന്നും ശക്തമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.



ജെയിൻ ക്യാംപിയൻ സമകാലീന ലോകസിനിമയിലെ ഏറ്റവും സൂക്ഷ്മവും തനതുമായ ദൃശ്യഭാഷകൾ രൂപപ്പെടുത്തിയ സംവിധായകരിൽ ഒരാളാണ്. ക്യാംപിയന്റെ സിനിമകൾ സാധാരണ കഥപറച്ചിലിനെക്കാൾ കൂടുതലായി മനുഷ്യ മനസ്സിന്റെ അടരുകളെ, പ്രത്യേകിച്ച് സ്ത്രീയനുഭവങ്ങളുടെ അകത്തളങ്ങളെ, പഠനവിഷയമാക്കുന്നു.

അധികം ശബ്ദമില്ലാത്ത, എന്നാൽ ശക്തമായ വികാരപ്രവാഹങ്ങളുള്ള ഒരു സിനിമാ ശൈലിയാണ് ക്യാംപിയന്റെ പ്രത്യേകത.

## സ്ത്രീയനുഭവത്തിന്റെ സിനിമാ ഭാഷ

ക്യാംപിയന്റെ സിനിമകളിൽ സ്ത്രീകൾ കേവലം കഥയുടെ അലങ്കാരങ്ങളോ പുരുഷകഥാപാത്രങ്ങളുടെ പ്രതിഫലനങ്ങളോ അല്ല. അവർ സ്വതന്ത്രമായ ആന്തരലോകങ്ങളുള്ള മനുഷ്യരാണ്. ആഗ്രഹം, അസ്വസ്ഥത, പ്രതിരോധം, മൗനം,ഇവയെല്ലാം അവളുടെ സ്ത്രീകഥാപാത്രങ്ങളിൽ ഒരേസമയം പ്രവർത്തിക്കുന്നു.

“The Piano” പോലുള്ള ചിത്രത്തിൽ നിന്ന് തന്നെ അവളുടെ ഈ കാഴ്ചപ്പാട് വ്യക്തമാണ്: സ്ത്രീയുടെ ശബ്ദം പലപ്പോഴും സമൂഹം മൂടിക്കളയുമ്പോൾ, ശരീരം, നോട്ടം, മൗനം എന്നിവയിലൂടെ അവൾ സംസാരിക്കുന്നു.

## മൗനത്തിന്റെ സംഗീതം

ക്യാംപിയന്റെ സിനിമകൾക്ക് ഒരു പ്രത്യേക താളം ഉണ്ട്, വേഗതയല്ല, മന്ദഗതിയാണ് അവയുടെ ശക്തി. ക്യാമറ പലപ്പോഴും നിരീക്ഷിക്കുന്നില്ല; അത് “കേൾക്കുന്നു” എന്നു തോന്നുന്നു. പ്രകൃതി, വെളിച്ചം, ശരീരഭാഷ, ചെറിയ ചലനങ്ങൾ, ഇവയിലൂടെയാണ് അവൾ വികാരങ്ങൾ നിർമ്മിക്കുന്നത്.

ഈ സമീപനം “Bright Star” ൽ ഏറ്റവും മനോഹരമായി പ്രകടമാകുന്നു. ജോൺ കീറ്റ്സിന്റെയും ഫാനി ബ്രൗണിന്റെയും പ്രണയം വാക്കുകളിലൂടെ അല്ല, ഇടവേളകളിലൂടെ, കാത്തിരിപ്പിലൂടെ, അപൂർണ്ണമായ വാചകങ്ങളിലൂടെ ആണ് ജീവിക്കുന്നത്. ക്യാംപിയൻ ഇവിടെ പ്രണയത്തെ dramatize ചെയ്യുന്നില്ല; അതിനെ ശ്വസിക്കാൻ അനുവദിക്കുന്നു.

### സാഹിത്യവും സിനിമയും തമ്മിലുള്ള സംഭാഷണം

ക്യാംപിയന്റെ ഒരു പ്രധാന സംഭാവന സാഹിത്യത്തെ സിനിമയിലേക്ക് പരിഭാഷപ്പെടുത്തുന്നതിലെ അവളുടെ സമീപനമാണ്. അവൾ സാഹിത്യത്തെ “പുനരാവിഷ്കരിക്കുന്നില്ല”; പകരം അതിന്റെ അന്തരാത്മാവിനെ പിടികൂടുന്നു. “Bright Star” ഒരു ജീവചരിത്രമല്ല; അത് കീറ്റ്സിന്റെ കവിതകളുടെ വികാരപരമായ ദൃശ്യവ്യാഖ്യാനമാണ്.



കവിതയിൽ ഉള്ളത് ഭാഷയുടെ സംഗീതമാണെങ്കിൽ, ക്യാംപിയന്റെ സിനിമയിൽ അത് ചിത്രത്തിന്റെ സംഗീതമായി മാറുന്നു,വെളിച്ചം, കാറ്റ്, മൗനം, കണ്ണുനോട്ടങ്ങൾ.

### സ്ത്രീ കാഴ്ചപ്പാടിന്റെ രാഷ്ട്രീയത

ക്യാംപിയന്റെ സിനിമകൾക്ക് ഉള്ളിൽ സൂക്ഷ്മമായ ഒരു രാഷ്ട്രീയത ഉണ്ട്. അത് പ്രസംഗങ്ങളിലൂടെയോ തുറന്ന പ്രഖ്യാപനങ്ങളിലൂടെയോ അല്ല, പക്ഷേ കാഴ്ചയുടെ മാറ്റത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. പുരുഷകേന്ദ്രിതമായ കഥാപാരമ്പര്യത്തിൽ “മ്യൂസ്” ആയി മാത്രം നിലകൊണ്ടിരുന്ന സ്ത്രീയെ അവൾ “വിഷയമായി” മാറ്റുന്നു.

“Bright Star” ൽ ഫാനി ബ്രൗൺ ഇനി കവിയുടെ പ്രചോദനം മാത്രമല്ല; അവൾ തന്റെ ആഗ്രഹങ്ങളും വേദനയും ഉള്ള ഒരു മനുഷ്യയാണ്. ഈ മാറ്റം സിനിമയുടെ കേന്ദ്രബിന്ദുവാണ്.

### പ്രകൃതി, ശരീരം, വികാരം

ക്യാംപിയന്റെ സിനിമകളിൽ പ്രകൃതി ഒരു പശ്ചാത്തലം മാത്രമല്ല; അത് വികാരത്തിന്റെ ഭാഗമാണ്. കാറ്റ്, പൂക്കൾ, പ്രകാശം, നിഴൽ— ഇവ മനുഷ്യരുടെ ഉള്ളിലത്തെ അവസ്ഥകളെ പ്രതിഫലിപ്പിക്കുന്നു. ശരീരവും അതുപോലെ തന്നെയാണ്: അത് ആശയങ്ങളുടെ പ്രതീകമല്ല, അനുഭവത്തിന്റെ യാഥാർത്ഥ്യമാണ്.

### സിനിമ , അനുഭവത്തിന്റെ ഭാഷ

Jane Campion എന്ന സംവിധായിക സിനിമയെ കഥ പറയുന്ന ഒരു ഉപകരണമെന്ന നിലയിൽ നിന്ന് മാറ്റി, അതിനെ അനുഭവത്തിന്റെ ഭാഷയാക്കി ഉയർത്തുന്നു. അവളുടെ സിനിമകളിൽ മൗനം ശൂന്യമല്ല; അത് സംസാരിക്കുന്നു. വെളിച്ചം അലങ്കാരമല്ല; അത് അർത്ഥമാണ്. സ്ത്രീകൾ പ്രതീകങ്ങളല്ല; അവർ മനുഷ്യരാണ്.

“Bright Star” പോലുള്ള കൃതികളിലൂടെ ക്യാംപിയൻ തെളിയിക്കുന്നത്, സിനിമയും കവിതയും തമ്മിൽ അതിർത്തികളില്ലെന്നും, ഒന്ന് മറ്റൊന്നിന്റെ ശ്വാസമാകാമെന്നും ആണ്.

# കവിയരങ്ങ്






Bright Star
Love Letters and Poems
of John Keats to Fanny Brawne
Introduction by Director Jane Campion








an Marais
Orphée
Un film écrit et réalisé par
Jean Cocteau
avec François Périer



കവിയരങ്ങ്

# പാബ്ലോ നെരൂദയ്ക്ക് ഒരു കത്ത്



**അജി എസ്**

പ്രിയപ്പെട്ട നെരൂദ,

കടലിനും പ്രണയത്തിനുമിടയിൽ വാക്കുകൾ
കൊണ്ട് പാലം പണിത മനുഷ്യാ,

നിന്റെ കവിതകൾ വായിക്കുമ്പോൾ എനിക്ക്
പലപ്പോഴും തോന്നിയിട്ടുണ്ട് –
നീ പ്രണയത്തെ എഴുതുകയല്ല, അതിനെ
ശ്വസിക്കുകയാണെന്ന്...

സ്ത്രീയുടെ കണ്ണുകളിലെ നിശ്ശബ്ദതയിലും,
രാത്രിയുടെ ഏകാന്തതയിലും, തിരമാലകൾ
കരയോട് പറയുന്ന രഹസ്യങ്ങളിലും നീ കവിത
കണ്ടെത്തി.

ഇന്ന്, ഭൂമിയുടെ മറ്റൊരു കോണിലിരുന്ന് ഞാൻ
നിനക്ക് ഈ കത്ത് എഴുതുമ്പോൾ എന്റെ
ജനാലയ്ക്കപ്പുറം മഴ പെയ്യുന്നു ,
ആ മഴത്തുള്ളികളിൽ ചിലത്
നിന്റെ കവിതകളിൽ നിന്ന്
ഇറങ്ങിവന്നവയാണെന്ന്
എനിക്ക് തോന്നുന്നു.

പ്രണയത്തെക്കുറിച്ച് പറയാൻ എനിക്ക്
പുതിയ വാക്കുകളില്ല, നെരൂദ.
കാരണം പ്രണയത്തെ കുറിച്ച് എഴുതുന്ന
ഓരോ മനുഷ്യനും, അറിയാതെ തന്നെ, നിന്റെ
നിഴലിലൂടെ ഒരിക്കൽ കടന്നുപോകുന്നുണ്ട്.



ചില രാത്രികളിൽ ഞാൻ ആകാശത്തേക്ക്
നോക്കും.
നക്ഷത്രങ്ങൾക്കിടയിൽ നീ ഇപ്പോഴും
നടക്കുന്നതായി സങ്കൽപ്പിക്കും.

നിന്റെ കൈയിൽ ഒരു നോട്ട്ബുക്കും,
ഹൃദയത്തിൽ ഒരിക്കലും അവസാനിക്കാത്ത
ഒരു പ്രണയഗാനവും ഉണ്ടാകും.

അപ്പോൾ എനിക്ക് നിന്നോട് ഒരു ചോദ്യം
ചോദിക്കാൻ തോന്നും ,
"ഇത്രയധികം സ്നേഹിച്ചിട്ടും,
നിനക്ക് എങ്ങനെ  ഏകാന്തതയെ കുറിച്ച്
എഴുതാൻ കഴിഞ്ഞു?"

ഒരുപക്ഷേ നീ ചിരിച്ചുകൊണ്ട് പറയും...
"ഏകാന്തതയാണ് പ്രണയത്തിന്റെ ഏറ്റവും
വിശ്വസ്തമായ നിഴൽ."

നിന്റെ കവിതകളിൽ ഞാൻ കണ്ടത്
പ്രണയത്തെ മാത്രമല്ല, മനുഷ്യഹൃദയത്തിന്റെ
അഗാധതയെയാണ്.

ഒരു ചുംബനത്തിന്റെയും
ഒരു വിരഹത്തിന്റെയും ഇടയിൽ
ഒളിഞ്ഞുകിടക്കുന്ന അനന്തമായ
പ്രപഞ്ചത്തെയാണ്.

ഈ കത്ത് അവസാനിപ്പിക്കുമ്പോൾ, പുറത്ത്
മഴ ഇപ്പോഴും പെയ്യുന്നുണ്ട്.

കടലുകൾക്കപ്പുറമുള്ള നിന്റെ
നിശ്ശബ്ദതയിലേക്ക് ഈ വാക്കുകൾ ഒരിക്കലും
എത്തില്ലെന്ന് എനിക്കറിയാം. എങ്കിലും ചില
കത്തുകൾ മറുപടിക്കുവേണ്ടിയല്ല
എഴുതപ്പെടുന്നത്, ഹൃദയത്തിൽ നിന്ന്
പുറത്തുകടക്കാൻ ആഗ്രഹിക്കുന്ന
സ്നേഹത്തിനുവേണ്ടിയാണ്.

അതിനാൽ ഈ കത്ത് ഇവിടെ വയ്ക്കുന്നു...
ഒരു മഴത്തുള്ളിയുടെ അരികിൽ,
ഒരു തിരമാലയുടെ ഓർമ്മയിൽ,
ഒരു കവിതയുടെ അപൂർണ വരിയിൽ...
സ്നേഹത്തോടെ,
നിന്റെ നിഴൽ.



കവിയരങ്ങ്

# പ്രണയശിരസ്സ്



എം ടി ഗിരിജാകുമാരി

കഷ്ടങ്ങളേറെ താണ്ടി
യിഷ്ടപ്രണയേശ്വരി
ക്കൊത്തു നീ മടങ്ങിയി
ങ്ങെത്തിയെന്നാവുന്നേരം
പിന്നിലായ് നടക്കുവോൾ
തന്നുടെ പാദസ്പർശം
കേട്ടീടാതെ ഓർഫിയസ്
തിരിഞ്ഞു നോക്കിപ്പോയി!
സ്വപ്നങ്ങൾ കൊരുത്തുവ
ച്ചെത്രയോ കാലം മന
ക്കോവിലിൽ സൂക്ഷിച്ചല്ലോ
സ്വന്തമായ് യൂറിഡൈസ്!
എത്ര പെട്ടെന്നാ മന
ക്കോട്ടകൾ തകർത്തുകൊ
ണ്ടെത്തിയാ വിഷസർപ്പ
മവളെക്കൊണ്ടേപോയി!
ഹൃദയം തകർന്നു നീ
കിന്നരം പാടിപ്പാടി
ദുഷ്ക്കരം മരണത്തിൻ
നാട്ടിലേയ്ക്കലഞ്ഞെത്തി
സ്നേഹദേവതക്കായി
തേങ്ങി നിന്നീടുന്നേരം



ഹൃദയം നുറുങ്ങിയോർ
ഹേഡീസും പെർസഫോണും
തിരികെത്തന്നൂ കരൾ
പ്പാതിയായോളെ, പക്ഷേ
തിരിഞ്ഞു നോക്കിക്കൂടാ,
നടന്നു പോകും വഴി...
ജീവന്റെ ലോകത്തെത്തും
വരെയും... കരാറുണ്ട് !
അതു നീ ലംഘിച്ചുപോയ്,
നഷ്ടമായ് പ്രിയപ്പെട്ടോൾ!

പിന്നെയും വിരഹാർദ്ര
കിന്നരവീണാതന്ത്രി
മീട്ടിനീയവളെയോർ
ത്തലഞ്ഞു നടക്കവേ
നിന്നിലേക്കനുരക്ത
യായവളൊരുവളോ,
നിന്റെ സംഗീതാമൃത
ധാരയിലസൂയക്കാ
രവരിലൊരാളോ നിൻ
തലകൊയ്തൊഴുക്കിയാ
പുഴയിൽ, നിൻ മേനിയെ
തുണ്ടു തുണ്ടാക്കി മാറ്റി?
എങ്കിലും നീ ഓർഫിയസ്
തളർന്നു പോയില്ല
നിന്നുടലറ്റതാം ശിരസ്സ്
ശോകപല്ലവി പാടി
ഒഴുകി ഓളം തല്ലും
പുഴയിൽ, നിലയ്ക്കാത്ത
സ്നേഹമായ്, അനശ്വര
പ്രേമത്തിൻ പ്രതീകമായ്!

---

*(ഹേഡീസും പെർസഫോണും - യമലോകത്തിന്റെ അധിപതികളായ ദമ്പതിമാർ)*



കവിയരങ്ങ്

# പറന്നകന്ന രാപ്പാടി



**ജയചന്ദ്രൻ നായർ,**
കഠിനംകുളം



**നി**ന്നെ മാത്രം കണ്ടില്ല !

ആവണി രാവിൽ ലഹരി നുണഞ്ഞ്
നക്ഷത്ര പൂക്കൾ മിഴി ചിമ്മുന്ന
ആകാശ വാടിയിൽ !

"ജോൺ കീറ്റ്സ് നീയെവിടെയാണ്"?

തൂമഞ്ഞിൻ പുതപ്പിട്ട താഴ്വാരത്തിൽ!
മഞ്ഞുകൂട്ടിക്കിളികൾ കിന്നാരം
ചൊല്ലുന്ന രസനകളിൽ!
നോവുണർത്തുന്ന ഹൃത്തന്ത്രികളിൽ !

"ജോൺ കീറ്റ്സ് നീയെവിടെയാണ്"?
നിനക്കു വേണ്ടി പാടിപ്പാടി തൊണ്ട
വരണ്ടു !

വീഞ്ഞിന്റെ വീര്യമുള്ള ഗന്ധത്തിൽ!
സ്നിഗ്ധ പ്രണയ നോവുകളിൽ !
കടൽത്തിരയുടെ ചുംബനത്തിൽ !
ചിറകിന്റെ കൊഴിഞ്ഞ തൂവലിൽ!

"ജോൺ കീറ്റ്സ് നീയെവിടെയാണ്"?
എവിടെയും നിന്നെ മാത്രം കണ്ടില്ല!

നീയില്ലാത്ത ലോകത്തിൽ ഞാൻ
പാടുകില്ലിനി!
"രാപ്പാടി പാട്ടുനിർത്തി,
വിജനതീരത്തേയ്ക്ക് പാറി "!

കവിയരങ്ങ്

# പ്രിയ നെരൂദ



സുലേഖ കുറുപ്പ്



ഒഴുകി വന്നു നീ യോമന സ്വപ്നമായ് ,പ്രണയ
പുഷ്പങ്ങൾ എന്നിൽപ്പൊഴിക്കുവാൻ.

ഒരു കരിവണ്ടു പോലെൻ
മധുനുകർന്നിനിയടുത്തതെ
ന്നെന്നെക്കളഞ്ഞുവോ ?

അധിക കാമവും പ്രണയവും. വാഴ്വിന്റെ
മഴവിൽ കാന്തങ്ങൾ പിന്നെയും വന്നിടും.

വിടചൊല്ലീടിലും വേദനയോടെന്നിൽ
വരികൾ തീർത്തു നീ
നാടിൻ വ്യഥകളായ്....

ഒരു വൻ രാജൻ മനുഷ്യ സ്വർഗ്ഗത്തിനും,
അപരൻ അവനീ നരകത്തിനും വിധി,
ച്ചിവിടെ പേക്കൂത്തിലാണു വ്യവസ്ഥിതി . ,
അതിനു നീ വാക്കു വാളാക്കി മാറ്റിയോൻ.

ചിലിതൻ വന്യ പ്രകൃതി കടക്കിലും
അവിടെയെല്ലാ... മശാന്തിയ്ക്കിരിപ്പിടം.

അതു നിൻ പീഡിത മാനുജ പ്രേമത്തെ, ഹൃദയ
നൊമ്പരമാക്കിത്തളർത്തവേ,

അതിനൊരൗഷധി എന്നായ് ഒരായിരം;
കവിതയെന്ന മിസൈലുകൾ വർഷിച്ചു.

അതു പതിക്കാത്ത രാജ്യവും രാജാവു,
മെവിടെയുണ്ടാകുമേവരും ഭീതിയിൽ .

ഒരു നിറുത്തലുമില്ലാതെ ചോദ്യങ്ങ..
ളധികാരത്തിൻ രഹസ്യ ഗുഹകൾ തൻ,

കപടനാട്യങ്ങൾ നിന്നെ ഭയന്നതും ,
വരികളിൽ കാൺകെ പ്രണയം വളർന്നെടോ.

അറിവു ഞാൻ നിൻ കലുഷം മനസ്സു, മാ ആത്മ
സത്ത വിതുമ്പും "ത്രിനേത്രവും".

രാജ്യതന്ത്രക്കുതിരമേലേറി ത്വൽ ലോകയാന,
മുലകം കുലുക്കിലും

നിഷ്ക്കളങ്കൻ പ്രിയധാത്രി (ഭൂമി) മുന്നിലായ്
വിസ്മയാന്വിതം ദൃഷ്ടി പായിപ്പവൻ.

ഒത്തു ചേർന്നിടും ഏഴട്ടിമൺ കീഴിലെന്നു
പാടിയ മൗനസംഗീതം നാം .

സ്പാനിഷിന്നു സർഗ്ഗാത്മസൗന്ദര്യ
മേകിയോൻ മതഭ്രാന്തിന്റെ ശത്രു നീ.

പീഡിതന്നു തലോടലായ് തെന്നലായ് ഹാകവേ,
കാവ്യ "നോബൽ "സമ്മാനിത,.

മാരകരോഗശാന്തിയ്ക്കു ലഭ്യമാ, യില്ല ഔഷധി
വീട്ടുതടങ്കലിൽ .

ക്രൂര രാഷ്ട്രീയ ദംഷ്ട്രയിൽ നീ വിശ്വ സ്നേഹ
ഗായകൻ കൺകളടയ്ക്കിലും.

നിത്യസൂര്യ പ്രകാശമാം നിൻ വാക്കി,
ലായിരങ്ങൾ ഉയിർകൊൾവു പീഡിതർ. !

നിന്നെയൊന്നു പ്രണയിച്ചു ഞാനെന്റെ മാനവ
പ്രണയദീപം കൊളുത്തിടാം.



കവിയരങ്ങ്

# പാബ്ലോ നെരൂദാ



ഡോ.അനിൽ കുമാർ .S. D

പ്രിയനേ നെരൂദാ , പാബ്ലോ നെരൂദാ
പ്രണയമലകയറിയിറങ്ങിയ എന്റെ നെരൂദാ
മരണമലയിൽ നിന്നും പ്രണയതാഴ്വരയിലേക്ക്
ത്വരിതഗമനം നടത്തും പ്രണയപ്രവാചകൻ നീ!

ഒരു സിഗാറിന്റെ പുകച്ചുരുളിൽ
എഴുതിയ ചുഴിനിറഞ്ഞ ഭാഷയിൽ
പ്രതിനായകനായി പ്രണയത്തിന്റെ
വിപ്ലവലഹരിയിൽ ചുടുചുംബനമായവൻ  നീ!

എൻചങ്കിലെ നെരൂദാ,  പാബ്ലോ നെരൂദാ
നീ കലവറയില്ലാത്ത പ്രണയത്തിനെ
വിപ്ലവക്കാട്ടിലൂടെ ഹൃദയരക്തമായൊഴുക്കി
മഹാപുഴയായൊഴുകിയവൻ!

നെരൂദാ,  സ്നേഹഗായകനായ എന്റെ
പ്രിയനാം പ്രണയത്തുരുത്തേ,
നിന്നെയോർക്കുമ്പോഴേ സ്വയം പൂവിട്ട്
മുല്ലവള്ളിയായ് നിന്നിൽ പടരുന്നു ഞാൻ!



കവിയരങ്ങ്

# ശാശ്വത ശാന്തത



**ഡോ. അരുൺബാബു**

അത് ശാന്തമാണ്, കുളിർമ്മയുള്ളതാണ്,
നിശ്ശബ്ദത തൻ തികഞ്ഞ സമാധാനം.
നെരൂദയോതിയ ആ വലിയ മൗനം,
സങ്കടം മുറിച്ചുമാറ്റുന്നൊരാഴം.

ത്വക്കിനെയോ മനസ്സിനെയോ ഒന്നും
ബാധിക്കുന്നില്ല,
ആവശ്യങ്ങളില്ല, ആകുല വികാരങ്ങളുമില്ല.
ഉള്ളിൽ എരിയാൻ ഒരിടവുമില്ലാതെ,
പുറത്ത് മുറിവേൽപ്പിക്കാൻ ഇനിയൊന്നുമില്ല.

ഭൗതികശക്തികളെല്ലാം മെരുങ്ങി
വിശ്രമിക്കുന്നു,
അമർന്ന ഇടിമുഴക്കം അസ്ഥികളെ
ഉലയ്ക്കുന്നില്ല.

ആർത്തിരമ്പിവന്ന പ്രളയജലവും ശാന്തമായി,
വെള്ളത്തുണിയിൽപ്പൊതിഞ്ഞുറങ്ങും
ഭൂമിയെപ്പോലെ.

നെരൂദ സ്വപ്നം കണ്ട ആ പന്ത്രണ്ടു മാത്രകൾ,
യന്ത്രങ്ങളും മനുഷ്യരും നിശ്ചലമായ ഒരിടം.



അടിച്ചമർത്തുന്നവന്റെയും
അടിച്ചമർത്തപ്പെട്ടവന്റെയും മൗനം,
പാപിയുടെയും പുണ്യാളന്റെയും ശാന്തത.

വിലാപങ്ങളില്ലാതെ, അധ്വാനഭാരങ്ങളിൽ
നിന്നൊഴിഞ്ഞ്,
മനുഷ്യബുദ്ധിക്കതീതമായ അഭയകേന്ദ്രം.
കാരണം, അന്തിമമായ വിധിതീർപ്പുള്ളത്
നെരൂദ തൊട്ടറിഞ്ഞ,
ഈ പ്രശാന്ത പ്രതലത്തിലാണ്.

കവിയരങ്ങ്

# ഹുറൂത്യൻ സായാഖ്യൻ



സജി അജീഷ്

എൻ ബോധമണ്ഡലത്തിൽ
പിന്നെയും പിന്നെയും
തെളിയുന്നൊരാ, മുഖ മാരുടേതാരുടേത് ?

ഒരു കടലോളം രക്തം നിറച്ചു,
കരളിൽ സ്നേഹം നിറയാൻ ,
ഒരു കടലോളം ആർദ്രത
കണ്ണിൽ നിറച്ചു ,
ലോകം തിളങ്ങാനായ്.

നനുത്തും മിനുത്തും മണത്തും
കാൺമതിലൊക്കെയും
പ്രണയത്തെ പുല്കാൻ കൊതിച്ചും ,
നഷ്ടങ്ങളിൽ പിണങ്ങിയും
സ്നേഹ ദാഹം ശമിക്കാൻ
കവിതയെ പ്രണയിച്ചും,

മാസ്മരിക സംഗീത
മാധുര്യമെങ്ങും
കോരിവിളമ്പിയും നടന്നൊരാ ലോലഹൃദയൻ,
സയാത് നോവതൻ



മുഖമാണതെന്ന് തിരിച്ചറിയെ
നോവ, നോവയെന്നുറക്കെ
യുരുവിട്ടു കൊണ്ടുഞാൻ
പിറകെ നടന്നു.

അർമേനിയയിലെ കാർട്ട്‌ലി  രാജധാനി

ലക്ഷ്യമാക്കി  നടന്നു ;

'ടിഫ്ലിസ്സി 'ലെത്തുവാൻ.

'പഗാൻ'  നാടോടി  ഗാന സാഹിത്യം
രക്തത്തിലലിഞ്ഞ 'ഹരു ത്യൂൻ  സയാഖ്യൻ'
എന്ന നോവ

സാറായുടെയും  കാരപ്പെറ്റിന്റെയും  മകനായി

പ്പിറന്നിടത്തിൽ.

'ടിഫ്ലിസ്സി' ലെത്തിയില്ലതിൻ

മുന്നമേ  കണ്ടു ഞാൻ അർമേനിയയിലെ
'ടിബ്ലിസി'യിൽ

സെന്റ് ജോർജ് ദേവാലയത്തിൽ

നോവയിപ്പോഴും  ജീവിക്കുന്ന

ശില്പകൂടീരത്തിനരികിലായ്

സചേതനമായൊരാപൂങ്കാവനിയിലക്കവി

എഴുതിയതു ,മെഴുതാത്തതുമായൊരെത്ര

കാവ്യശകലങ്ങൾ

മുറിയാതൊഴുകുന്നുണ്ട -

തിന്നേകാന്ത മൗനനൊമ്പരങ്ങൾ

ഓരോ  താരിലും  മലരിലും

മഞ്ഞു  കണങ്ങളായ്പ്പൊഴിയെ,

നഷ്ടമാമെത്ര  വരികളെയോർത്തെന്നക-

കണ്ണിൽ  നിന്നും കണ്ണീർ കണങ്ങൾ

പൊഴിഞ്ഞിരുന്നു.

പൊടുന്നനെയൊരു  കുഞ്ഞു  കാറ്റലയെന്നെ

തഴുകിയ നേരം

എങ്ങുനിന്നോയെത്തിയൊരു

മൃദു സംഗീത മധുരിമയിൽ

നോവ, തൻ വിരൽ സ്പരശമേറ്റ

കാമാഞ്ചെ, ചോങ്കുരു,

തംബൂർ  സ്വരങ്ങൾ ഞാനറിഞ്ഞു.

മൃദുമന്ദഹാസം പൊഴി യുമാ  സുന്ദര വദനം

മെല്ലെയുയർത്തിക്കൊണ്ടെന്നൊടായ്

നോവ,മൊഴിഞ്ഞു തുടങ്ങി

കഥകളോരോന്നായ്

ജൂൺ പതിനാലിന്ന് പിറന്നാളിൽ

കുടുംബവൃക്ഷത്തിനരികിലെത്തി

ഗാഢസ്നേഹമെന്നിൽ

പകർന്നുതന്നൊരാ മാതാപിതാക്കളെ

ഗാഢം  പുണർന്നു ചെന്നെത്തിയതോ,

തന്നെ  സ്ഥാന ഭ്രഷ്ട നാക്കിയൊരാ

ഹെറാക്ലിസ്  രണ്ടാമന്റെ  കൊട്ടാരത്തിൽ,

'അനാ'യുമൊത്താ കൊട്ടാരക്കെട്ടിന്നക,

ത്തളത്തിലുമിടനാഴിയിലും

പാടിത്തീരാത്തോരെത്ര

പ്രണയ ഭാവങ്ങൾ പാടിത്തീർക്കുവാൻ

നടത്തം പിന്നെയും  തുടരവെ

ചെന്നെത്തി, ഹഗ്ബത്തി ലെ  അർമേനിയൻ

അപ്പോസ്തലിൻ  പള്ളിയിൽ.

പൗരോഹ്യത്തിന്നല്ലിന്ന്,

തൻ പതി മാർമാറി നൊട്
വിരഹത്തിൻ തീവ്രമാം
മുറിവു , മതിന്നാഴം
പെറും നീറ്റലുമെത്ര
രക്തം വാർത്തിരുന്നെന്നുമോതുവാൻ.

അവസാനമായെത്തി,
പേർഷ്യൻ രാജാവായ
ആഗാ മുഹമ്മദ് ഖാൻ
ഖ്വാജറിന്റെ കൊട്ടാരക്കെട്ടിൽ;
തന്റെ കവിതയെ ,സംഗീതത്തെ ഗാനത്തെ
വെട്ടിവെട്ടിമുറിച്ചതെന്തിന്നെന്നാരായാൻ.
ഏതുമേ ചോദിചില്ലതിൻ മുന്നമേ, അനശ്വരമാം കാവ്യരസത്താൽ

സംഗീത മാധുരിമയാലീ ലോക സൗന്ദര്യത്തിന്
സൗരഭ്യമേറ്റുവാനാകുമെന്നറിയാതെ
മതദ്വേഷം കൊണ്ട് വെട്ടിമുറിച്ചതോർത്തു
മുട്ടുകുത്തിയെൻ മുന്നിൽ
മാപ്പിരക്കുകയായിരുന്നാ രാജാവും സേനയും

ഒരുകുഞ്ഞ് സ്വരമാധുരി യുതിർത്തും
കൊണ്ടവർക്ക് സാന്ത്വന മോതി ,
നടന്നു നീങ്ങി നോവ , വീണ്ടും
പ്രകൃതിയിലാകെയും പ്രണയവും സംഗീതവും
കവിതയായ് പൊഴിച്ചിടാൻ.....!



കവിയരങ്ങ്

# മറക്കുമോ കവേ, ഭാവുകൻ?

ഹ്രസ്വമാം ജീവിതം പ്രതിബന്ധമായില്ല
വിശ്വോത്തരകൃതികൾക്കു ജന്മമേകുവാൻ
സമ്പത്തുമാരോഗ്യവുമില്ലാതിരുന്നെന്നാൽ
സമ്പന്നമാം ഭാവനതന്നുടമയല്ലോ!

അനാഥത്വത്തിന്റെ സംഭ്രമങ്ങൾക്കിടയിൽ
അനന്യമാം ചിന്തകളിൽനിന്നുരുവമാർന്നു
അനശ്വരഭംഗിയും തിളങ്ങും സത്യവും
അന്യോന്യമിഴുകിച്ചേർന്ന കാവ്യസൂനങ്ങൾ!

അസ്ഥികലശദർശനത്തിലൂടേകിയ
അസ്ഥിരമാം ജീവിതാസ്തിത്വചിന്തകളും
അസ്തമിക്കാത്ത സൗന്ദര്യലഹരിയും,
മർത്യരിന്നും മനനം ചെയ്‌വൂ സഗൗരവം!

പ്രാണസമം സ്നേഹിച്ചവളെ സ്വന്തമാക്കാ -
നനുവദിച്ചില്ലതിക്രൂരനാം നിയതി
പ്രണയിനിക്കെഴുതി - "അനശ്വരകൃതി -
യൊന്നും സൃഷ്ടിച്ചില്ല ഞാനെന്നാൽ
സ്നേഹിച്ചല്ലോ
എന്തിലുമുള്ള സൗന്ദര്യശാസ്ത്രതത്വത്തെ",
എന്നെങ്കിലും മറക്കുമോ കവേ, ഭാവുകൻ?



കരുമം .എം. നീലകണ്ഠൻ



കവിയരങ്ങ്

# കാവ്യ ഹൃദ്യം



## വിശ്വംഭരൻ രാജസൂയം

മലയാള കവിതക്ക് മകുടം ചാർത്തിയ
മമസൂരി കവികൾക്ക് വന്ദനം!
മഹിതമാം നിങ്ങടെ രചനാചേതന
മലയാളിക്കിന്നും പ്രോജ്ജ്വല കാവ്യ പ്രചോദനം

വൃത്താലങ്കാര ഭൂഷണങ്ങളാൽ
മുക്തകങ്ങളും കാവ്യങ്ങളുമൊക്കെ
യുക്തമായ്, തന്ത്രമായ്, വിരാചിച്ച
ശക്ത ഭാഷരാം കവികളിന്നന്യമായ്

കവിയുടെ ഭാവനാരതിവൈഭവം
കവിതയായ് വരകളായ് മഷിയിട്ടു
കടലാസ്സിൽ പകരുന്ന നിമിഷം
കവിയൊരു ധന്യനായ് കുളിരുകോരും

ഒഴുകുന്ന പുഴയുടെ താളം പോലെ
തഴുകുമൊരു കാറ്റിന്റെ ശ്രുതി പോലെ



താളവും ശ്രുതിയും ചേർന്നൊരു
തരളിതരചനയാവണം കവിത

കവിയുടെ മനസ്സിലെ രസഭാവനകൾ
കവിതയായ് വിടർന്നു പരിലസിക്കുമ്പൊൾ
കിനിയുന്ന താളവും ശ്രുതിയും
കവിതയിൽ മനോധർമ്മസ്ഥാനമാകും

കവിയരങ്ങ്

# നെരൂദയുടെ ഓർമ്മയിൽ ഒരു കവിത ജനിക്കുന്നു.



**തിരുമല ശിവൻകുട്ടി**

**സ്മൃ**തിതൻ ഉരുക്കു പാളത്തിലൂടെ
നിരങ്ങി നീങ്ങുന്നു
കനത്ത ചക്രങ്ങൾ
അനന്തമാം ജീവിതപാളങ്ങളിലൂടിന്നും
ഗമിക്കുകയാണൊരാവി വണ്ടി.
അതിൽ നിന്നും കാൽ വഴുതി വീണുടൻ
മൃതി പൂകിയൊരച്ഛൻ ഓർമ്മയാകുന്നു.
സെമിത്തേരിയിൽ
പെയ്തുതീരാ മഴനാരിൻ
മിഴിനീരാൽ കഴുകുന്നു ശവകുടീരം.

സാന്തിയാഗോവിലെ സായാഹ്ന സൂര്യൻ
ഏകാന്തനാം കവിയെ പുൽകുന്ന നേരം
കാന്റോ ജനറലിൽ അന്ത്യഖണ്ഡങ്ങളിൽ
അനുസ്മരിക്കുന്നു ആ ദുരന്തനാളുകൾ.

പ്രണയ കവിതകൾ എഴുതി അനുസ്യൂതം
ഒടുവിൽ നീയെത്തി തെരുവിലായ്
അവിടെ കണ്ടു നീ ചൊരിയും രക്തത്തിൽ
വിപ്ലവചെന്തീയെരിയുന്ന കാഴ്ചകൾ.



തകർന്ന പാത്രങ്ങൾ , നിശാ വസ്ത്രങ്ങൾ ,
രക്തം നുരയുന്ന കടൽ തിരകൾ
ഉടഞ്ഞ സ്ഫടികങ്ങൾ , കമ്പിളി ഉടുപ്പുകൾ ,
മരിച്ച കുഞ്ഞുങ്ങൾ തൻ മിഴിച്ച കണ്ണുകൾ .

അതിൽനിന്നുയിർക്കും നിറതോക്കുകൾ
സ്പാനിഷ് അഭയാർത്ഥികൾക്ക്
നേരെയുതിർത്ത തീയുണ്ടകൾ, നരഹത്യകൾ.

പ്രിയ കവിയാം ലോർക്ക തൻ വേർപാടിൽ
ഹൃദയം നൊന്ത അഭിശപ്ത നിമിഷങ്ങൾ
ഹൃദയ ഭേദകം, കാഴ്ചകൾ കണ്ട്, അകം നീറി
തെരുവിൽ
തൊഴിലാളർക്കൊപ്പം നീ പാടി
കവിതതൻ പൂക്കളിൽ കിനിഞ്ഞ
തേൻകണങ്ങളിലാകവേ ചോരച്ചവർപ്പുകൾ

കവി സ്മരണയിൽ ഉൾപ്പുളകമായെഴുതിയ
വരികളിൽ കവിതയുണ്ടാമോ ?
കവിയുണ്ടാകുമോ ?
കാലം കണ്ണീർ വാർക്കുമോ ?



കവിയരങ്ങ്

# സമരമുഖത്തെ മഹാകവി

എൻ. ആർ. സി.നായർ



കരയാതിരിക്കാനെനിക്കാവതില്ല
കരൾ വെന്തനോവിലുദ് ഭൂതമീ കാഴ്ചയാൽ
വിറയാർന്ന കൈത്തലം പരതുന്നതെന്തിനോ
തറയൂറ്റിമുത്തിക്കുടിച്ച നിണത്തെയോ
കരൾ നീറി നീറിപ്പുകയും കനലൊളി
തെരുവിൽ നിറയ്ക്കുന്ന വർഗ വൈരത്തെയോ
തെരുവിന്നു ചോരക്ക ളമാണ് കാണുക
മരണം മുഴങ്ങും ശ്മാന മെന്നോർക്കുക
മഹിത മതാപിതാ സോദരരാണവർ
അതു കാൺക ചെമ്പട്ടു മൂടിക്കിടപ്പവർ
വിറപൂണ്ടകന്ന കബന്ധം ഭയത്തോടെ
നിറയെപ്പടചോര വാർത്തു വീഴ്ത്തിന്നിത
അത് കണ്ടു തേങ്ങി ക്കരയും നെരൂദയെ
ഒരു നോക്കു കാണാ നിറങ്ങി പകച്ചു പോയ്
അവിടെ നിന്നകലെ യല്ലാതെ കിടപ്പിത
നരകവും സ്വർഗ്ഗവും തീർത്ത മതങ്ങളും
അവിടെയാ നരകത്തി ലുണ്ടെന്റെ തെരുവിലെ
അടരിൽ മരിച്ച യോദ്ധാക്കൾ ഭിക്ഷാടകർ
പരിവർത്തനത്തിന്റെ



മാറ്റൊലി മായ്ക്കുന്ന മതിലുകൾ
തയ്ച്ചുടയ്ക്കാൻ വന്ന മാനവർ
അവിടെയങ്ങുയരത്തിലാ സ്വർഗ്ഗ വാതിലിൽ
അധികാര ചിന്നത്തി നൊപ്പം ജനിച്ചവർ
അവരിങ്ങു മിനിയും വരാതെ കാത്തീടുവാൻ
ഒരു കാവ്യ മെങ്ങോ ചമയ്ക്കും നെരൂദയും.

o

കവിയരങ്ങ്

# ജലത്തിൽ എഴുതിയ സുവർണ്ണാക്ഷരങ്ങൾ



ഹരിശ്ചന്ദ്രബാബു കാട്ടാക്കട

**ദു**രന്തത്തിന്റെ താഴ്വരയിലാണ് നീ ജനിച്ചത്,

വേരുകൾ അന്നേ ആ വേദനയുടെ കയ്പുനീർ
കുടിച്ചുകൊണ്ടിരുന്നു!

അച്ഛനും അമ്മയും നിഴലുകളായി
മാഞ്ഞൊരിടവഴിയിൽ കവിത കൂട്ടായി വന്നു,

സഹോദരന്റെ ചുമയിൽ മരണത്തിന്റെ
മണിയൊച്ചയോടെ നിന്നിൽ പ്രവേശിച്ചത് നീ
അറിഞ്ഞത് വൈകിയാണ്.

പിന്നെ, പ്രണയം വന്നു ഫാനിയുടെ രൂപത്തിൽ,
ദാരിദ്ര്യത്തിന്റെ മതിൽക്കെട്ടുകളോടും
രോഗത്തിന്റെ ഇരുണ്ട കാറ്റിനോടും ചേർന്ന്
അത് നിന്റെ ഉള്ളിലെ ജീവന്റെ കണികയെയും
കവർന്നെടുത്തു!

ഒടുവിൽ കവിതകൾ
അനാഥപ്രേതങ്ങളെപ്പോലെ അലഞ്ഞു!

അനുഭവത്തിന്റെ വാക്കുകൾ കൊണ്ട് നീ
സ്വന്തം ജീവിതത്തെ നിർവ്വചിച്ചു;

"എന്റെ പേര് ജലത്തിൽ എഴുതിയതാണ്."
റോമിലെ തണുത്തു മരവിച്ച നിന്റെ ശവകുടീരം
കണ്ണീർ വാർക്കുന്ന വാക്കുകളായി.

ഇന്ന് പാരിൽ നിന്റെ പേര് സുവർണ്ണ
ലിപികളിലാണ്!

അത്രയ്ക്കും ഭംഗിയുള്ള സത്യവും അതിലേറെ
സത്യമുള്ള ഭംഗിയും!



## കവിയരങ്ങ്

# ഓർഫ്യൂസ്

പ്രൊഫ. ടി.ഗിരിജ



ഏതു സംസ്കാരവൈപ്യതൃകം പേറിയാണ്
തമോമയ ഭൂമിയിൽ വന്നതും
ഭാഷ വേർതിരിയ്ക്കാത്ത പാട്ടിൻ പൊരുൾ
പാടിവന്ന ലയർ തൊട്ടുണർത്തിയതും

രാഗലോലം പ്രണയാക്ഷരങ്ങളെ
തൊട്ടുണർത്തിട്ടന്നീണങ്ങളിൽ സ്വയം
മുങ്ങിയും, നിവർന്നാലോലചേതസ്സാ
പുഞ്ചിരിയിൽ മിഴിനീരടക്കിയും

മുന്നിലുച്ഛ്വാസവായുവിൻ ലാളനം
പിന്നിലെത്തും ഗതകാലചിത്തനം
ഗായകാ! കവേ ഞങ്ങളോർക്കുന്നുനിൻ
ആർദ്രമാനസം തന്നിലെ റാണിയെ
കഷ്ടകാലം കടന്നെത്തിനാഗമായ,
കൊത്തിവീഴ്ത്തിയ നേരവും

വേദനച്ചിന്തു പാടാതെ നിശ്ചലം
പാവപോലാർദ്രനായങ്ങു കണ്ണടച്ചെങ്കിലും
മാഞ്ഞുമായും പ്രിയയ്ക്കായൊരുക്കിയാ-
നല്ല വാക്കുകൾ ഗാനരൂപം ധരി-
ച്ചെന്റെ മുന്നിൽ പറന്നുയർന്നീടവേ
സർവ്വതും മുക്തമാകുന്നു, ജീവിതം



പോലുമിന്നനാഥത്വമറിയവേ
പുഞ്ചിരിയ്ക്കാൻ മറന്നുനീ വേദനയ്ക്കി-
ല്ലളവുകോലെന്നറിയുന്നുവോ..?

പാടുവാൻ കഴിയാത്ത സ്വപ്നങ്ങളെ
നിന്നലക്കിയും നീ വെളുപ്പിയ്ക്കവേ
ഞാനറിയുന്നു  പാടാൻ മറന്നുവോ..?
ഓർഫ്യൂസെന്ന ഗായകൻ മാഞ്ഞുവോ..?

ഇരുളിലായിമറഞ്ഞു പോയെന്റെയാ-
പ്രണയവല്ലരിയ്ക്കായിപ്പിടയവേ
ഇരുളിൽ നിന്നൊരു ഭാഷണം..

"ഓർഫ്യൂസ്...! പാടു; നീയവൾക്ക്
പിന്നാലെയെത്തുമേ

സത്യമാണു ഞാൻ ചൊൽവതോർത്തീടുക;
പിൻതിരിഞ്ഞുനീ നോക്കേണ്ട...
എങ്കിലോ..
നീങ്ങിമാറും നിഴൽരൂപമാണവൾ
വേണ്ട...
സർവ്വതും  പാഴ്ശ്രമമായിടും."

നരകവാതിൽ തുറക്കുന്നു; ഗായകൻ
നീങ്ങിമുന്നോട്ടുപോകാൻ ശ്രമിയ്ക്കവേ
പിന്നിലായ് നിഴൽവീഴ്ത്താതെ ശാന്തമാ-
യെത്തിടുന്നവൾ ജീവന്റെ പാതിയായ്

മീട്ടിടുന്നു ശ്രുതിഭംഗമേറ്റിടാതെത്ര
രാഗങ്ങൾ മുന്നോട്ടുനീങ്ങവേ
മുന്നിലേയ്ക്കേ മിഴിതുറന്നീടുക
പോയതൊക്കെയും പുണ്യമെ-
ന്നരുളി നീയെന്റെ ഒപ്പം നടക്കുക.

പിൻതിരിഞ്ഞൊന്നു പാളിനോക്കാം..
'നിഴൽ പോലെമാഞ്ഞൊരാ തേജസ്സിനായി
ഞാൻ.'
ഇല്ല; നിശൂന്യവീഥിമാത്രം; ജീവനെവിടെയെന്നഹം
ചിന്തിച്ചിരിയ്ക്കവേ
ശമനസൗകുമാര്യങ്ങളെ

വിസ്തരിച്ചരികിലെത്തുന്ന
വൈതാളിക പ്രഭുവർഗ്ഗമെൻ
ചിന്തചുട്ടെരിയ്ക്കുമ്പൊഴും.

ഗാനമാണെന്റെ ജീവന്റെ ഈണമാ-
ണാർദ്രതേ കണ്ണുനീരിന്റെ ഊഷ്മള
സ്വേദരേണുക്കൾ വീഴുന്ന വീഥിയിലൂ
ടെത്രവട്ടം നടന്നു ഞാനേകനായ്

പിൻതിരിഞ്ഞൊരുമാത്ര നോക്കീ-
നിനക്കല്പവും ഗതിതെറ്റാതിരിയ്ക്കുവാൻ.
കാറ്റ്, പർവ്വതം, സാഗരം, പൂവുകൾ
ഒക്കെയും നിനക്കേകുമേ സാന്ത്വനം.
സർവ്വതും ശൂന്യമാവുന്നു ഗാനവും
ഗായകനുമെൻ ഗാനതന്തുക്കളും.
ഓർഫ്യൂസ്! നീ പരാജിതൻ,
ഈണങ്ങൾ നഷ്ടമായീ, ലയർ ഞാനെടുത്തിടാം
രാഗതാളങ്ങൾ ചോരാത്ത ഗാനമാ-
യിന്നു ഞാൻ ശ്രുതിശുദ്ധമായ് മൂളിടാം.

എവിടെയോ കേൾപ്പൂ ഞാനാനിലവിളി
കൊന്നിടുന്നുവോ അനശ്വരഗായകനെ !
ഓർത്തിടാം ഓർഫ്യൂസിനെ; കണ്ണുകൾ
ചേർത്തടച്ചവൻതൻ പ്രിയയ്ക്കായുമുൾ
ച്ചിന്തയൊന്നേ
ലയർ ദൂരെയിട്ടവൻ
പാടിടാതെ നിശ്ശബ്ദനായപ്പൊഴേ
പ്രകൃതിയും മൂകയായിച്ചമഞ്ഞുവോ..?

ഓർഫ്യൂസ്..! പാട്ടുമൂളാൻ മറന്നുവോ-
ഏകനായി നിൻ ഗാനങ്ങൾ നിശ്ചലം...

കവിയരങ്ങ്

# മൗനനൊമ്പരം...



പുഷ്പ അനിൽ

എൻ ഹൃദയവേദനയാൽ...
വിഷം കുടിച്ചപോൽ
ഉറക്കഗുളികയാ
ലെന്നിന്ദ്രിയങ്ങൾ മരവിച്ചു പോകുന്നു,
ഓർമ്മകളില്ലാ
താക്കുമീ ലെഥെ നദിയിലാണ്ടു പോകുന്നുവോ ?

വസന്തത്തിൻ ദേവതയാം
ഫ്ലോറയുടേയും പച്ചപ്പു നിറയും
ഗ്രാമാന്തരീക്ഷത്തിന്റെ, നൃത്തത്തിന്റെ,
പാട്ടുകളുടെ, സന്തോഷത്തിന്റെ...
രുചി പകരുമാ പഴക്കമേറും വീഞ്ഞൊന്നു
കുടിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...

അല്ലയോ രാപ്പാടി...
ഇലച്ചാർത്തുകളിലൂയലാടും നിനക്കറിയില്ലല്ലോ
ഈ മനുഷ്യനൊമ്പരം...
ലോകത്തിൻ ക്ഷീണവും രോഗാവസ്ഥകളും
ഉൽകണ്ഠകളും എൻ മറവിയിലാക്കണം
ആർത്തലക്കുമാ രോദനത്തിൽ
നിന്നുമെനിയ്ക്കങ്ങകലേക്കു പോകണം...



ചിന്താക്കുഴപ്പങ്ങളെൻ മനസ്സിനെ
തളർത്തുന്നുവെങ്കിലും

വീഞ്ഞിൻ ലഹരിയിലല്ല  കവിതതന്നദൃശ്യ
ചിറകിലേറി ഞാനിതാ നിന്നടുത്തേക്കു
പറന്നുയരുന്നു...
ഇരുളിന്നഗാധതയിൽ നിൽക്കുന്ന നേരത്തും
അറിയുന്നു  വസന്തകാലം നൽകും

സുഗന്ധത്തേയുമെങ്കിലുമെൻ കാൽക്കൽ
അറിയാതെ പോം എന്തൊക്കെ പൂക്കളെന്നോ
പൂക്കൾ തൻ സുഗന്ധമെന്തെന്നോ !
ഇരുളിൽ ലയിച്ചു നിൻ പാട്ടുകേൾക്കുമ്പോഴും
ശാന്തമാം മരണമെൻ മനതാരിൽ നിറയുന്നു...

അനശ്വര പക്ഷിതൻ  ഗാനം
നൂറ്റാണ്ടുകളായി കേട്ടു  ചക്രവർത്തിമാർ
സാധാരണക്കാർ പോൽ, ബൈബിളിലെ
ഏകാന്ത വനിതയാം  റൂത്തും.
രാപ്പാടി തൻ ഗാനം അകലേക്കു മറയുമ്പോൾ
ഒടുവിലാ ചോദ്യങ്ങൾ സ്വയം ചോദിക്കുന്നതും
"ഞാൻ കണ്ടത് ഒരു ദർശനമായിരുന്നോ,
അതോ സ്വപ്നമോ?
ഞാനിപ്പോൾ ഉണർന്നിരിക്കുകയാണോ
അതോ ഉറങ്ങുകയോ?”



# സ്വപ്നയാത്ര

കവിയരങ്ങ്

അനീഷ് ആർ. കെ



കടലിനെ മുത്തമിട്ടു പിറന്നുവീണു
പൊൻപുലരി
സ്വപ്നങ്ങൾതൻ ഭാരവുമേന്തി നടന്നു നീങ്ങി
മാരിയോ ...

ചിറകുകൾ വീശി ഉയരങ്ങൾ കൊതിച്ചിടും
ചെറുശലഭമായി മാറുന്നുവോ ഉള്ളം ...
സ്വപ്ന കൂടാരത്തിൽ വിളങ്ങിടും ഹൃദയം
പുതുലോക പിറവിയെ വരവേറ്റിടുന്നു
തിരമാല പോൽ ചീറിത്തെറിച്ചിടും ചിന്തകൾ
മാരുതനെക്കാളും മൃദുവെന്നു തോന്നും...

കത്തുകൾ കൊണ്ടുള്ള യാത്രയിൽ വീണ്ടും
പാബ്ലോ നെരൂദയാം ചിത്രം മാത്രം
വാക്കുകൾ തുന്നി കോർത്തൊന്നിണക്കിയ
കടലാസ് പേപ്പറിൽ ചോദ്യശരങ്ങൾ ...

കവിതതൻ ഭാവമിതെന്തെന്നാരാഞ്ഞു
മാരിയോ
അവയിലെ ജീവനും വെളിച്ചവും തേടി
നെരൂദ കാട്ടിയ രൂപകത്തിൻ പാതയിൽ
മാരിയോ കാണുന്നു , പ്രണയ ലോകത്തെ.

ചിറകുള്ള വാക്കുകൾ പാറിപ്പറന്നെത്തും
മാനവ ഹൃദയത്തിൻ അകത്തളത്തിൽ



തപാൽക്കാരനാം മാരിയോയിൽ നൽകി
ആത്മധൈര്യത്തിൽ കൊടുങ്കാറ്റുകൾ...

സത്യവും നീതിയും മുറുകെ പിടിച്ചവൻ
സംഗീത മഴയായി പെയ്തിറങ്ങുന്നു
നെരൂദയുടെ ചിന്തകൾ ശിരസ്സിൽ വഹിച്ചു
നീതിയുടെ ലോകം പണിതു മാരിയോ!

നെരൂദയുടെ വാക്കുകൾ ഇന്നുമെന്നും
തെളിയുന്നു
ഗുരുശിഷ്യബന്ധത്തിൻ പ്രതിഫലനമായി!

FILM VISION MONTHLY JUNE 2026 RS. 2/ RNI-KER BIL/2002/8043

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




**15th EDITION**
സത്യജിത് റായ് യുടെ
പഥേർ പാഞ്ജലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

| | | |
|---|---|---|
| Chief Editor | - | Dr. B. Radhakrishnan. |
| Associate Editors | - | Rajambika SS, Dr. Lalitha Gouri. |
| Sub Editors | - | Jyothishkumar P.S |
| Web & Graphic Design | - | PeerBey Software, Thrissur. |
| Circulation | - | Vinodkumar P. |
| Editor and Publisher | - | Dr.Sabu Sankar , General Secretary, FILCA, PB 2224, Trivandrum -10. Kerala. Ph: 80890 36090 E-mail : filcakerala@gmail.com |